

ol. 2 No. 12 ഗിരിദീപം JUNE 196



പത്രാധിപർ: ഫാദർ ജി. കഴിക്കച്ചാലിൽ

GIRI DEEPAM

ഗിരിദീപം

ദൈവത്തിനും രാജ്യത്തിനുംവേണ്ടി

പുസ്തകം 2] 1963 ജൂൺ [ലക്കം 12

കുട്ടികളോടും

വിദ്യാലയങ്ങൾ വീണ്ടും തുറന്നു. ആയിരമായിരം ബാലികാബാലന്മാർ ഹൃദയം നിറയെ പ്രതീക്ഷകളും കണ്ണുനിറയെ പുഞ്ചിരിയുമായി പാഠാലയങ്ങളിലേക്കു പുറപ്പെട്ടുതുടങ്ങി. പ്രതീക്ഷനിറഞ്ഞ ആ ഹൃദയങ്ങൾ നിരാശയുടെ നിലവറകളാകാതിരിപ്പാനും പുഞ്ചിരിനിറഞ്ഞ ആ കണ്ണുകൾ കണ്ണീരിന്റെ കയങ്ങളാകാതിരിപ്പാനും കുട്ടികളും രക്ഷാകർത്താക്കളും അധ്യാപകരും ആരംഭം മുതൽ ശ്രദ്ധിക്കണം.

പുരോഗതിയുടെ പ്രധാന മാർഗ്ഗമാണു വിദ്യാഭ്യാസം. മാറി മാറിവരുന്ന സാഹചര്യങ്ങളിൽ വിജയപൂർവം ജീവിക്കാനുള്ള മാനസ്സികവും ധാർമ്മികവും ശാരീരികവുമായ പരിശീലനം നേടുകയാണു വിദ്യാഭ്യാസത്തിന്റെ മൗലിക ലക്ഷ്യം. ദൈവത്തിനും രാജ്യത്തിനുംവേണ്ടി സേവനം ചെയ്യുവാൻ നാളത്തെ സുപ്രഭാതത്തിൽ രംഗത്തേക്കിറങ്ങാനുള്ള ധീരയോദ്ധാക്കളായിരിക്കണം ഇന്നത്തെ വിദ്യാർത്ഥികൾ. ഈ ചിന്തയൊന്നും കൂടാതെ ഒരുതരം വിനോദമായി വിദ്യാലയജീവിതം നയിക്കാനുള്ള പ്രവണതയാണു ഇന്നു മിക്ക കുട്ടികളിലും കാണുന്നതു്. സാമാന്യം ബുദ്ധിയുള്ള ചില കുട്ടികൾപോലും ഒരേ ക്ലാസ്സിൽത്തന്നെ രണ്ടും മൂന്നും കൊല്ലം തോറ്റുകിടന്നാലും അതെപ്പറ്റി അന്വേഷിക്കാൻ ആരുമില്ല. 20–23 വയസ്സായിട്ടും പത്താംക്ലാസ്സു് കടക്കാത്തവരില്ലെ! എന്നാൽഅതെ പ്രായത്തിൽ ബി. എ. യും എം. എ. യും ഐ. എ. എസ്. പോലും പാസ്സാകുന്ന കുട്ടികളും കേരളത്തിലുണ്ടു്. ഇതിൽ ആദ്യത്തെ കൂട്ടർ തീരെ മണ്ടന്മാരാണെന്നോ, രണ്ടാമത്തെക്കൂട്ടർ മഹാബുദ്ധിമാന്മാരാണെന്നോ അർത്ഥമാക്കേണ്ടതില്ല; ഒരു കൂട്ടർ ഒഴപ്പി; മറ്റെകൂട്ടർ വിവേകപൂർവം പഠിച്ചു. ഇങ്ങനെയൊരു വിചാരമോ കണക്കു കൂട്ടലോ നമ്മുടെ പല കാരണവന്മാക്കുമില്ല. എങ്ങനെയെങ്കിലും ഒരു സർട്ടിഫിക്കറ്റും ലഭിച്ചു് ഒരു ശിപായിജോലി കിട്ടിയാൽ മഹാഭാഗ്യം എന്നു കരുതുന്നവരും ഉണ്ടു്. "ഏതിലെയെങ്കിലും പോവട്ടെ, ഓരോന്നിനേറയും തലയിൽ വരച്ചുതുപോലെ വരും" എന്നു കരുതുന്നവരും കുറവല്ല. മലബാർ മലയോരങ്ങളിലാണെങ്കിൽ ആവശ്യത്തിനു സ്കൂളും സാമ്പത്തികസൗകര്യങ്ങളും ഇല്ല. ഉണ്ടെങ്കിൽത്തന്നെ ചില സ്ഥലങ്ങളിൽ പഠിക്കണമെന്നു കുട്ടികൾക്കോ പഠിപ്പിക്കണമെന്നു കാരണവന്മാക്കോ വിചാരമില്ല. നേരം വെളുക്കുമ്പോൾ മുതൽ സന്ധ്യവരെ അപ്പനും മക്കളും മലയിൽകിടന്നു പണിതന്നെയാണു്. എസ്. എസ്. എൽ. സി. പാസ്സായ ഒരൊറ്റ ആൾപോലും ഇല്ലാത്ത കുടിയേറ്റസ്ഥലങ്ങളും മലബാറിലുണ്ടു്. പ്രതികൂലസാഹചര്യങ്ങൾ വളരെയുണ്ടു് എങ്കിലും വിവേകക്കുറവാണു് പ്രധാന കാരണം. ഇതിന്റെയൊക്കെഫലം അനുഭവിക്കുവാൻ പോകുന്നതേയുള്ളു.

ആറു കുട്ടികളുള്ള ഒരു സാധാരണ വീട്ടിൽ മൂന്നു പേരെങ്കിലും ഹൈസ്കൂൾവിദ്യാഭ്യാസം പൂർത്തിയാക്കാൻ സാധിക്കുക ഒരു നേട്ടമാണു്, നിവൃത്തിയുണ്ടെങ്കിൽ എല്ലാ കുട്ടികളേയും ഹൈസ്കൂൾ വരെയെങ്കിലും പഠിപ്പിക്കുകയാണു് ബുദ്ധിപൂർവകം. ഇനിയുള്ളകാലം പണ്ടത്തെപ്പോലെ എല്ലാവരും മണ്ണിൽമാത്രം പണിയെടുത്തു ജീവിച്ചുകൊള്ളാമെന്നു കരുതരുതു്. അതിനു മാത്രം മണ്ണില്ല നമുക്കു്. മലബാറിൽപോലും മണ്ണു കിട്ടാനില്ലെന്നായി. പിന്നെ ഇനി എങ്ങോട്ടുപോകും! എങ്ങനെ ജീവിക്കും. അപ്പോൾ കുഞ്ഞുള്ള കോഴി അകലെ ചികയണം! ഇതെല്ലാം മനസ്സിലാക്കിക്കൊണ്ടാണു് ഗവണ്മെൻറു് വ്യവസായിക പുരോഗതിക്കുവേണ്ടി തീവ്രയത്നം ചെയ്യുന്നതു്. എത്രയെത്ര വ്യവസായശാലകളാണു് ഓരോ വർഷവും ഉയർന്നുവരുന്നതു്. ഈ വളർന്നുവരുന്ന വ്യാവസായികമണ്ഡലത്തിൽ കാലുകുത്താൻതന്നെ വിദ്യാഭ്യാസം അത്യന്താപേക്ഷിതമാണു്. കൃഷിക്കാണെങ്കിലും ശാസ്ത്രീയമായ അഭിവൃദ്ധിയും ശരിയായ ആദായവും കിട്ടണമെങ്കിൽ വിദ്യാഭ്യാസം ആവശ്യകമെത്ര. അങ്ങനെ ഏതു രംഗത്തിലായാലും വിജയപൂർവ്വം ജീവിക്കുവാൻ വിദ്യാഭ്യാസം ആവശ്യാവശ്യകമായിരിക്കുന്നു. ഈ ചിന്തയൊന്നും കുട്ടികൾക്കു ചെറുപ്പത്തിൽ കാണുകയില്ല. അതിനാൽ അവരെ എപ്പോഴും കർത്തവ്യനിരതരാക്കി മുന്നോട്ടനയിക്കുക രക്ഷാകർത്താക്കളുടേയും അധ്യാപകരുടേയും അതിപ്രധാനമായ കടമയാണു്. ചില വിദ്യാർത്ഥികളുടെ പെരുമാറ്റം കണ്ടാൽ ഇവർക്കു് അപ്പനും അമ്മയും ഇല്ലേ എന്നു തോന്നിപ്പോകും; പ്രത്യേകിച്ചു് ചില പുതുപ്പണക്കാരുടെ മക്കൾ! ഇങ്ങനെയുള്ളവരെ എങ്ങനെ പഠിപ്പിക്കും.! അതുകൊണ്ടു് കാരണവന്മാരുടെ ഉത്തരവാദിത്വം ആരും മറക്കരുതു്. പഠിപ്പിക്കാൻ വിട്ടന്ന മക്കളെ നന്നായി വളർത്തുക.

കാരണവന്മാരോടും

വെറും ക്ലാസ്സുകയറ്റം മാത്രമായിരിക്കരുതു് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. ജീവിതത്തിന്റെ ഏതവസ്ഥയിലും വിജയപൂർവ്വം ജീവിക്കാനുള്ള പരിശീലനമാണു് അത്യാവശ്യം. മഹാന്മാരുടെ ജീവിതമാതൃകകൾ കൺമുമ്പിൽ കണ്ടുകൊണ്ടു് വ്യക്തമായ ലക്ഷ്യത്തോടുകൂടി പഠിക്കണം. അമേരിക്കയിൽ വളരെ വിജയപ്രദമായി നടത്തുന്ന 4എച്ചു് (4H) ക്ലബുകളുടെ മാതൃക അനുകരണീയമാണു്. 4എച്ചു്: Head, Heart, Hand, Health– തല, ഹൃദയം, കൈയ്, ആരോഗ്യം ഈ നാലു ഘടകങ്ങളേയും വേണ്ടവിധം സമ്പന്നമാക്കുന്ന പരിശീലനമാണു് 4H ക്ലബുകൾ നല്കുന്നതു്. അതായതു്: വിജ്ഞാനവും വിവേകവും ഉൾക്കൊള്ളുന്ന ശിരസ്സു്. സ്നേഹമസൃണവും വിശാലവുമായ ഹൃദയം. അത്യധ്വാനം ചെയ്യുവാൻ തയ്യാറുള്ള കൈകൾ. ഇതിനെല്ലാം സഹായകമായ ആരോഗ്യം. ഈ നാലുകാര്യങ്ങളിലും ശ്രദ്ധിച്ചുകൊണ്ടു് വിദ്യാഭ്യാസം പൂർത്തിയാക്കുന്ന ഒരു തലമുറയാണു് നമുക്കും ആവശ്യം. കാരണം ഈമാതിരി പരിശീലനം സിദ്ധിച്ച തലമുറയ്ക്കു് ഈശ്വരവിശ്വാസവും സത്യസന്ധതയും ആദർശനിഷ്ഠയും കഠിനാധ്വാനവും വിനയവും ഉണ്ടായിരിക്കും. ഇതൊന്നും കൂട്ടാക്കാതെ ജീവിക്കുന്ന കുട്ടികളോടും അവരുടെ കാരണവന്മാരോടും ഒരു വാക്കേ പറയാനുള്ളു. "ഉപ്പു തിന്നുന്നവൻ വെള്ളം കുടിക്കും"! വിദ്യാഭ്യാസകാലംപാഴാക്കുന്നവൻ പിന്നീടു് കരയേണ്ടിവരും! അതിനാൽ ഇന്നത്തെ പ്രതീക്ഷകളും പൊട്ടിച്ചിരികളും പൊട്ടിത്തകരാതിരിക്കണമെങ്കിൽ ഇനിയെങ്കിലും സൂക്ഷ്മതയോടെ പഠിക്കുക; പഠിപ്പിക്കുക, ഇതാ പള്ളിക്കൂടം തുറന്നുകഴിഞ്ഞു!



ഗിരിദീപത്തെപ്പറ്റി രണ്ടു വാക്കു്

'ഗിരിദീപം' മൂന്നാംവയസ്സിലേക്കു പ്രവേശിക്കുകയാണു്. ഇനിയും ബാലാരിഷ്ടതകൾ മാറാത്ത നമ്മുടെ മാസികാശിശുവിനെ ഇതുവരെ താലോലിച്ചു് ഓമനിച്ചു വളർത്തിയ അഭ്യുദയകാംക്ഷികളോടും മാന്യ വരിക്കാരോടും ഹൃദയം തുറന്ന കൃതജ്ഞതയാണു് ഞങ്ങൾക്കുള്ളതു്. കുടിയേറ്റക്കാരുടെ സ്വന്തമായി ഒരു ശ്രുപതയും ശ്രുപതാദ്ധ്യക്ഷനും ഉണ്ടായതോടുകൂടി മലബാറിൽ ഒരു പുതിയ വെളിച്ചം ഉദയം ചെയ്തു. വിദ്യാഭ്യാസസ്ഥാപനങ്ങളും ആതുരാലയങ്ങളും ദേവാലയങ്ങളും മലബാറിന്റെ നാനാഭാഗങ്ങളിലും ഉയർന്നുവന്നു. പരിശ്രമശാലികളായ കുടിയേറ്റക്കാരുടെ ത്യാഗത്തിന്റേയും സേവനത്തിന്റേയും വില മലബാർജനത മുഴുവൻ ആസ്വദിക്കുന്നുണ്ടു്.

ശ്രുപതവകയായി ഒരു മുദ്രാലയത്തിന്റേയും പ്രസിദ്ധീകരണത്തിന്റേയും അഭാവം എളിയതോതിലാരംഭിച്ച സെന്റ് ജോസഫ്സ് പ്രസ്സും നമ്മുടെ ഗിരിദീപവും നികത്തി. കാര്യമായ മൂലധനമൊന്നുംകൂടാതെ ദൈവപരിപാലനയിൽ മാത്രം വിശ്വസിച്ചുകൊണ്ടു് ആരംഭിച്ച ഈ മുദ്രാലയവും മാസികയും അഭിവന്ദ്യപിതാവിന്റെ പരിലാളനയിലും വന്ദ്യ വൈദികരുടേയും ജനങ്ങളുടേയും പ്രോത്സാഹനത്തിലും മുന്നേറുകയാണു്. ശ്രുപതയുടെ ഔദ്യോഗിക ജിഹ്വയായി ഒരു മാസിക വേണമെന്നുള്ള വ. പിതാവിന്റെ ആഗ്രഹമാണു് നമ്മുടെ മാസികാശിശു.

പക്ഷേ, പത്രമാസികകളുടെ പുരോഗതി വരിക്കാരുടെ സഹകരണത്തിലും സന്മനസ്സിലുമാണല്ലോ ആശ്രയിച്ചിരിക്കുന്നതു്. മാന്യലേഖകന്മാരും വരിക്കാരും ഏജന്റന്മാരും നമ്മുടെ മാസികയെ ധാരാളമായി സഹായിക്കുന്നുണ്ടു്. എങ്കിലും അച്ചടിക്കടലാസിന്റെ ക്ഷാമവും അച്ചടി സാധനങ്ങളുടെ വിലക്കയറ്റവും മാസികയുടെ നടത്തിപ്പിൽ വളരെയധികം ഞങ്ങളെ ക്ലേശിപ്പിക്കുന്നുണ്ടെന്നുള്ള പരമാർത്ഥം പലരും മനസ്സിലാക്കുന്നില്ല. വരിസംഖ്യ എല്ലാരും ക്രമമായി തന്നിരുന്നെങ്കിൽ ഗിരിദീപം ഇത്രയേറെ വിഷമിക്കേണ്ടിവരുമായിരുന്നില്ല. എല്ലാ വീടുകളിലും മാസിക വരുത്തിയും വരിസംഖ്യ കൃത്യമായി അയച്ചും ഞങ്ങളെ സഹായിക്കുക. വരിസംഖ്യ മുടക്കുന്നതുമൂലം പത്രക്കാടലാസ് വാങ്ങേണ്ടസമയത്തു് ഭാരവാഹികൾ വളരെ പ്രയാസപ്പെടുന്നുണ്ടെന്നുള്ളകാര്യം മറക്കല്ലെ. മാസിക ചിലപ്പോൾ താമസിച്ചുപോകുന്നതും ഇതുകൊണ്ടാണു്.

ആരംഭത്തിൽ വളരെ ചെറിയ ഒരു വരിസംഖ്യയാണു ഞങ്ങൾ നിശ്ചയിച്ചതു്. ഈ ചെറിയതുക കടലാസിന്റെ വിലപോലുമാകുന്നില്ല. പരസ്യങ്ങളൊ മറ്റു് ആനുകൂല്യങ്ങളോ നമുക്കില്ല. ഈ സാഹചര്യത്തിൽ വരിസംഖ്യയിൽ അല്പം മാറ്റം വരുത്താനും ഞങ്ങൾ നിർബന്ധിതരായിരിക്കുകയാണു്. അടുത്തലക്കം മുതൽ ഒറ്റക്കോപ്പിക്കു് 18 ന.പയും വാർഷിക വരിസംഖ്യ 2 രൂപയുമായിരിക്കും. അതോടൊപ്പം മാസികയുടെ കെട്ടും മട്ടും കുറെക്കൂടി ആകർഷകമാക്കാനും തീരുമാനിച്ചിരിക്കയാണു്. ഇപ്രാവശ്യത്തെ കവർതന്നെ ഒരു മാതൃകയായി പുറപ്പെടുന്നു. ഇതുപോലെ ഓരോ മാസവും മനോഹരമായ കവർചിത്രത്തോടും രസകരങ്ങളും വിജ്ഞാനപ്രദങ്ങളുമായ സാഹിത്യസംഭാവനകളോടുംകൂടി ഗിരിദീപം നിങ്ങളുടെപക്കൽ എത്തും. വന്ദ്യ പിതാവിന്റെ കത്തു നമ്മുടെ ഓമനകുഞ്ഞുങ്ങൾക്കും കുടുംബത്തിനും ഒരനുഗ്രഹമാണു്. വികാരഭരിതമായ കുടിയേറ്റചരിത്രം നമുക്കഭിമാനകരമാണു്. ഗിരിദീപത്തിന്റെ വരിക്കാരല്ലാത്തവർ ഉടനെ വരിക്കാരായി ചേരുക. അനാവശ്യമായി ചിലവാക്കുന്ന പണം ഗിരിദീപത്തിനു മാറ്റിവയ്ക്കുക. ഈ നല്ല മാസിക നിങ്ങളുടെ കുടുംബത്തിനൊരലങ്കാരമാവട്ടെ.

വിദ്യാഭ്യാസ പരിഷ്കരണം

വിദ്യാഭ്യാസ രംഗത്തുള്ള ഏതു മാറ്റവും വളരെ ചിന്തിച്ചുമാത്രം നടപ്പാക്കേണ്ടതാണു്. പരീക്ഷണം നടത്തി ഫലം അറിയേണ്ട ഒന്നാണു് വിദ്യാഭ്യാസമെന്നുള്ള മനഃസ്ഥിതി തികച്ചും ആക്ഷേപാർഹമാണു്. നമ്മുടെ വിദ്യാഭ്യാസനിലവാരം ഇത്രമാത്രം അധഃപതിച്ചതുതന്നെ കാലാകാലങ്ങളിൽ പരീക്ഷിച്ചു് പരാജയമടഞ്ഞ വിദ്യാഭ്യാസപരിഷ്കാരങ്ങളാലാണല്ലോ. മദ്രാസ്സ് മന്ത്രിയായിരുന്ന ആവനാശാലിംഗം ചെട്ടിയാരുടെ അന്നത്തെ പരീക്ഷണം ഒരുനാശംതന്നെയായിരുന്നില്ലെ? അടുത്ത അദ്ധ്യയനവർഷം മുതൽ ഏതാനും സ്കൂളുകളിൽ നടപ്പാക്കാനുദ്ദേശിക്കുന്ന സെഷ്യണൽ സമ്പ്രദായത്തെപ്പറ്റി എന്തെങ്കിലും പ്രചരിക്കുന്നതു് അനുചിതസമയോചിതമായിരിക്കും. എങ്കിലും പുതിയ ഏതു പരിഷ്കാരവും അതിന്റേതായ ദൃഷ്യവലയത്തിൽ കൂടുങ്ങുമെന്നുള്ളതിനു് പൂർവ്വചരിത്രം സാക്ഷ്യം വഹിക്കുന്നുണ്ടു്. സാമ്പത്തികമായി സ്റ്റേയിറ്റിനു് ആദായകരമെങ്കിലും വിദ്യാഭ്യാസപരമായി കുട്ടികൾക്കു് ഗുണകരമാണോ എന്നുകൂടി കണക്കിലെടുത്തുവേണം ഏതു പരിഷ്കാരവും സംവിധാനം ചെയ്യേണ്ടതു്. അദ്ധ്യയന ദിവസങ്ങൾ പട്ടം പൊരിച്ചെടുക്കുന്നതുപോലെ വർദ്ധിപ്പിക്കാതെ ശനിയാഴ്ചദിവസംകൂടി സാദ്ധ്യയന ദിവസമാക്കാതെ, വിദ്യാഭ്യാസനിലവാരം ഉയർത്താം. ചുരുക്കത്തിൽ, നല്ലതുപോലെ പഠിപ്പിക്കുവാൻ അധ്യാപകരെ പ്രോത്സാഹിപ്പിക്കുക, വിദ്യാഭ്യാസസ്ഥാപനങ്ങൾ ശരിയായി നടത്തുവാനുള്ള സ്വാതന്ത്ര്യം ഗവണ്മെന്റു് വിദ്യാലയാധികൃതർക്കനുവദിക്കുക, സ്കൂളുകൾ നടത്തുന്ന മാനേജ്മെന്റുകൾ കച്ചവടമനഃസ്ഥിതി അവസാനിപ്പിക്കുക. പാവനമായ സരസ്വതിക്ഷേത്രങ്ങളിലെ നാഥനില്ലാസമ്പ്രദായം പാടെ നിറുത്തലാക്കുക. എങ്കിൽ നമ്മുടെ വിദ്യാഭ്യാസനിലവാരം ഉയരും. തീർച്ചതന്നെ.

കുട്ടികൾക്ക് വന്ദ്യപിതാവിന്റെ കത്ത്



വാത്സല്യ കുഞ്ഞുങ്ങളെ,

ഏപ്രിൽ മെയ് മാസങ്ങൾ മുഴുവൻതന്നെ ഞാൻ യാത്രയിലായിരുന്നു. പല പള്ളികളിലും വിസീത്ത നടത്തുകയും പല ചടങ്ങുകളിൽ സംബന്ധിക്കുകയും ചെയ്തു. മേയ് 19-ാംതിയതി ഞായറാഴ്ച ബത്തേരി അടുത്തുള്ള മീനങ്ങാടിയിൽ ഞാൻ സംബന്ധിച്ച ഒരു ചടങ്ങിനെപ്പറ്റി നിങ്ങളെ അറിയിക്കുവാൻ ആഗ്രഹിക്കുന്നു.

തിരുവല്ലാശ്രുപതവക ഒരു മിഷൻ കേന്ദ്രത്തിന്റെ ഉൽഘാടനമാണ് അന്നു രാവിലെ പത്തു മണിക്ക് മീനങ്ങാടിയിൽ നടന്നതു്. കോഴിക്കോട് ശ്രുപതയിലേയും തിരുവല്ലാ ശ്രുപതയിലേയും അഭിവന്ദ്യ മെത്രാന്മാരും ഞാനും പല ബ. വൈദികരും അനേകം ജനങ്ങളും അവിടെ സന്നിഹിതരായിരുന്നു. യാക്കോബായ സഭാംഗങ്ങളുടെ പുനരൈക്യത്തിനുവേണ്ടി പ്രവർത്തിച്ചുവരുന്നവിവരം നിങ്ങൾക്കറിവുള്ളതാണല്ലോ. കേരളത്തിൽ ഇന്ന് ഏകദേശം പത്തുലക്ഷത്തോളം യാക്കോബായ ക്രിസ്ത്യാനികളുണ്ട്. ഇവരിൽനിന്നും കത്തോലിക്കസഭയുമായി പുനരൈക്യപ്പെട്ടവരാണ് സീറൊ മലങ്കര റീത്തിൽപ്പെട്ടവർ. തിരുവനന്തപുരം അതിശ്രുപതയിൽ ഒരു ലക്ഷവും തിരുവല്ല ശ്രുപതയിൽ കാൽ ലക്ഷവും സീറാ മലങ്കര റീത്തുകാരായ കത്തോലിക്കരുണ്ട്.

ഇന്ന് യാക്കോബായക്കാർ എന്ന പേരിൽ അറിയപ്പെടുന്ന ക്രിസ്ത്യാനികളുടെ പൂർവ്വികന്മാർ ഒരു കാലത്തു നമ്മുടെ സഭയുടെ അംഗങ്ങളായിരുന്നു. 1653 ൽ നടന്ന കൂപ്രസിദ്ധമായ "കൂനൻ കുരിശു സത്യ"ത്തെ തുടർന്ന് കേരള സുറിയാനി സഭയിലുണ്ടായ ഒരു ഭിന്നത മൂലമാണ് അവർ സഭ വിട്ടുപോകുവാൻ ഇടയായതു്. സുറിയാനി കത്തോലിക്കരുടെമേൽ ലത്തീൻറീത്തും ഭരണവും അടിച്ചേൽപ്പിക്കുവാൻ ഗോവായിലെ പോർട്ടുഗീസ് സഭാധികാരികൾ നടത്തിയ അവിവേകമായ ശ്രമത്തിന്റെ ഫലമായിട്ടാണ് ഇപ്രകാരം ഒരു ഭിന്നിപ്പ് ഉണ്ടായതു്. സങ്കടകരമായ ആ സംഭവങ്ങളെപ്പറ്റി നിങ്ങൾ കുറെയൊക്കെ കേട്ടിട്ടുണ്ടായിരിക്കുമല്ലോ. കേരള സുറിയാനി സഭാചരിത്രം നിങ്ങൾ ശരിയായി പഠിച്ചിരിക്കണം. നമ്മുടെ വിശ്വാസവും ആചാരക്രമങ്ങളും സംരക്ഷിക്കുവാൻ നമ്മുടെ പൂർവ്വപിതാക്കന്മാർ നമ്മുടെ പല അഭിവന്ദ്യ തിരുമേനിമാരും ബ. വൈദികരും ആത്മീയ പ്രേഷിതരും അനേകനാളുകളായി അനുഭവിക്കേണ്ടിവന്ന ത്യാഗങ്ങളും ഞെരുക്കങ്ങളും എത്രയധികമായിരുന്നെന്നു് അപ്പോൾ മനസ്സിലാകും.

1653 ൽ ഉണ്ടായ ഭിന്നിപ്പ് തീർത്തു് യാക്കോബായക്കാരെ സഭയിലേയ്ക്കു സ്വീകരിക്കുന്നതിനുള്ള ശ്രമങ്ങൾ അന്നു മുതൽ നടന്നുകൊണ്ടിരിക്കുകയായിരുന്നു. മൂന്നു നൂറ്റാണ്ടു കാലങ്ങൾക്കുശേഷമാണ് ആ ശ്രമം കുറെയെങ്കിലും സഫലമായതു് 1930 സെപ്റ്റംബർ 20-ാം തിയതി പൂജ്യസ്മരണാർഹരായ ഇവാനിയോസ് മെത്രാപ്പോലീത്താതിരുമേനിയും തിയോഫിലോസ് മെത്രാൻ തിരുമേനിയും ക. സഭയുമായി പുനരൈക്യപ്പെട്ടതിനെ തുടർന്നു ഒരു ലക്ഷത്തിലധികം യാക്കോബായക്കാർ സഭയുമായിട്ടു് പുനരൈക്യപ്പെട്ടിട്ടുണ്ട്. ഈ പ്രവർത്തനം ഇപ്പോൾ തിരുവനന്തപുരം അതിശ്രുപതയുടെ മെത്രാപ്പോലീത്തയായ മാർ ഗ്രിഗോറിയോസ് തിരുമേനിയുടേയും തിരുവല്ലാ ശ്രുപതയുടെ മെത്രാനായ മാർ അത്തനാസിയൂസ് തിരുമേനിയുടേയും നേതൃത്വത്തിൽ വിജയകരമായി പുരോഗമിക്കുകയാണു്. തിരുവല്ലാ ശ്രുപതക്കാരായ ബ: വൈദികർ മലബാറിൽ ഇരുപതോളം സ്ഥലങ്ങളിൽ പള്ളികൾ സ്ഥാപിക്കുകയും പല യാക്കോബായ കുടുംബങ്ങളേയും കത്തോലിക്കസഭയുമായി പുനരൈക്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മീനങ്ങാടിയിൽ പുതിയ മിഷൻകേന്ദ്രം ഉൽഘാടനം ചെയ്ത ദിവസം തന്നെ പല യാക്കോബായ കുടുംബങ്ങളും സഭയുമായി പുനരൈക്യപ്പെടുകയുണ്ടായി.

വാത്സല്യ കുഞ്ഞുങ്ങളെ,

നമ്മുടെയിടയിലുള്ള എല്ലാ ക്രിസ്തീയ സഭാംഗങ്ങളും മാതൃഭവനമായ കത്തോലിക്കസഭയിലേക്കു വരുന്നതിനു വേണ്ടി നിങ്ങൾ പ്രത്യേകം പ്രാർത്ഥിക്കണം. മാർപ്പാപ്പാ സുനഹദോസ് നടത്തുന്നതിന്റെ ഒരുദ്ദേശ്യം ക്രിസ്തീയ സഭകളുടെ പുനരൈക്യമാണു്. ക്രിസ്തു ഒരു സഭ മാത്രമെ സ്ഥാപിച്ചിട്ടുള്ളുവെന്നു് നിങ്ങൾക്കറിയാം. എന്നാൽ ക്രിസ്തീയ സഭകൾ എന്ന പേരിൽ പല സഭകൾ ഇന്നു കാണപ്പെടുന്നുണ്ടു്. അവയൊന്നും ക്രിസ്തു സ്ഥാപിച്ചതല്ല. ക്രിസ്ത്യാനികൾ എന്ന പേരിൽ അറിയപ്പെടുന്ന എല്ലാവരും ഒരേ സഭയുടെ അംഗങ്ങളായി തീരുന്നതിനുവേണ്ടി നമുക്കു പ്രാർത്ഥിക്കാം. അതാണ് ക്രിസ്തുവിന്റെ ആഗ്രഹം.

പ്രിയ കുഞ്ഞുങ്ങളെ!

ജൂൺമാസം ഈശോയുടെ തിരുഹൃദയത്തോടുള്ള ഭക്തിക്കായി പ്രത്യേകം പ്രതിഷ്ഠിച്ചിരിക്കുന്ന മാസമാണല്ലൊ. നമ്മുടെ ഒരോ കുടുംബവും തിരുഹൃദയത്തിനു് പ്രതിഷ്ഠിച്ചെങ്കിൽ മാത്രമെ അവിടെ സന്തോഷത്തിന്റെയും, സമാധാനത്തിന്റെയും അന്തരീക്ഷം ഉണ്ടാകയുള്ളു. തിരുഹൃദയപ്രതിഷ്ഠ നടത്താത്ത ഏതെങ്കിലും കുടുംബങ്ങൾ ഉണ്ടെങ്കിൽ കഴിയുന്നതും വേഗം അതു നടത്തുവാൻ നിങ്ങൾ തന്നെ ഉത്സാഹിക്കണം. ബഃ വികാരിയച്ചനോടു പറഞ്ഞാൽ അദ്ദേഹം വീട്ടു് വെഞ്ചരിച്ചു് തിരുഹൃദയപ്രതിഷ്ഠ നടത്തും. തിരുഹൃദയത്തിന്റെ ഒരു രൂപമൊ, പടമൊ ഉണ്ടായിരുന്നാൽ മതി. തിരുഹൃദയപ്രതിഷ്ഠ നടത്തുന്ന ദിവസവും എല്ലാ മാസാദ്യവെള്ളിയാഴ്ചകളിലും കുടുംബാംഗങ്ങൾകുമ്പസാരിച്ചു് ദിവ്യകാരുണ്യം സ്വീകരിക്കുവാൻ ഉത്സാഹിക്കണം.

ജൂൺ ആരംഭത്തിൽ തന്നെ സ്കൂളുകളൊക്കെ തുറന്നു് പഠനം ആരംഭിക്കുമല്ലൊ. ആദ്യം മുതല്ലു തന്നെ ഉത്സാഹിച്ചു പഠിക്കണം. പരീക്ഷ ആകുമ്പോൾ മാത്രം പഠിക്കുവാൻ ശ്രമിക്കുന്നവരാണു് പരീക്ഷയിൽ തോല്ലുവാൻ ഇടയാകുന്നതു്. ഇക്കൊല്ലം നമ്മുടെ രൂപതയിലെ എല്ലാ ഹൈസ്കൂളുകളിലും പബ്ലിക്ക പരീക്ഷയിൽ നല്ല ശതമാനം കുട്ടികൾ പാസ്സായിട്ടുണ്ടെന്നു് കാണുന്നതിൽ അതിയായി സന്തോഷിക്കുന്നു. പാസ്സായ കുട്ടികളേയും അവരെ പഠിപ്പിക്കുന്ന അദ്ധ്യാപകരേയും ഞാൻ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. ഏററവും വലിയ വിജയം കരസ്ഥമാക്കിയ തിരുവമ്പാടി ഹൈസ്കൂളിലെ അദ്ധ്യാപകരേയും, കുട്ടികളേയും കൂട്ടത്തലായി അഭിനന്ദിക്കുന്നു. ആ സ്കൂളിൽ 93 ശതമാനം പാസ്സായിട്ടുണ്ടു്. അതു് നമുക്കെല്ലാവർക്കും അഭിമാനകരമാണു്.

പരീക്ഷയിൽ പരാജിതരായവരും നിരാശപ്പെടാതെ ആദ്യം മുതൽ ഉത്സാഹിച്ചു് പഠിക്കുക. തോൽവി പലപ്പോഴും വിജയത്തിലേക്കുള്ള ചവിട്ടപടിയാണു്. എളിമപ്പെടുവാനും കൂടുതൽ വിജയങ്ങൾ ഭാവിയിൽ ഉണ്ടാകുവാനും തോൽവി പലപ്പോഴും കാരണമായിട്ടുണ്ടു്. നല്ല ദൈവം നിങ്ങളേവരെയും ധാരാളമായി അനുഗ്രഹിക്കട്ടെ.

സ്നേഹാശിസ്സുകളോടെ

നിങ്ങളുടെ വത്സലപിതാവു്

+ Sebastian Vallopilly

തലശ്ശേരി,
31-5-'63.



ഈശോയുടെ തിരുഹൃദയത്തിനു മനുഷ്യവർഗ്ഗത്തെമുഴുവൻ പ്രതിഷ്ഠിച്ചുകൊണ്ടുള്ള ജപം

ഏററവും മാധുര്യവാനായ ഈശോ മനുഷ്യവർഗ്ഗത്തിന്റെ രക്ഷിതാവേ, അങ്ങേ ബലിപീഠത്തിങ്കൽ ഏററം വലിയ എളിമയോടുകൂടി സാഷ്ടാംഗപ്രണാമം ചെയ്യുന്ന ഞങ്ങളെ അങ്ങു് തൃക്കൺപാർക്കണമെ. ഞങ്ങൾ അങ്ങയുടേതാകുന്നു. അങ്ങയുടേതായിരിപ്പാൻ ഞങ്ങൾ ആഗ്രഹിക്കയും ചെയ്യുന്നു. അങ്ങയോടു് ഏററം ഉറപ്പായി യോജിച്ചിരിപ്പാൻ വേണ്ടി ഇതാ ഇന്നു ഞങ്ങൾ ഓരോരുത്തരും പൂർണ്ണമനസ്സോടെ ഞങ്ങളെ അങ്ങേ എത്രയും പരിശുദ്ധ ഹൃദയത്തിനു പ്രതിഷ്ഠിക്കുന്നു. എന്നാൽ അനേകം പേർ അങ്ങയെ ഒരിക്കലും അറിഞ്ഞിട്ടില്ല. മറനേകം പേർ അങ്ങയുടെ പ്രമാണങ്ങളെ നിരസിച്ചുകൊണ്ടു് അങ്ങയെ ഉപേക്ഷിച്ചിരിക്കയും ചെയ്യുന്നു. കരുണാനിധിയായ ഈശോ, ഈ ഇരുസ്ഥിതിക്കാരുടെമേലും കൃപയുണ്ടായി എല്ലാവരേയും അങ്ങയുടെ തിരുഹൃദയത്തിലേയ്ക്കു് ആകർഷിക്കണമെ. കത്താവെ, ഒരിക്കലും അങ്ങയെ വിട്ടുപിരിയാത്ത വിശ്വാസികളുടെ മാത്രമല്ല അങ്ങയെ ഉപേക്ഷിച്ച ധൂർത്തപുത്രരുടെയും രാജാവു് അങ്ങു് ആകണമെ. ഇവർ കഷ്ടതയും പട്ടിണിയുംകൊണ്ടു് നശിക്കാതിരിപ്പാൻവേണ്ടി വേഗത്തിൽ തങ്ങളുടെ പിതാവിന്റെ ഭവനത്തിലേക്കു് പിൻതിരിഞ്ഞു വരുവാൻ ഇടയാക്കണമെ. അബദ്ധാഭിപ്രായങ്ങളാൽ വഞ്ചിക്കപ്പെട്ടകയോ ഭിന്നതമൂലം വേർപെട്ടനില്ക്കുകയോ ചെയ്യുന്നവരുടേയും രാജാവു് അങ്ങു് ആകണമെ. വേഗത്തിൽ ഒരാട്ടിൻകൂട്ടവും ഒരിടയനുമാകുവാൻവേണ്ടി ഇവരെ സത്യത്തിന്റെ ഉറവുഖത്തേയ്ക്കും വിശ്വാസത്തിന്റെ ഐക്യത്തിലേയ്ക്കും തിരികെ വിളിക്കുകയും ചെയ്യണമെ കത്താവേ, അങ്ങേ തിരുസ്സഭയ്ക്കു് ഭദ്രമായ സ്വാതന്ത്ര്യവും ആപത്തുകളിൽ അഭയവും നൽകണമെ. "നമുക്കു് രക്ഷനൽകിയ ഈശോയുടെ തിരുഹൃദയത്തിനു സ്തുതിയും എന്നന്നേയ്ക്കുമുള്ള മഹത്വവും ബഹുമാനവും ഉണ്ടാകുമാറാകട്ടെ" എന്ന ഏകസ്വരം ലോകത്തിന്റെ ഒരെതിർത്തിമുതൽ മറേറ അതിർത്തിവരെ എല്ലായിടത്തും മുഴങ്ങുവാനും അങ്ങു് ഇടവരുത്തണമെ. ആമ്മേൻ.

കൊള്ളക്കാരി

ജി. സി. ടീലാർ

അന്തോണിയാ അവലോബ

"അവളുടെ ചരിത്രം കേൾക്കണമെന്നല്ലെ നിങ്ങൾക്കു രണ്ടുപേക്കും. എന്നാൽ കേട്ടുകൊള്ളുക. ഇത്ര അസാധാരണമായ പാടവം കാണിച്ചിട്ടുള്ള സ്ത്രീകൾ കേരളത്തിൽ വേറെ കാണുകയില്ല. തിരുവനന്തപുരത്തിൽ തെക്കു, പുല്ലുവിളയാണു് അവളുടെ സ്വദേശം. അന്തോണിയ അവലോബ എന്നാണു് പേരു്. 25നുമേൽ പ്രായം കാണും. കഴിഞ്ഞ 25-ാംനു വൈകുന്നേരം അവൾ പാളയം മാർക്കറ്റിൽ വന്നു. ഇറച്ചിക്കടയായിരുന്ന അവളുടെ ഉന്നം. ഇറച്ചിക്കടയിൽ മിക്കവാറും ആൾത്തിരക്കാണു്. അതാണു് അവൾക്കു് വേണ്ടിയിരുന്നതും. ഒരു ക്ലേശംകൂടാതെ അവൾ ഏറ്റം തിരക്കുപിടിച്ച സ്ഥലത്തേയ്ക്കു നീങ്ങി. ജനസമുദ്രത്തിൽ അവൾ മറഞ്ഞു, നഴഞ്ഞുകയറത്തിൽ, എതിരെനിന്നിരുന്ന ഒരു യുവാവു് അടിതെറ്റി വീണുപോയി. അയാളുടെ മീതേയ്ക്കു് അവളും മറിഞ്ഞു. ഭയാക്രാന്തനായ യുവാവു് അവളെ തട്ടിനീക്കിയിട്ടു് പിടഞ്ഞെഴുന്നേറ്റു. ഒരു പുരുഷൻ തന്റെ ദേഹത്തു തൊട്ടതിലുള്ള നീരസം പ്രകടിപ്പിച്ചുകൊണ്ടു് അവൾ എങ്ങോട്ടോ ഓട്ടകയുംചെയ്തു.

ഇറച്ചിക്കടയിൽ കൊടുക്കുവാനുള്ള പണത്തിനു വേണ്ടി യുവാവു് തന്റെ പോക്കറ്റിൽ കൈയിട്ടു. അവിടെ സൂക്ഷിച്ചിരുന്ന പേഴ്സ് കാണാനില്ല. ഉരുണ്ടുവീണ സ്ഥലത്തുനോക്കി. അവിടെയും കണ്ടില്ല വീണ്ടും കഴിഞ്ഞു് എഴുന്നേറ്റോടിയ യുവതിയുടെ മേൽ അയാൾക്കു ബലമായ സംശയം ജനിച്ചു. വിവരം പോലീസിൽ അറിയിക്കുകയുംചെയ്തു. പോലീസ് അന്തോണിയായെ തേടിനടക്കാൻ തുടങ്ങി. അവൾ പോയ വഴിക്കാണു രണ്ടുപേർ തിരിഞ്ഞതു്. അവളെ അവർ തടഞ്ഞുനിറുത്തി ചോദ്യംചെയ്തു. മാനമുള്ളവരെ അപമാനിച്ചാൽ, കളിമാറുമെന്നായി അവൾ. എന്നാലും പോലീസുകാർ വിട്ടുകൊടുത്തില്ല. ബ്ളൗസിനിടയ്ക്കു് അസാധാരണമായി മുഴച്ചിരിക്കുന്ന സാധനം എന്തെന്നായി അവരുടെ ചോദ്യം. മിന്നൽവേഗത്തിൽ അവൾ ആ യുവാവിന്റെ പോക്കറ്റെടുത്തു് സ്വന്തം ബ്ളൗസിനിടയിൽ കടത്തിവച്ചിരിക്കയായിരുന്ന ആപേഴ്സ്. അന്തോണിയ അവലോബ ഒരു പ്രത്യുല്പന്നമതിയാണെന്നുള്ള അഭിപ്രായമായിരിക്കുമല്ലൊ ലീലാമ്മയ്ക്കു്.

കേരളത്തിലെ ഏറ്റവും വഞ്ചകിയും കള്ളിയുമായ ഒരു പുംശ്ചലിയോടു തന്നെ താരതമ്യപ്പെടുത്തുകയൊ! ലീലാമ്മയ്ക്കു് അതു സഹിച്ചുകൂടായിരുന്നു. അവളുടെ രണ്ടുകണ്ണുകളും നിറഞ്ഞു. തന്റെ സൗന്ദര്യം വർദ്ധിപ്പിക്കുവാൻ വേണ്ടി ഒരിക്കൽ ഒരാൾ ഒരു ലാടൻ നല്കിയ തങ്കഭസ്മം സേവിച്ചു എന്നു കേട്ടിട്ടുണ്ടു്. സൗന്ദര്യത്തിനുവേണ്ടി വളരെനാൾ കാത്തുനില്ക്കുവാൻ അയാൾക്കു ക്ഷമയുണ്ടായിരുന്നില്ല. അതിനാൽ അളവിൽ കൂടുതൽ മരുന്നാണു് അയാൾ സേവിച്ചതു്, ഒരുനേരം. അതോടെ തലകറക്കവും രക്തമൊഴിച്ചിലും പിടിപെട്ട അയാൾ മരണത്തിന്റെ പടിക്കൽ എത്തി എന്നാണു് പലരും വിചാരിച്ചതു്. എങ്കിലും പ്ലെയിനിൽ പറന്നുവന്ന വിദഗ്ധനായ ഒരു ഡോക്ടർ അയാളെ രക്ഷിച്ചു. പണനഷ്ടത്തിനുപുറമെ അയാൾക്കുണ്ടായിരുന്ന സൗന്ദര്യംകൂടി പറന്നുപോയി.

ഏകദേശം അങ്ങനെയാണു പറ്റിയതു് ലീലാമ്മയ്ക്കും. സ്വന്തം കീർത്തി പരത്തുവാൻ അവൾ മറ്റുരുടേയും തങ്കഭസ്മം സേവിച്ചില്ല. നാക്കുകൊണ്ടു് കീർത്തി ഒപ്പിയെടുക്കുവാനാണു് അവൾ ശ്രമിച്ചതു്. ധ്രുവപ്രദേശങ്ങളിൽ ചെന്നാലുള്ള വേട്ടയാടുന്ന ഒരു സമ്പ്രദായത്തെപ്പറ്റി പലരും കേട്ടിട്ടുണ്ടായിരിക്കും. ഒരു കഠാരിയുടെ വായ്ത്തലയ്ക്കു രക്തം പുശി അതു മഞ്ഞുകട്ടയിൽ കുത്തിനിറുത്തുകയാണു്. രക്തത്തിന്റെ മണം പിടിച്ചു് ഒരു ചെന്നായ് കഠാരിയുടെ സമീപത്തേയ്ക്കു വരുന്നു. അതു രക്തം നക്കിയെടുക്കുവാൻ തുടങ്ങുകയായി. നാക്കു മുറിയുന്നതു് അതറിയുന്നില്ല. സ്വന്തം രക്തം കഠാരിയേലെ രക്തമാണെന്നു് അതു കരുതുന്നു. നക്കുംതോറും മുറിയുക, മുറിയുംതോറും നക്കുക. ഒടുവിൽ അതിന്റെ ശരീരത്തിലെ രക്തം മുഴുവൻ അതിന്റെ ആമാശയത്തിലെത്തുകയാണു്. അതോടെ ചെന്നായ് മരിഞ്ഞുവീണു ചാകയുംചെയ്യും.

കൂടുതൽ സംസാരിക്കുന്ന പുരുഷന്മാരും സ്ത്രീകളും കഠാരിയേലെ രക്തം നക്കിക്കുടിക്കുന്ന ചെന്നായ്ക്കളെപ്പോലെയാണു്. ലീലാമ്മ ഒരു പാഠം പഠിച്ചു എന്നു കരുതിയാൽ അതു വിഡ്ഢിത്തമായിരിക്കും. അമ്മച്ചിയോടും രാജമ്മയോടും ഒട്ടങ്ങാത്ത അമർഷമാണവൾക്കുണ്ടായതു്. അസൂയക്കും കഷണ്ടിക്കും മരുന്നില്ലെന്നു പറയാറുണ്ടല്ലൊ, അവർ രണ്ടുപേരുടേയും ഹൃദയം അസൂയതൊണ്ടു നിറഞ്ഞിരിക്കുന്നതുകൊണ്ടാണു് തന്നോടിത്ര പുച്ഛമായി അവർ പെരുമാറുന്നതെന്നു അവൾ വിചാരിച്ചു. എന്നാലും അവൾ ഒന്നു മനസ്സിലാക്കി. തന്റെ മഹത്വങ്ങളുടെ നേരെ തുറന്ന കണ്ണുകൾ ഉപയോഗിക്കുന്ന ആ സംസ്ക്കാരശൂന്യരോടു് അധികം പറയാതിരിക്കുന്നതാണു് നന്നെന്നു്.

കൊള്ളക്കാരി പുട്ളി

ഇതിനകം രാജമ്മയ്ക്കു് മറ്റൊരു കഥ പഴയ ഏടുകളിൽനിന്നും കൊത്തിയെടുക്കുവാൻ കഴിഞ്ഞു. അവൾ പറയുകയാണു്: "അമ്മച്ചീ, ഞാൻ കൊള്ളക്കാരി പുട്ളിയെന്ന കുപ്രസിദ്ധിയാർജ്ജിച്ച ഒരു സ്ത്രീയുടെ അന്ത്യം എങ്ങനെ ആയിരുന്നെന്നോർത്തുപോകുന്നു. 1958 ജനുവരി 24-ാംനു അവൾ. ഭോപാലിലുള്ള മൊറീന എന്ന ജില്ലയിൽ ഉണ്ടെന്നറിഞ്ഞു് പോലീസ് ആ ഗ്രാമം വളഞ്ഞു. കൊള്ളയും കൊലപാതകവും നടത്തി ജീവിക്കുകയായിരുന്ന അവൾ, അവളുടെ ശല്യങ്ങൾ ഗവണ്മെൻറിനുപോലും തലവേദനയുണ്ടാക്കി. അവൾ പിടിക്കപ്പെട്ട സ്ഥലത്തുവച്ചുതന്നെ അവളെ വെടിവച്ചുകൊന്നു് പോലീസ് അവളുടെ കഥ അവസാനിപ്പിച്ചു, വെടിയേറ്റു മരിക്കുമ്പോൾ അവൾ ഒരു മുപ്പതുകാരിമാത്രം. ചെറുപ്പത്തിൽ അവൾ മൊറീനജില്ലയിലെ പേരുകേട്ട ഒരു നർത്തകിയായിരുന്നു. ഒരിക്കൽ രാജസ്ഥാനിൽ അവൾ ഒരു ഡാൻസിനു പോയി. പക്ഷേ അവൾക്കു് അവിടെ ചെന്നെത്തുവാൻ പറ്റിയില്ല;

വഴിമദ്ധ്യേ കൊള്ളത്തലവനായ സുൽത്താൻ അവളെ കണ്ടുമുട്ടുകയും അയാൾ അവളെ ബലമായി പിടിച്ചു കൊണ്ടുപോകയും ചെയ്തു. അതിൽപിന്നെ സുൽത്താന്റെ കൂട്ടത്തിൽ ഒരു കൊള്ളക്കാരിയായിട്ടായിരുന്നു അവളുടെ ജീവിതം. 1951 മുതൽ 1958 ജനുവരി 24 വരെയാണ് അവൾ അങ്ങനെ രാജ്യത്തിനും ജനത്തിനും ശല്യം ചെയ്തുകൊണ്ടു വിഹരിച്ചതു്.

അലക്സാണ്ടർ ടാർഡോവ്സ്കി

തന്റെ ചങ്കിലേയ്ക്കു ശൂലം കുത്തിയിറക്കുന്ന കഥകൾ! അവർ രണ്ടുപേരുടെ കൈയിലും കാണും ധാരാളം. അവരോടു പിണങ്ങുന്നതു ഒരു വിഡ്ഢിത്തമെ ആയിരിക്കൂ എന്നു ലീലാമ്മ മനസ്സിലാക്കി. കളങ്കം മുറ്റിനില്ക്കുന്ന ഹൃദയത്തിൽനിന്നും ഒരു പുഞ്ചിരി അധരങ്ങളിലേയ്ക്കയയ്ക്കുവാൻ അവൾക്കു നിഷ്പ്രയാസം സാധിച്ചു. എങ്കിലും പെണ്ണുങ്ങളുടെ കൂട്ടത്തിലുണ്ടല്ലൊ അവലോബമാരും പുട്ടുളിമാരും! മാന്യമായ നമ്മുടെ കുലത്തിനു തന്നെ എന്തൊരാക്ഷേപം' വഞ്ചനയും ചതിവും കൊലപാതകവും പുരുഷന്മാരുടെ വേലിക്കെട്ടിനു പുറത്തു കാണരുതെന്നു ഞാൻ വിചാരിച്ചിരുന്നില്ല. അവലോബായുടേയും പുട്ടുളിയുടേയും ചിത്രങ്ങൾ എത്ര ഭയങ്കരം! നമ്മുടെ കുലത്തിനുതന്നെയും അപകീർത്തിയുണ്ടാക്കുന്ന അത്തരം പെണ്ണുങ്ങൾ ജനിക്കാതിരിക്കണെ എന്നാണെന്റെ പ്രാർത്ഥന."

അമ്മച്ചിയും രാജമ്മയും പരസ്പരം നോക്കി. ലീലാമ്മയുടെ സാമർത്ഥ്യത്തിനുമുമ്പിൽ തല കുനിക്കണമൊ വേണ്ടയൊ എന്നവർ ആലോചിക്കയായിരുന്നു. നാവുകൊണ്ടുള്ള കുട്ടക്കിൽ അറിഞ്ഞുകൊണ്ടു ചെന്നു വീഴുന്നതു് നന്നല്ലെന്നു് അമ്മച്ചിക്കു തോന്നി. ചോദിച്ചു: അലക്സാണ്ടർ ടാർഡോവ്സ്കി എന്നയാളപ്പറ്റി ലീലാമ്മ കേട്ടിട്ടുണ്ടൊ?"

അലക്സാണ്ടർ ടാർഡോവ്സ്കി! ഒരു റഷ്യൻ പേരുപോലിരിക്കുന്നു. കാര്യം സാധിക്കാൻ വേണ്ടി കളവും ചതിവും വഞ്ചനയും കൊണ്ടു ചതുരംഗക്കളി നടത്താമെന്നു വാദിക്കുന്നവരാണു റഷ്യാക്കാർ. എന്നാലും ടാർഡോവ്സ്കിക്കെന്താണു പ്രത്യേകത! ലീലാമ്മ അയാളുടെ പേരുപോലും കേട്ടിട്ടില്ല. ആശങ്കയോടുകൂടിയാണെങ്കിലും അവൾ ചോദിച്ചു: "ആരാണ് ഈ അലക്സാണ്ടർ ടാഡോവ്സ്കി? അതാൾ വല്ല നന്മയും പറയുകയൊ ചെയ്യുകയൊ ഉണ്ടായൊ?"

അയാൾ നന്മയായി ചിലതെല്ലാം എഴുതി; അതിനു സമ്മാനവും അയാൾക്കു ലഭിച്ചു. അയാൾ സുപ്രസിദ്ധനായ ഒരു റഷ്യൻകവിയാണു്. സ്റ്റലിന്റെ കാലത്തു് കമ്മ്യൂണിസത്തെ സ്തുതിച്ചു് കുറെ കവിതകൾ എഴുതിയതിനു് അയാൾക്കു സ്റ്റാലിൻ പ്രൈസ് കിട്ടി. എന്നാൽ 1960 ൽ സ്റ്റാലിനെ വിമർശിച്ചുകൊണ്ടു് പ്രവ്ദായുടെ ഒരു പേജു് മുഴുവൻ അയാൾ കവിത എഴുതി. 19 0 മേയ്ദിനത്തിൽ പ്രത്യക്ഷപ്പെട്ട ആ കവിതയ്ക്കു് 1961ലെ സ്റ്റാലിൻ പ്രൈസ് നല്കുവാൻ ക്രൂഷേവ് കല്പനകൊടുത്തു—വിജയം ഇച്ഛിക്കുന്നവൻ ലോകത്തിന്റെ നാടിയിടിപ്പു് എങ്ങനെയെന്നു നോക്കിയിട്ടു് പറയുകയും പ്രവർത്തിക്കുകയും ചെയ്യുക എന്നൊരു പാഠമാണു് അലക്സാണ്ടർ ടാർഡോവ്സ്കിയുടെ ജീവിതം നമുക്കു തരുന്നതെന്നു തോന്നുന്നു. ലീലാമ്മ ടാർഡോവ്സ്കിയേയും തോല്പിച്ചുകളയുകയില്ലെ എന്നാണെന്റെ സംശയം.

ടാർഡോവ്സ്കി സുപ്രസിദ്ധനായ ഒരു റഷ്യൻ കവിയാണെന്നു കേട്ടപ്പോൾ ലീലാമ്മയുടെ ആനന്ദം വിജൃംഭിച്ചു. ആ റഷ്യൻകവിയേക്കാൾ ഉയർന്നിട്ടല്ലെ ഞാൻ എന്നല്ലെ അമ്മച്ചി പറഞ്ഞതു്.? ഉള്ളതു തുറന്നു പറയുവാൻ അമ്മച്ചിക്കൊരു വൈമനസ്യവുമില്ല. എന്നാൽ ആ രാജമ്മ അങ്ങനെയാണോ? അവൾ പച്ചക്കണ്ണടവച്ചേ നോക്കൂ. അസൂയയുടെ കൂടാണു്. എതായാലും അമ്മച്ചിയോടൊരു കാര്യം തുറന്നങ്ങു പറയട്ടെ. "കുറേ വല്ലതും പഠിച്ചിരുന്നെങ്കിൽ ഈ ലീലാമ്മയെ ജയിക്കുന്ന ഷേക്സ്പിയറോ, ടാർഡോവ്സ്കിയൊ ഉണ്ടാകുമായിരുന്നില്ല. എല്ലാത്തിനും ഒരു യോഗം വേണ്ടേ? എനിക്കാണെങ്കിൽ പഠിക്കുന്നതു് ഉറപ്പിച്ചുപോകണമെന്നായിരുന്നു. അതുകൊണ്ടു് മിക്കക്ലാസ്സിലും ഞാൻ രണ്ടുകൊല്ലംവീതമാണു് പഠിച്ചതു്. പതിനെട്ടവയസ്സു കഴിഞ്ഞിട്ടും തേർഡ്ഫോറത്തിൽ എത്താൻ പറ്റിയില്ല. അപ്പച്ചൻ പറഞ്ഞു ഞാൻ ഒരു മണ്ടിയാണു്, അധികം ഠിപ്പിക്കണ്ട,, വേഗം ആരുടേയെങ്കിലും കഴുത്തിൽ കേറ്റി വിട്ടേക്കുകയാണു നല്ലതെന്നു്. ആരുടെയെങ്കിലും കഴുത്തിൽ കേറുന്ന കാര്യം എനിക്കും ഇഷ്ടമായിരുന്നു.

"കൊച്ചുന്നാളിൽ അമ്മ എന്നെ തോളേൽകയറ്റി ഇരുത്തി ഉള്ളിച്ചിട്ടുള്ളതു് ഞാനോർക്കുന്നുണ്ടു്. രണ്ടുമൂന്നു വയസ്സായപ്പോൾ എനിക്കു വല്ലാത്ത ഘനം വച്ചു. അമ്മയ്ക്കെന്നെ എടുത്തുപൊക്കാൻ മേലെന്നായി. എന്നാലും അമ്മയുടെ തോളിൽ കയറിയിരുന്നു ഉള്ളിയിട്ടുള്ള ആ കാലം എന്റെ സ്മരണയിൽനിന്നും മറഞ്ഞില്ല. അതുകൊണ്ടാണു് വല്ലവനേറെയും കഴുത്തിൽ കേറ്റി വിണമെന്നു പറഞ്ഞപ്പോൾ ഞാൻ ഹൃദയംഗമമായി സന്തോഷിച്ചതു്. എന്നെ എടുത്തുപൊക്കി തോളിലിരുത്താൻ ശേഷിയുള്ള ആളായിരിക്കണം എന്റെ വരൻ എന്നു ഞാൻ ആശിച്ചു. പക്ഷേ കിട്ടിയതോ അതെന്തിനു പറയുന്നു? ആ മനുഷ്യനല്ലായിരുന്നെങ്കിൽ മേരിജോൺതോട്ടത്തെപ്പോലെ ഒരു കവിയിത്രിയോ ആംസ്റ്റേയകാരിൽ ഹൗസ്ലണ്ടിലെപ്പോലെ ഒരു സാഹിത്യകാരിയോ ആകുമായിരുന്നു. ഞാൻഇനി പറഞ്ഞതു കൊണ്ടെന്തു ഫലം!!"

"അതുതന്നെ ഇനി പറഞ്ഞതുകൊണ്ടെന്തു ഫലം! അമ്മച്ചി പറഞ്ഞു: "നീമൂലം ജോസുകുട്ടിയുടെ ഭാവി നശിച്ചുവെന്നു പറയുന്നവരുണ്ടെന്നു് ഞാൻ കേട്ടിട്ടുണ്ടു്. ഒരു പക്ഷേ അതായിരിക്കും കൂടുതൽ വാസ്തവം. വിനയം, സത്യം, നീതി ധർമ്മാദികളെ വിലമതിക്കുന്ന ഒരാളായിരുന്നു അദ്ദേഹത്തിന്റെ സഹധർമ്മിണിയെങ്കിൽ അദ്ദേഹം ഏറ്റം സൗഭാഗ്യവാനായിരുന്നേനേ. പരിധിവിട്ടുള്ളൊരു പ്രതിപത്തി അദ്ദേഹം പണത്തോടു കാണിക്കുന്നു എന്ന ഒരു കുറവു മാത്രമാണു് അദ്ദേഹത്തിനുള്ളതു്. കളവു്, വഞ്ചന, ചതിവു് ഇതൊന്നും അദ്ദേഹത്തിന്റെ ഏഴയലത്തുപോലും വന്നുനില്ക്കുയില്ല. അത്തരം മനുഷ്യരെ കണികാണാൻപോലും കിട്ടുകയില്ലാത്ത ഒരു കാലമാണിതു്. ഇങ്ങനെ പരിശുദ്ധനായ ഒരു മനുഷ്യനെ കളവുകൊണ്ടു കുളിപ്പിക്കുന്നതു് ഒരുതക്കും ഭൂഷണമല്ല."

കുടുംബ ബഡ്ജറ്റ്

മണ്ണുകോരുംതോറും കുഴി വർദ്ധിക്കുകയേയുള്ളൂ. ഒടുവിൽ ലീലാമ്മയുടെ തലമണ്ടയിൽ തുറിച്ചുനിന്ന ഒരാശയമാണതു്. അവൾ തന്റെ കുഴൽതാ

ഉഴവച്ചു. എന്നിട്ട് ചോദിക്കുകയാണു്, "ആകട്ടെ എന്നോടൊന്നു പറയൂ, കുടുംബാവശ്യങ്ങൾക്കു് ചെലവു ചെയ്യുവാൻ മടിയുള്ള ഒരു ഭർത്താവിന്റെ പാദംതൊട്ടു പൂജിക്കണമോ ഭാര്യ?"

അമ്മച്ചിയുടെ മറുപടി; "അങ്ങനെ വേണമെന്നു് ആരും പറയുകയില്ല. സാമ്പത്തികമായ മാനദണ്ഡം വച്ചു നമുക്കൊന്നു നോക്കാം. മുന്നൂതരക്കാരാണു് ഭർത്താക്കന്മാർ. ഒന്നാംതരത്തിൽപ്പെട്ടതു് കുടുംബത്തെ ന്യായമായ രീതിയിൽ പരിരക്ഷിക്കുവാൻ സന്നദ്ധതയുള്ളവരാണു്. കുടുംബത്തിനുവേണ്ടി ത്യാഗങ്ങളും ക്ലേശങ്ങളും അവർ സഹിച്ചുകൊള്ളും. നീ ഉണ്ടില്ലെങ്കിലും ഭാര്യയേ ഊട്ടണം; നീ ഉടുത്തില്ലെങ്കിലും ഭാര്യയെ ഉടുപ്പിക്കണം എന്ന വിവാഹവേളയിലെ ഉപദേശം അവരുടെ ഉള്ളിലിറങ്ങി പ്രവർത്തിക്കുന്നുണ്ടു്. രണ്ടാമത്തെ ഗണം ആദർശങ്ങളിൽ അത്രമാത്രം ഉയർന്നവരികയില്ല. ഭാര്യമാരുടെ ആവശ്യങ്ങളെപ്പറ്റി ചിന്തിക്കുവാൻ അവർ മിനക്കെടാറില്ല. സ്വന്തം ആവശ്യങ്ങളെല്ലാം നിർവ്വഹിച്ചുകഴിഞ്ഞു് മിച്ചം വല്ലതുമുണ്ടെങ്കിൽ അവർ ഭാര്യമാക്കായി നീക്കിവച്ചുകൊടുത്തേക്കും. മൂന്നാമതൊരു കൂട്ടർക്കു് ഭാര്യമാർ പത്രക്കാരെപ്പോലെയാണു് താല്പര്യം. കറവയുള്ള ഒരു പശുവിൽനിന്നുള്ള ആദായംകൊണ്ടു് സാധാരണ ഒരു കുടുംബം മുട്ടുപാടുകൂടാതെ കഴിഞ്ഞുപോകും. പശുവിനെ കറവ കഴിഞ്ഞു് അഴിച്ചുവിട്ടേച്ചാൽ മതി. വഴിയരുകിൽ പററിപ്പിടിപ്പുനില്ക്കുന്ന പുല്ലുതിന്നു് അതു വയറുനിറച്ചുകൊള്ളും. ഭാര്യമാർ പത്രക്കാരെപ്പോലെയാൽ എന്താണു ഗുണമെന്നറിയാമോ? സ്വന്തം മാതാപിതാക്കളോടു മല്ലടിച്ചു് അവർ പണം വാങ്ങിക്കൊള്ളും ഭർത്താക്കന്മാരുടെ വീട്ടിൽ സുഖമായി ജീവിക്കുന്നതിനു്. മാതാപിതാക്കന്മാർ പണമില്ലാത്തവരെങ്കിൽ ഭാര്യമാർ തൊഴിൽചെയ്തു് പണമുണ്ടാക്കി മക്കളെ വളർത്തിക്കൊള്ളണമെന്നാണു് അവരുടെ അനുശാസനം. എന്നാൽ ആ ഭർത്താക്കന്മാരുടെ സമ്പാദ്യമോ? അതു കള്ളഷാപ്പിലെ ചക്കിയുടേയും കോതയുടേയും കൈയിൽ ചെന്നെത്താനുള്ളതാണു്. ലോകത്തിലുള്ളതെല്ലാം തങ്ങളുടെ സുഖത്തിനുവേണ്ടി കാത്തുനില്ക്കുണ്ടെന്നാണു് അവരുടെ ബോദ്ധ്യം. ഒരാൾ പങ്കു കുറുക്കുന്നതെന്തിനു്? തനിക്കു കാറുകിട്ടുവാൻ. ദീപം തെളിക്കുന്നതെന്തിനു്? തനിക്കു പ്രകാശം ലഭിക്കുവാൻ. പഞ്ചസാര തിന്നുന്നതെന്തിനു്? തന്റെ വായിക്കു മധുരമുണ്ടാകുവാൻ. അതുപോലെ ഒരാൾ വിവാഹം ചെയ്യുന്നതെന്തിനു്? തന്നെ തൊട്ടിയിലിരുത്തി ആടിക്കുവാൻ സമ്മതമുള്ള ഒരാളെ ലഭിക്കുന്നതിനുവേണ്ടി. ഇതാണു് അവരുടെ ദൃഷ്ടിയിൽ വിവാഹം.

"ഈ മൂന്നുതരക്കാർക്കുമുണ്ടു് ഭാര്യമാർ. ഒരു സ്ത്രീ എല്ലായ്പ്പോഴും ആഗ്രഹിക്കുന്നതു് തന്നെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന ഒരാളിന്റെ ഭാര്യയായിരിക്കുവാനാണു്. പക്ഷെ ആഗ്രഹത്തിനെതിരായിട്ടായിരിക്കും മിക്കപ്പോഴും സംഭവിക്കുക. ഏതായാലും ഒന്നാംഗണത്തിൽപ്പെട്ടവരുടെ ഭാര്യമാരാകുവാൻ ഭാഗ്യമുള്ളവരായിരിക്കും ചിലർ എന്നു തീച്ചയാണല്ലൊ; വിവാഹത്തിൽ ഒരു വശംമാത്രം നന്നായിരിക്കുന്നതുകൊണ്ടു കാര്യമില്ല. രണ്ടുവശവും നന്നായിരുന്നാൽമാത്രമേ ശുഭമായിരിക്കൂ. പുരുഷനെയായാലും സ്ത്രീയെയായാലും പതിനഞ്ചു വയസ്സു കഴിഞ്ഞാൽ നന്നാക്കുക അത്ര എളുപ്പമല്ല. മാതാപിതാക്കന്മാരുടെ കളരിയിലാണല്ലൊ കുഞ്ഞുങ്ങൾ ആദ്യപാഠങ്ങൾ പഠിക്കുന്നതു് "ചെറുപ്പകാലങ്ങളിലുള്ള ശീലം മറക്കുമോ മാനുഷനുള്ള കാലം?" എന്നൊരു ചൊല്ലില്ലെ? കുഞ്ഞുന്നാളിൽ മക്കളെ പഠിപ്പിച്ചാൽ ആ പാഠം നിലനില്ക്കും.

"ഒരു സ്ത്രീ ഉത്തമനായ ഒരു ഭർത്താവിനെ ലഭിക്കുവാൻ ആഗ്രഹിക്കുന്നതുപോലെതന്നെ ഒരു പുരുഷൻ മറെറാന്നാഗ്രഹിക്കാറുണ്ടു്. ഉത്തമയായ ഒരു ഭാര്യയെ കിട്ടുവാനാണു് അയാളുടെ പ്രാർത്ഥന. പക്ഷേ രണ്ടുകൂട്ടരും ഒരു കാര്യം വിസ്മരിച്ചുകളയുന്നു. ഉത്തമനായ ഒരു ഭർത്താവായിരിക്കുന്നതിനുവേണ്ടി താൻ എന്തുചെയ്യണമെന്നു പുരുഷനോ, ഉത്തമയായ ഒരു ഭാര്യയായിരിക്കുന്നതിനുവേണ്ടി താൻ എങ്ങനെ ജീവിക്കണമെന്നു് സ്ത്രീയോ ചിന്തിക്കാറില്ല. ഭാര്യയാകുവാനും ഭർത്താവാകുവാനും കുറെ പഠിക്കേണ്ടതുണ്ടെന്നാണെന്റെ അഭിപ്രായം. ഒരു പുരുഷനു് ഒരു സ്ത്രീയും ഒരു സ്ത്രീക്കു് ഒരു പുരുഷനും എങ്ങിനെയെങ്കിലും ഉണ്ടാകുമെന്നു് ചിലർ പറയുന്നതു് ഞാൻ കേട്ടിട്ടുണ്ടു്. ചില പുരുഷന്മാർക്കും സ്ത്രീകൾക്കും അങ്ങനെ ഒരു ധൈര്യവും ഉണ്ടെന്നു തോന്നുന്നു.

"അതെങ്ങനെയും ഇരിക്കട്ടെ. ഭാര്യയും ഭർത്താവും ആയിക്കഴിഞ്ഞാൽ ഇരുവരും ഒന്നുചേർന്നു് കുടുംബഭാരം എങ്ങനെ വഹിക്കും എന്ന വിഷയത്തിലാകും നമ്മുടെ ശ്രദ്ധ. ഒരു പ്ലാൻവരച്ചു മുൻപോട്ടുപോയെങ്കിലേ ഏതു കുടുംബവും സമൃദ്ധിയിലെത്തൂ. പ്ലാനിട്ടകയുന്നതിനു് "ബഡ്ജറ്റ്" എന്നു പറയും. വരവെന്തെന്നുനോക്കി അതനുസരിച്ചു് ചെലവു ക്രമീകരിക്കുന്നതിനാണു് ആ പദ്ധതി. രാജ്യഭരണത്തിൽ ബഡ്ജറിന്റെ പ്രാധാന്യമെന്തെന്നു് പത്രങ്ങളിൽനിന്നും നാം അറിയുന്നു. ഓരോ കുടുംബവും ഓരോ കൊച്ചുരാജ്യമാണു്. ഓരോ കൊച്ചുരാജ്യവും അതതിന്റെ അളവിൽ പുരോഗമിക്കണം, വായുവും വെള്ളവുംപോലെ നമുക്കേവർക്കും പൊതുവായി ലഭിക്കുന്ന ഒരനർഘനിക്ഷേപമാണു് സമയം. എന്നാൽ അതു് ആവശ്യത്തിൽ കൂട്ടുതലായാലോ? ജോൺസൺ പറയുന്നു: ജീവിതത്തിലെ രണ്ടു മഹാ ഭാരങ്ങളാണു് പണവും സമയവും. ഇവ രണ്ടും ആവശ്യത്തിലധികം ഉണ്ടായിരിക്കുകയും, എങ്ങനെ വിനിയോഗിക്കണമെന്നു് അറിയാതിരിക്കുകയും ചെയ്യുന്നവരുണ്ടോ അവരാണു് ഏററവും വലിയ നിർഭാഗ്യർ എന്നു്. സമയവും പണവും ആവശ്യത്തിൽ കൂട്ടുതൽ ഒരുത്തക്കും ഉണ്ടായിരിക്കരുതെന്നാണു് അദ്ദേഹത്തിന്റെ അഭിമതം. ലുബ്ധന്മാക്കാണു് ആവശ്യത്തിൽ കൂട്ടുതൽ പണം, മടിയന്മാക്കു് സമയവും. ലുബ്ധന്മാക്കും മടിയന്മാക്കും ലോകത്തിൽ പുരോഗതിയുണ്ടാകയില്ല"

കുടുംബത്തിനു് ഒരു ബഡ്ജറോ! അതെന്തിനു്? മുന്നൂററുപത്തഞ്ചിനു് മുന്നൂററുപത്താറു ദിവസവും കണക്കെഴുതി സൂക്ഷിക്കണം എന്തൊരു ബുദ്ധിമുട്ടു വലിച്ചുവെക്കുന്ന ഏർപ്പാടാണതു്! വെളുക്കുമ്പോൾ മുതൽ പാതിരാവരെ പണത്തേയും പെണ്ണുങ്ങളുടെ അടുക്കളപ്പണി തീരുകയില്ല അതിനിടക്കുവരുന്ന ശിശുപരിശീലനവും ഭർതൃശുശ്രൂഷയും ഇതെല്ലാം കഴിഞ്ഞിട്ടു കണക്കെഴുത്തും ഇതൊന്നും നടപ്പുള്ള കാര്യമല്ല വീട്ടിൽ കണക്കെഴുതി ആരെ കാണിക്കാനാണു്? ഇങ്ങനെ ചില ചിന്താശകലങ്ങൾ രാജമ്മയുടെ മസ്തിഷ്കത്തെ മർദ്ദിച്ചുകൊണ്ടിരുന്നു.

ആ കല്യാണം നടന്നു

കുരുവിള മൂലയിൽ B. Sc. B. T.

വലിയൊരു ഗുണപാഠംനൽകുന്ന
ഒരു സ്പാനീഷ് കഥ

കുച്ചാക്കോ! ആ നാട്ടിലെ ഏറ്റവും വലിയ ഇടപ്രഭുവാണു്. ഒരുദിവസം തന്റെ മൂത്തമകനെ വിളിച്ചുവരുത്തി.

"സലിം നീ ഇപ്പോൾ ഒരു കൊച്ചുകുട്ടിയല്ല. നിനക്കു വിവാഹംചെയ്യുവാനുള്ള പ്രായമായിരിക്കുന്നു. അതുകൊണ്ടു് നീ പോയി നിന്റെ വധുവിനെ തിരഞ്ഞെടുത്തുകൊള്ളുക. നിന്റെ അമ്മാവനായ ആരോപ്രഭുവിനേയും കൂട്ടി നിങ്ങൾ വധുവിനെ കണ്ടുപിടിച്ചശേഷം വിവരം എന്നെ അറിയിക്കണം. ഞാൻ വിവാഹം നടത്തിത്തരാം."

വധുവിനു് ഉണ്ടായിരിക്കേണ്ട ഗുണങ്ങൾ എന്തൊക്കെയായിരിക്കണം?" സവിനയം പുത്രൻ ചോദിച്ചു.

"സ്ത്രീധനവും ആഭരണവും കിട്ടിയില്ലെങ്കിലും പെൺകുട്ടിയുടെ സ്വഭാവം നന്നായിരിക്കണം." പിതാവു് നിർദ്ദേശിച്ചു. അടുത്തദിവസം രാവിലെ ആരോപ്രഭുവും സലിംകുമാരനും ഓരോ കുതിരപ്പുറത്തുകയറി വധുവിനെ അന്വേഷിച്ചു പുറപ്പെട്ടു. അവർ പല ദിക്കുകളിലും സഞ്ചരിച്ചു. അവിടെയെല്ലാം അന്വേഷിച്ചിട്ടും സുശീലയായ ഒരു പെൺകുട്ടിയെ കണ്ടെത്തുവാൻ കഴിഞ്ഞില്ല. പിറ്റേദിവസം നാലുമണി കഴിഞ്ഞപ്പോൾ അവർ വളരെദൂരെയുള്ള ഒരു നഗരത്തിലെത്തി. ദൂരെനിന്നും വന്നുചേർന്ന ഈ മാന്യാതിഥികളെ നഗരാധിപൻ ആദരവോടെ സ്വീകരിച്ചു. കുശലപ്രശ്നങ്ങൾക്കുശേഷം തങ്ങളുടെ ആഗമനോദ്ദേശം ആരോപ്രഭു നഗരാധിപനെ അറിയിച്ചു. വളരെനേരത്തെ ആലോചനയ്ക്കുശേഷം നഗരാധിപൻ പറഞ്ഞു:

"നിങ്ങൾ ഉദ്ദേശിക്കുന്നിടത്തോളം സുശീലയായ ഒരു പെൺകുട്ടി ഈ നഗരത്തിൽ കാണുമോ എന്നതിനെ സംശയമാണു്. എന്നാൽ ഈ നഗരത്തിന്റെ അതിർത്തിയിൽ ഒരു 'ചെരുപ്പുകുത്ത്'കാരൻ താമസിക്കുന്നുണ്ടു്. അവനു് ഒരു മകൾ ഉണ്ടു്. ചിലപ്പോൾ ആ പെൺകുട്ടിയെ നിങ്ങൾക്കു ഇഷ്ടപ്പെട്ടെന്നുവരാം. ഒന്നു പരീക്ഷിച്ചുനോക്കൂ!

അവർ മൂന്നുപേരുംകൂടി ചെരുപ്പുകുത്തിയെ അന്വേഷിച്ചു പുറപ്പെട്ടു. അവർ ചെന്നപ്പോൾ ചെരുപ്പുകുത്തി പുറത്തു് എവിടെയോ പോയിരിക്കുകയാണു്. ചെരുപ്പുകുത്തിയുടെ മകൾ, വിശിഷ്ടാതിഥികളെ സ്വീകരിച്ചു് ഉപചരിച്ചു.

ചെരുപ്പുകുത്തിയുടെ വീടു് വളരെ താണനിലയിലുള്ള ഒരു കുടിലാണു്. പക്ഷേ അവിടെ എല്ലാക്കാര്യങ്ങൾക്കും ഒരടുക്കും ചിട്ടയുമുണ്ടു്. കുറച്ചുസമയം കഴിഞ്ഞപ്പോൾ ചെരുപ്പുകുത്തിയും വന്നുചേർന്നു.

അത്താഴം കഴിഞ്ഞശേഷം അവരുടെ ആഗമനോദ്ദേശം നഗരാധിപൻതന്നെ ചെരിപ്പുകുത്തിയെ പറഞ്ഞുമനസ്സിലാക്കി. തന്റെ മകളെ സലിം പ്രഭുകുമാരനു് വിവാഹം ചെയ്തുകൊടുക്കുന്നതിനു് ചെരിപ്പുകുത്തിക്കു് വിസമ്മതമില്ല. പക്ഷേ ഒരുകാര്യം ചെരിപ്പുകുത്തിക്കു് വളരെ നിർബന്ധമുണ്ടു്. തന്റെ മകളെ കല്യാണം കഴിക്കുന്ന ആൾ ഏതെങ്കിലും ഒരു തൊഴിൽ നന്നായി അറിഞ്ഞിരിക്കണം. അക്കാര്യത്തിൽ ഒരു വിട്ടുവീഴ്ചയും ചെയ്യാൻ അയാൾ തയ്യാറില്ല.

"സലിംപ്രഭുകുമാരനു് ഇരുന്നൂറോളം വേലക്കാരും ധാരാളം സ്വത്തുക്കളും ഉണ്ടു്. അപ്പോൾ പ്രഭുകുമാരൻ സ്വന്തമായി യാതൊരു ജോലിയും ചെയ്യേണ്ടിവരികയില്ല. ഉപജീവനത്തിനു് ധാരാളം വസ്തുവകകളുണ്ടു്" ആരോ പ്രഭു പറഞ്ഞു.

പക്ഷേ ഇതുകൊണ്ടൊന്നും ചെരിപ്പുകുത്തി സമ്മതിച്ചില്ല. അതുകൊണ്ടു് സ്വന്തമായി ഒരു കൈത്തൊഴിൽ പരിശീലിക്കുന്നതിനു് സലിംകുമാരൻ പുറപ്പെട്ടു.

ആദ്യമായി ഒരു സ്വർണ്ണപ്പണിക്കാരനെ സമീപിച്ചു. നാലുവർഷംകൊണ്ടു് തന്റെ തൊഴിൽ പ്രഭുകുമാരനെ പഠിപ്പിക്കാമെന്നു് സ്വർണ്ണപ്പണിക്കാരൻ പറഞ്ഞു. പിന്നീടു് അവർ ഒരു തുന്നൽക്കാരനെ കണ്ടുമുട്ടി. മൂന്നുവർഷക്കാലംകൊണ്ടു് തന്റെ തൊഴിലും പഠിപ്പിക്കാമെന്നു് തുന്നൽക്കാരനും പറഞ്ഞു. അപ്പോൾ അവർ ഒരു കൃഷിക്കാരനെ കണ്ടു. നല്ലതുപോലെ ശ്രദ്ധിച്ചാൽ ഒരുവർഷംകൊണ്ടു് കൃഷിപ്പണി പഠിപ്പിക്കാമെന്നു് അയാൾ സമ്മതിച്ചു.

അടുത്ത ദിവസംമുതൽ സലിം കൃഷിക്കാരന്റെകൂടെ കൃഷിജോലി അഭ്യസിച്ചുതുടങ്ങി. കിളക്കുന്നതിനും, നിലമൊരുക്കുന്നതിനും, വിതക്കുന്നതിനും, വിളവെടുക്കുന്നതിനും അയാൾ പരിശീലിച്ചു. ഒരുവർഷംകൊണ്ടു് ഒരു കർഷകന്റെ എല്ലാ ജോലികളും അയാൾ മനസ്സിലാക്കി. വീണ്ടും ചെരിപ്പുകുത്തിയെ സമീപിച്ചു. കല്യാണം നടത്തുന്നതിനുള്ള എല്ലാ ഏർപ്പാടുകളും ചെയ്തു.

ആ രാജ്യത്തുള്ള എല്ലാ പ്രഭുക്കന്മാരേയും ക്ഷണിച്ചുവരുത്തി വളരെ ആഡംബരമായിട്ടാണു് വിവാഹം നടത്തിയതു്. വധുവരന്മാരെ അനുഗ്രഹിച്ചുശേഷം എല്ലാവരോടുംകൂടി ചെരിപ്പുകുത്തി ഇങ്ങനെ പറഞ്ഞു.

"ഞാൻ അടുത്ത രാജ്യത്തെ രാജാവായിരുന്ന ശത്രുക്കൾ എന്നെ തോല്പിച്ചു. പ്രാണരക്ഷാർത്ഥം ഞാൻ കുടുംബസമേതം അവിടെനിന്നും ഓടിപ്പോയി. പല യിടത്തും അലഞ്ഞുതിരിഞ്ഞു. ഒരു തൊഴിലും വശമില്ലാതിരുന്ന ഞാൻ ആഹാരത്തിനുള്ള വക സമ്പാദിക്കുവാൻ വളരെ വിഷമിച്ചു. ഒടുവിൽ ഈ നഗരത്തിൽ വന്നുചേർന്നു. പഴയ ചെരിപ്പുകൾ നന്നാക്കുന്നതിനു് ഇവിടെയുള്ള ഒരാൾ എന്നെ പഠിപ്പിച്ചു. അങ്ങനെ ഒരു ചെരുപ്പുകുത്തിയായി ഞാൻ ജീവിച്ചു. കുറേനാൾ കഴിഞ്ഞപ്പോൾ ഭാര്യ മരിച്ചുപോയി. ചെരിപ്പുണ്ടാക്കി കിട്ടുന്നതുകൊണ്ടു് ഞാനും മകളും ജീവിച്ചു. ഒരു പ്രഭുകുമാരനെക്കൊണ്ടു് മകളെ വിവാഹം കഴിപ്പിക്കാൻ സാധിച്ചതിൽ ഞാൻ സന്തോഷിക്കുന്നു. പ്രഭുകുമാരനാണെങ്കിലും ഒരു തൊഴിൽ പഠിച്ചിരിക്കണമെന്നു് നിർബന്ധിച്ചതു് എന്റെ അനുഭവം വച്ചുകൊണ്ടാണു്."

രാജാവായിരുന്ന ആ ചെരിപ്പുകുത്തിയുടെ കഥ കേട്ടപ്പോൾ എല്ലാവരും ആശ്ചര്യപ്പെട്ടു. എല്ലാവരും അദ്ദേഹത്തെ സ്തുതിച്ചു. അങ്ങനെ കല്യാണവും നടന്നു.

എന്താണൊരമ്മയുടെ പ്രാർത്ഥന?

ഏലിയാമ്മ ജോജ്ജു് വലിയതാഴത്തു്

ഒരമ്മയുടെ പ്രാർത്ഥനയെന്താണു്? മനസ്സിനേയും ഹൃദയത്തേയും ഔപചാരികമായി ദൈവത്തിങ്കലേയ്ക്കുയർത്തുക മാത്രമല്ല ഒരമ്മയുടെ പ്രാർത്ഥന. അവളുടേതായ ഓരോ നിമിഷവും ദൈവത്തിനുവേണ്ടിയുള്ള ഒരു സമർപ്പണംകൂടിയാണതെന്നു പറയാം.

സ്നേഹിയ്ക്കുന്ന ഭാജനത്തിനുള്ളിൽ ഒരു പുതുജീവൻ ആരംഭമെടുത്തുവെന്ന വികാരഭരിതമായ അറിവിന്റെ ആനന്ദകരമായോരനുഭൂതിയും അമ്മയുടെ പ്രാർത്ഥനയാണു്. സ്ത്രീ, ആദ്യമായി പറന്നുവിഹരിച്ചുനിന്റെ ആനന്ദഫലമായ ആ പുതുജീവനെ മികച്ച സൂക്ഷ്മതയോടും തികഞ്ഞ ആകാംക്ഷയോടുംകൂടി വളർത്തിക്കൊണ്ടുവരുന്നതും അമ്മയുടെ പ്രാർത്ഥനതന്നെ.

അതുംപോരാ, അവളുടെ ഗർഭകാലത്തെ അസുഖങ്ങളേയും, അസൗകര്യങ്ങളേയും, ശരീരത്തിലുണ്ടാകുന്ന അത്ഭുതകരങ്ങളായ മാറ്റങ്ങളേയും സന്തോഷപൂർവം അംഗീകരിക്കലാണു് അമ്മയുടെ പ്രാർത്ഥന.

അജ്ഞാതമായി സദാ അലട്ടിക്കൊണ്ടിരിക്കുന്ന പല വലിയ ഭയങ്ങളിന്മേലുമുള്ളൊരു വിജയം നേടലാണതു് – വേദനകളുടെമേലുള്ളാരാധിപത്യം സ്ഥാപിക്കൽ! അതെ, ഒരു ശിശു ഈലോകത്തിലേയ്ക്കു പിറന്നുവെന്നതിലുള്ള സന്തോഷാധിക്യത്തിൽ മറ്റുള്ളവയെല്ലാം താനെയങ്ങു വിസ്മരിക്കുന്നൊരാനന്ദാവസ്ഥയും അമ്മയുടെ പ്രാർത്ഥനയാണു്.

അവൾ പ്രഭാതത്തിൽ ഉണർന്നെഴുന്നേറ്റു് ക്ലേശകരങ്ങളായ ദിനകൃത്യങ്ങൾ ബദ്ധപ്പാടോടെ ആരംഭിക്കുന്നതിനിടയിൽ, ധൃതഗതിയിലാണെങ്കിലും ഹൃദയപൂർവം ആ ദിവസത്തെയും അവളുടെ എല്ലാ പ്രവൃത്തികളേയും ദൈവത്തിനു സമർപ്പിക്കുന്നതു് അമ്മയുടെ പ്രാർത്ഥനയാണു്.

അവളുടെ ഓരോ പ്രവൃത്തികളെപ്പറ്റിയും അന്യർക്കുള്ള അനേകം പരാതികളെ ക്ഷമയോടെ സഹിക്കുന്നതും ക്ലേശകരങ്ങളായ ചില 'മുശുകട'ജോലികൾ ചെയ്തുതീർക്കുവാൻ മുറുമുറുപ്പു കൂടാതെ അനേകംപ്രാവശ്യം വീണ്ടും വീണ്ടും കയറിയിറങ്ങി നടക്കുന്നതും അമ്മയുടെ പ്രാർത്ഥനയിൽപെട്ടതു്.

സുഖമില്ലാതെ ശയ്യാവലംബിയായ കൊച്ചുമകനേയും അവന്റെ കിടക്കയേയും രാത്രിയിൽ പലപ്രാവശ്യം പരിശോധിച്ചു് അവനെ വേണ്ടവിധം പരിചരിക്കുവാൻ ശ്രദ്ധചെലുത്തുന്നതും, അവൻ മലിനമാക്കിയതറ അപ്പഴപ്പോൾ ശുചിയാക്കിയിടുന്നതും അമ്മയുടെ പ്രാർത്ഥനയിൽപെട്ടതു്.

മക്കൾ വിദ്യാലയത്തിൽനിന്നു മടങ്ങിവരുമ്പോൾ അവരെ സ്നേഹപൂർവം സ്വീകരിക്കുവാൻ വണ്ടി വീട്ടിൽതന്നെ തയ്യാറായിനില്ക്കുന്നതും, ആനന്ദകരമായിരിക്കാവുന്ന ചില സുഹൃൽസമ്മേളനങ്ങളിൽ, 'ഗർഭിണിയുടെ അസൗകര്യങ്ങൾ' നിറഞ്ഞ താൻ സന്നിഹിതയാകാതെ സന്തോഷപൂർവം പിന്മാറുന്നതും ഒരമ്മയുടെ പ്രാർത്ഥനതന്നെ.

മുതിർന്നയാളുകൾ നടത്തുന്ന മികച്ച ചർച്ചകളുടെ ഗംഭീരധ്വനിയേക്കാൾ നിർദ്ദോഷികളായ സ്വന്തമക്കളുടെ നിരർത്ഥകമായിരിക്കാവുന്ന 'കലകല' ശബ്ദം ശ്രവിക്കുന്നതിൽ കൂടുതൽ ആനന്ദംകൊള്ളുന്ന കണ്ണുപൂടങ്ങളാണമ്മയുടെ പ്രാർത്ഥന.

അമ്മയുടെ പ്രാർത്ഥന, മാപ്പുനല്കുവാൻ വേണ്ടിയുള്ളൊരു ന്യായവാദംകൂടിയാണു്. കാരണം, വല്ല മനഃക്ലേശത്തോടുകൂടിയിരിക്കുമ്പോഴെങ്കിലും അവൾ പ്രയോഗിച്ചിട്ടുള്ള ചില പരുഷവാക്കുകൾ അവളുടെ അരുമസന്താനങ്ങളുടെ മൃദുലഹൃദയങ്ങളെ മുറിപ്പെടുത്തിയിട്ടുണ്ടാകും.

അവളുടെ ശിശുവിന്റെ ഒരു പനിയൊ മറ്റെന്തെങ്കിലും സുഖക്കേടൊ ഭേദമായതിനു് ദൈവത്തോടുള്ളൊരു ഉപകാരസ്മരണയായിരിക്കും ചിലപ്പോൾ അമ്മയുടെ പ്രാർത്ഥന. ഒരുപക്ഷെ ആ പ്രാർത്ഥന അവളുടെ ഹൃദയാന്തർഭാഗത്തുനിന്നു് മൃദുലസ്വരത്തിൽ പുറപ്പെട്ടനാരു അനുഗ്രഹാർത്ഥനയാണെന്നുവരാം. യാതൊരു ശത്രുക്കളും യാതൊരുവിധ ഭയങ്ങളും യാതൊരു സാന്ദ്രാർശ്ശികരോഗികളും നിമിത്തം അവളുടെ അരുമസന്താനങ്ങൾക്കു് യാതൊരാപത്തും വരുത്തരുതേയെന്നുള്ളൊരനുഗ്രഹപ്രാർത്ഥന!

പുൽക്കൂട്ടിൽ അവതീർണ്ണനായ അത്ഭുതശിശുവിനു നല്കുന്ന ആരാധനയും ഒരമ്മയുടെ പ്രാർത്ഥനതന്നെ.

സമയമാകുന്നതിനുമുമ്പു് വളർച്ചപ്രാപിക്കുന്നതിനുള്ള വ്യഗ്രതയിൽ മാതാപിതാക്കന്മാരിൽനിന്നു വേർപെട്ടപോയ മകനോടുള്ള വാത്സല്യപ്രകടനമാണിതു്.

'കുരിശിൽ' കിടക്കുന്ന 'പുത്രനെ' സമാശ്വസിപ്പിക്കാനുള്ള ഒരുൽക്കടോദാഹമാണതു്!

ഒരമ്മയുടെ പ്രാർത്ഥന! ഹാ! അതൊരു സുകൃതജപോച്ചാരണമാണു്. ആഹാരത്തിനിരിക്കുമ്പോഴൊ നിദ്രയ്ക്കു പോകുമ്പോഴൊ മറ്റവസരങ്ങളിലൊ അവൾ ചൊല്ലുന്ന സുകൃതജപങ്ങൾ!

"എന്റെ ദൈവമെ എന്നെ അവിടുത്തെ കൂടുതൽ വിശ്വസ്തയായ ദാസിയും നല്ല കത്തോലിക്കയും നല്ല ഭാര്യയും, നല്ല അമ്മയും ആക്കണമെ" എന്ന സുകൃതജപം

കഷ്ടപ്പാടും തലവേദനയുംകൊണ്ടു് കണ്ണുതുറക്കാൻ വയ്യാതെ തട്ടിത്തടഞ്ഞു് നടന്നു് ഔദ്വിധത്തിലുള്ള കൃത്യങ്ങൾ നിർവഹിക്കുന്നതും ഒരമ്മയുടെ പ്രാർത്ഥനയിൽപെട്ടതു.

അവളുടെ മക്കൾ, കാണരുതാത്ത ദിവ്യസ്വപ്നങ്ങളിൽ മുഴുകിയിരിക്കുന്നതിനെ തടഞ്ഞു്, അവരുടെ മനസ്സിനെ സൽക്കാര്യങ്ങളിൽ വ്യാപൃതരാക്കുന്നതും ഒരമ്മയുടെ പ്രാർത്ഥനതന്നെ.

സ്വന്തം പഴയവസ്ത്രങ്ങൾ, കഴിയുമെങ്കിൽ കുറേക്കാലത്തേയ്ക്കുകൂടി ഉപയോഗിച്ചുകൊണ്ടു് അതുമൂലം മക്കൾക്കു നല്ല പുതുവസ്ത്രങ്ങൾ വാങ്ങിക്കൊടുക്കുവാൻ സ്വാർത്ഥതവെടിഞ്ഞു് സ്നേഹപൂർവം ത്യാഗം സഹിക്കുന്നതും ഒരമ്മയുടെ പ്രാർത്ഥനയാണു്.

ചാപല്യമേ! നിന്റെ പേർ സ്ത്രീ എന്നല്ല പുരുഷൻ എന്നാണ്!!

തോമസ് മലങ്കര

സ്ത്രീകൾ പൊതുവെ അബലകളാണെന്ന ഒരു ധാരണയുണ്ട്. "ചാപല്യമേ നിന്റെ പേർ സ്ത്രീ" എന്നു ചില പ്രസിദ്ധ കവികളും എഴുതിയിട്ടുണ്ട്. എന്നാൽ അതു തെറ്റാണ്. വാസ്തവത്തിൽ സ്ത്രീകളേക്കാൾ പുരുഷന്മാരാണ് ദുർബലർ എന്നു ഈയിടെ ശാസ്ത്രീയഗവേഷണംകൊണ്ടു വെളിപ്പെട്ടിരിക്കുന്നു. താഴെപ്പറയുന്ന പ്രശ്നങ്ങളാണ് പരീക്ഷണത്തിനു വിഷയമായതു്.

സ്ത്രീയാണൊ പുരുഷനാണൊ ഒരാപൽഘട്ടത്തിൽ കൂടുതൽ ശാന്തരായി നില്ക്കുന്നതു്?

വികാരങ്ങളെ നിയന്ത്രിക്കാൻ സ്ത്രീകളെക്കാൾ തങ്ങൾക്കു കഴിവുണ്ടെന്നു പുരുഷന്മാക്കൊരു വിചാരമുണ്ട്. മാനസികവികാരങ്ങൾക്കു് തങ്ങൾ സാധാരണ വിധേയരാവാറില്ലെന്നും, പരീക്ഷണഘട്ടങ്ങളിലും അടിയന്തിരാവസ്ഥകളിലും പ്രശാന്തത കൈവെടിയാതെ നില്ക്കാമെന്നും അവർ അഹങ്കരിക്കാറുണ്ട്,

അമേരിക്കയിലെ രണ്ടു സുപ്രസിദ്ധ സർവകലാശാലകളിലെ മനഃശാസ്ത്രജ്ഞന്മാർ വിവിധ ജീവിതനിലകളിൽപെട്ട നൂറുകണക്കിനു് പുരുഷന്മാരേയും സ്ത്രീകളേയും അട്ടത്തു പഠിച്ചുനോക്കി. സ്ത്രീകൾ നിസ്സാരസംഗതികളിൽ പെട്ടെന്നു ഇളക്കംകൊള്ളുമെങ്കിലും ഒരു വിപൽഘട്ടത്തിൽ പുരുഷനേക്കാൾ പ്രശാന്തത പാലിക്കുവാൻ സ്ത്രീകൾക്കാണു കഴിവുള്ളതെന്നു അവർ മനസ്സിലാക്കി.

പുരുഷന്മാരാണൊ സ്ത്രീകളേക്കാൾ പൊങ്ങച്ചം കാണിക്കുന്നതു്?

പുരുഷസ്വഭാവം ഒരുതരം കപ്പൽപ്പായ്ക്കു തുല്യമാണു്. നല്ല കാറ്റു കിട്ടിയാൽ അതങ്ങനെ പാറിപ്പറന്നു നില്ക്കും. മനഃശാസ്ത്രപണ്ഡിതന്മാരുടെ അഭിപ്രായത്തിൽ പുരുഷന്മാർ സ്വന്തം കഴിവുകളും നേട്ടങ്ങളും സൽകൃത്യങ്ങളും പൊലിപ്പിച്ചുകാണിക്കാൻ സമർത്ഥരാണു്. സ്ത്രീകളാകട്ടെ, വേഷാലങ്കാരങ്ങളിലും നടത്തയി

അമ്മയുടെ പ്രാർത്ഥനയാണു്, സന്തം മക്കൾ നമസ്കരിക്കുന്നതു കേൾക്കുമ്പോൾ ഹൃദയം കുളിർന്നാനന്ദിക്കുന്നതും അതിനുശേഷം അവരെ താരാട്ടുപാടി ഉറക്കുന്നതും. അവളുടെ സ്വന്തം നിശാപ്രാർത്ഥന ചിലപ്പോൾ ഉറക്കംതൂങ്ങിക്കൊണ്ടു് ആകപ്പാടെ കൂട്ടിക്കുഴച്ചു് ഒരുവിധത്തിലങ്ങു മുക്കിമൂളി ചൊല്ലിത്തീരാതെ തീർക്കയായിരിക്കും.

"ദയാപരനായ ദൈവമെ, എന്റെ കുഞ്ഞുങ്ങൾക്കു് എന്നെ ആവശ്യമായിരിക്കുന്നിടത്തോളംകാലം എന്നെ ജീവിക്കുവാൻ അനുഗ്രഹിക്കണമെ" – എന്നു് നിദ്രാഹീനമായ നിശയുടെ നിശബ്ദതയിൽ അവൾ പുറപ്പെടുവിക്കുന്ന നിശ്വാസവും അമ്മയുടെ പ്രാർത്ഥനയാണു്.

രാത്രിയിൽ ദുസ്വപ്നങ്ങൾ കണ്ടു് ഭയന്നു ഞെട്ടിക്കരയുന്ന അരുമക്കുഞ്ഞിനെ ആശ്വസിപ്പിപ്പാൻ, ഒരുപ്പൊ വിദ്വേഷമൊ കൂടാതെ ഉണർന്നാക്കമിളച്ചിരിക്കുന്നതും അമ്മയുടെ പ്രാർത്ഥനതന്നെ.

തണുപ്പുകാലത്തെ രാത്രിയുടെ മദ്ധ്യത്തിൽ കമ്പിളിവസ്ത്രങ്ങൾക്കുള്ളിൽ ചുരുട്ടിപിടിച്ചു് സുഖനിദ്രചെയ്യുന്നതിനിടയിൽ, കരയുന്ന കുഞ്ഞിനെ, അവിടെനിന്നു സന്തോഷപൂർവം ഉണർന്നഴുന്നേറ്റു് ഇറങ്ങിച്ചെന്നു പാലൂട്ടുന്നതും അമ്മയുടെ പ്രാർത്ഥനയാണു്. അല്ലെങ്കിൽ കൂട്ടത്തിൽകിടന്നുറങ്ങുന്ന കൊച്ചുകള്ളൻ മലമൂത്രവിസർജ്ജനംചെയ്തു് നനച്ചുകുഴച്ചു കിടക്കുവിരിയും ഉടുതുണിയും മാറ്റി വേറെ നല്ലവസ്ത്രം ഉപയോഗിക്കുവാൻ, കോപമൊ മുറുമുറുപ്പൊ കൂടാതെ ക്ലേശിക്കുന്നതും ഒരമ്മയുടെ പ്രാർത്ഥനയിൽപെടുന്നു.

മകൻ ഉദ്യോഗസ്ഥലത്തുനിന്നു തിരിച്ചുവരുന്നതു പ്രതീക്ഷിച്ചു് രാത്രിയായാലും അക്ഷമയായി കാത്തിരിക്കുന്നതു ഒരമ്മയുടെ പ്രാർത്ഥനതന്നെ.

അവളുടെ അരുമക്കുഞ്ഞുങ്ങളായ മക്കളുടെ വിവാഹാവസരത്തിൽ അവളുടെ ചുണ്ടുകളിൽ മൊട്ടിടുന്ന മനോഹരമായ പുഞ്ചിരിയും പ്രാർത്ഥനയാണു്. മകൾക്കനുയോജ്യനായ ഒരു വരനെ തിരഞ്ഞെടുക്കുവാൻ അവളെ ആത്മാർത്ഥമായി സഹായിച്ചു് യഥാകാലം അവളെ ജീവിതാന്തസ്സിൽ ഉറപ്പിക്കുന്നതു് അമ്മയുടെ പ്രാർത്ഥനയാണു്.

മകളെ ആദ്യമായി നവവരനോടൊന്നിച്ചു് ഭർത്തൃഗൃഹത്തിലേയ്ക്കു യാത്രയാക്കുമ്പോൾ വേർപാടുകൊണ്ടു വേദനിക്കുന്ന ഹൃദയത്തോടുകൂടിയാണെങ്കിലും അവൾക്കു പുതുജീവിതത്തിൽ ഹൃദയംഗമമായി മംഗളം നേരുന്നതും ഒരമ്മയുടെ പ്രാർത്ഥനയിൽ ഉൾപ്പെടുന്നു.

വിശ്വാസത്തിനും ദൈവാനുഗ്രഹത്തിനും മാത്രമെ തന്റെ കുഞ്ഞിനെ രക്ഷിക്കുവാൻ സാദ്ധ്യമാകൂ, എന്നു ബോധ്യപ്പെടുന്ന വിഷമഘട്ടങ്ങളിൽ, മനസ്സു പതറാതെ അവയെത്തന്നെ ആലംബമാക്കുന്നതും ഒരമ്മയുടെ പ്രാർത്ഥനയാണു്.

മക്കൾക്കു അവളുടെ സഹായം ആവശ്യമില്ലെന്നു തോന്നുന്ന ഘട്ടം മുതൽ അവർക്കു വേണ്ടത്ര സ്വാതന്ത്ര്യം നല്കി അവരെ അനുഗ്രഹിക്കുന്നതും ഒരമ്മയുടെ പ്രാർത്ഥനയിൽപ്പെടുന്നു. ഒരമ്മയുടെ പ്രാർത്ഥനയാണു് ഉത്തമമായ ഭർത്തൃഭക്തിയും ഭർത്തൃസ്നേഹവും. അതുപോലെതന്നെ ഭാര്യാതത്ത്വത്തിന്റേയും കടമകളുടെ ശരിയായ നിർവഹണവും!

ചുരുക്കിപ്പറഞ്ഞാൽ, എന്നും ദിനചര്യയുടെ ആരംഭത്തൽ, ദൈവത്തിനു കാഴ്ചവയ്ക്കുന്ന അവളുടെ ആനന്ദങ്ങളും സങ്കടങ്ങളും ആശകളും വേദനകളും ത്യാഗങ്ങളുമെല്ലാം ഒരമ്മയുടെ പ്രാർത്ഥനതന്നെ. അതെ, അവളുടെ ഓരോ ദിവസങ്ങളിലേയും എല്ലാ നിമിഷങ്ങളേയും ദൈവത്തിനു സമർപ്പിക്കലാണതു്.

ലും അല്പം പുറംപൂച്ച് കാണിക്കുമെങ്കിലും സ്വതവെ അവർ വ്യക്തിപരമായ കഴിവുകളെ തരംതാഴ്ത്തിയെ പ്രകടിപ്പിക്കാറുള്ളൂ. എന്നുവിചാരിച്ച് എല്ലാ പുരുഷന്മാരും പൊങ്ങച്ചക്കാരാണെന്നും എല്ലാ സ്ത്രീകളും അടക്കമൊതുക്കമുള്ളവരാണെന്നും വിധിക്കരുത്. പൊതുവെ പറഞ്ഞാൽ പുരുഷനാണ് സ്ത്രീയേക്കാൾ സ്വന്തം മേന്മയെക്കുറിച്ചു കൂടുതൽ അഹങ്കരിക്കുക.

മറ്റുള്ളവരുടെ വിചാരവികാരങ്ങളെ അളക്കാൻ പുരുഷനാണൊ സ്ത്രീയേക്കാൾ കഴിവുള്ളത്?

അല്ല. സ്ത്രീകളാണ് മറ്റുള്ളവരുടെ ചിന്താഗതിയെ മനസ്സിലാക്കുവാൻ സമർത്ഥർ.

പല ശാസ്ത്രീയഗവേഷണങ്ങളും ഇതു വ്യക്തമാക്കിയിട്ടുണ്ട്. "ആ മനുഷ്യനെ ഒരു പുസ്തകം എന്നപോലെ വായിച്ചു മനസ്സിലിക്കാൻ സാധിക്കും" എന്നു് ഒരു സ്ത്രീ പറഞ്ഞാൽ അതു പരമാർത്ഥമാണ്. ഒരു പുരുഷനു് ഒരു സ്ത്രീയെക്കുറിച്ചു അത്ര കട്ടായമായി പറയാൻ സാധിക്കുകയില്ല. അതുകൊണ്ടാണല്ലൊ തന്റെ ഭാര്യയെ പറ്റിക്കാൻ ഒരു ഭർത്താവിനു വളരെ പ്രയാസമുള്ളതു്. എന്നാൽ അവൾക്കാകട്ടെ ഭർത്താവിനെ പറ്റിക്കാൻ അതുയും ബുദ്ധിമുട്ടില്ല.

ലണ്ടൻസർവകലാശാലയിൽ നടത്തിയ പരീക്ഷണങ്ങൾ ഇതു ശരിയാണെന്നു കാണിക്കുന്നു. ഫോട്ടോകൾ കണ്ടശേഷം അവരുടെ സ്വഭാവത്തെക്കുറിച്ചു വിധി പറയുക എന്നതായിരുന്നു പ്രധാന പരീക്ഷ. അതിൽ സ്ത്രീകളുടെ നിഗമനങ്ങളായിരുന്നു കൂടുതൽ ശരിയായിരുന്നതു്. അതുമ്മു സൂക്ഷ്മതയോടെ മറ്റൊരാളെക്കുറിച്ചു അഭിപ്രായം പറയാൻ സ്ത്രീകൾക്കു കഴിവുണ്ടു്.

സ്ത്രീകളേക്കാൾ നന്നായി തങ്ങളുടെ ആശയങ്ങൾ പ്രകടിപ്പിക്കുവാൻ പുരുഷന്മാക്കില്ലെ കഴിവുള്ളതു്?

അല്ല. തങ്ങളുടെ ആശയങ്ങൾ മറ്റുള്ളവരെ ഗ്രഹിപ്പിക്കുവാൻ സ്ത്രീകൾക്കാണു കൂടുതൽ സാമർത്ഥ്യം. മനഃശാസ്ത്രവിദഗ്ധന്മാരുടെ അഭിപ്രായത്തിൽ സ്ത്രീകൾക്കാണു പുരുഷന്മാരേക്കാൾ ഭാവനാശക്തിയും അതുകുറിച്ചു കൂടുതൽ ബോധവും ഉള്ളതു്. അല്ലെങ്കിൽ ഒരുദാഹരണം നിങ്ങൾതന്നെ എടുത്തു പരീക്ഷിക്കുക: ഏതെങ്കിലും ഒരു വസ്തുവിനെക്കുറിച്ചു പെട്ടന്നു് ഒരഭിപ്രായം ചോദിക്കുക. പുരുഷൻ പറ്റിയ വാക്കു കണ്ടുപിടിക്കാൻ തപ്പുമ്പോഴേയ്ക്കും സ്ത്രീ അവളുടെ ആശയം ഏതെങ്കിലും തരത്തിൽ പ്രകടിപ്പിച്ചുകഴിയും.

മറ്റൊരാളെ ആശ്രയിക്കാനുള്ള പ്രവണത ആർക്കാണു കൂടുതൽ?

സ്ത്രീകളാണ് കൂടുതൽ പരാശ്രയബോധം കാണിക്കുക എന്നാണ് നാം ധരിച്ചുവച്ചിരിക്കുന്നതു്. അതു തെറ്റാണു്. സ്ത്രീയല്ല പുരുഷനാണ് ഇവിടെയും താഴെ നില്ക്കുന്നതു്. ആധുനികപരീക്ഷണങ്ങൾ അതു തെളിയിച്ചു. ഒറ്റയ്ക്കു ജീവിക്കുന്ന സ്ത്രീയാണ് ഒറ്റയ്ക്കു ജീവിക്കുന്ന പുരുഷനേക്കാൾ തന്റെ കാര്യങ്ങൾ ഭംഗിയായി നടത്തി അന്തസ്സോടും ആനന്ദത്തോടും സാഹചര്യങ്ങൾ കൊണ്ടു മുന്നോട്ടപോകുന്നതു്. വ്യക്തിപരമായ ഓരോരോ പ്രശ്നങ്ങൾ ഉണ്ടാകുമ്പോഴും അവൾ അപ്പഴപ്പോൾ അതിനു പോംവഴി കണ്ടു മുമ്പോട്ടു പൊയ്ക്കൊള്ളും.

പുരുഷനാണൊ സ്ത്രീകളേക്കാൾ കൂടുതൽ വിഡ്ഢിത്തരവും ഭീഷണിയും കാണിക്കുന്നതു്?

അതെ. തന്റെ നിലപാടു് നിശ്ചയമില്ലാതായാൽ ഒരു പുരുഷനാണു് വേഗം ഭീഷണിയൊ വിഡ്ഢിത്തരമൊ കാണിച്ചു എടുത്തുചാടുന്നതു്. എന്നാൽ സാമൂഹ്യശാസ്ത്രജ്ഞന്മാരുടെ അഭിപ്രായത്തിൽ സ്ത്രീകൾ അങ്ങനെയല്ല. തങ്ങളുടെ തീരുമാനത്തെക്കുറിച്ചു നിശ്ചയമില്ലാഞ്ഞാൽ അവൾ കൂടുതൽ യാഥാസ്ഥിതികമനസ്ഥിതി കാണിക്കുന്നു. എന്നാൽ ഒരു സ്ത്രീ തന്റെ നിലപാടു് ശരിയാണെന്നു നിശ്ചയമാക്കിക്കഴിഞ്ഞാൽ പുരുഷനേക്കാൾ തീവ്രതയോടെ അവൾ അതിൽ മുറുകെപ്പിടിക്കും.

പരാജയപ്പെട്ട സ്നേഹബന്ധങ്ങളുടെ മുമ്പിൽപുരുഷനല്ലെ സ്ത്രീയേക്കാൾ പൊട്ടിത്തകരുന്നതു്?

അതെ. സാധാരണ നാം പറയാറുള്ളതു മറിച്ചാണല്ലൊ. എന്നാൽ മനഃശാസ്ത്രജ്ഞന്മാർ ഇവിടെയും പുരുഷന്മാരുടെ തകർച്ചയെയാണു് കൂടുതൽ ചൂണ്ടിക്കാണിക്കുന്നതു്. സ്നേഹമിടപാടുകളിലെ ആകാശക്കോട്ടകൾ തകരുമ്പോൾ സ്ത്രീയെക്കാൾ പുരുഷൻ പെട്ടെന്നു തളർന്നുപോകുന്നു. ലോകാനുഭവവും സാക്ഷിയാണു്. പ്രേമനൈരാശ്യത്തിലും മറ്റും പെട്ടു് പുരുഷന്മാരാണു പെട്ടെന്നു മാനസികരോഗികളാകുന്നതും മദ്യപാനികളാകുന്നതും. ആത്മഹത്യയ്ക്കും പുരുഷന്മാരാണു കൂടുതൽ.

സ്ത്രീകളേക്കാൾ ശ്രവണശക്തി പുരുഷന്മാക്കുണ്ടൊ?

ഇല്ല ലോകപ്രസിദ്ധമായ ഒരു ഇൻഷ്വറൻസ്കമ്പനി നടത്തിയ പരീക്ഷണറിപ്പോർട്ടിലും പറയുന്നതു് പുരുഷന്മാരേക്കാൾ കേൾവിശക്തി സ്ത്രീകൾക്കാണെന്നാണു്. (നൃസ്പിടിക്കാൻ നമ്മുടെ പാട്ടിലും അവരാണല്ലൊ മിടുക്കർ.) ശ്രവണശക്തി നഷ്ടപ്പെട്ടിരിക്കുന്ന പുരുഷന്മാർ സ്ത്രീകളേക്കാൾ വളരെ കൂടുതലാണു്. ("എന്നാ പറഞ്ഞതു്?" എന്നു ഭാര്യയോടു തട്ടിക്കയറുന്ന ഭർത്താവു്, വാസ്തവത്തിൽ ഭാര്യ പറഞ്ഞതു കേൾക്കാഞ്ഞിട്ടാണു് അങ്ങനെ ചോദിക്കുന്നതു്. അതിനാൽ ഇനിമേൽ ആ പാവത്തിനോടു ക്ഷമിക്കുക.)

പുരുഷന്മാരേക്കാൾ സാംസ്കാരികബോധമുള്ളതു് സ്ത്രീകൾക്കാണൊ?

അതെ. ഹാവാർഡ് സർവകലാശാലയുടെ സാമൂഹ്യശാസ്ത്രവകുപ്പിന്റെ പരീക്ഷണത്തിൽ സ്ത്രീകൾക്കാണു് സാംസ്കാരികരംഗങ്ങളിൽ സ്വാഭാവികമായും കൂടുതൽ അഭിരുചിയുള്ളതു് എന്നതെളിയുന്നു. സംഗീതം, അഭിനയം, സാഹിത്യം, മറ്റു കലാവിഭാഗങ്ങൾ ഇതെല്ലാം ആസ്വദിക്കാനും ഇതിലെല്ലാം പ്രകാശിക്കാനും അവർക്കാണു കൂടുതൽ വാസനയുള്ളതു്.

സ്ത്രീകൾക്കാണൊ പുരുഷന്മാരേക്കാൾ നല്ല സ്വരമുള്ളതു്?

അതെ. മേൽപ്പറഞ്ഞ സർവകലാശാലതന്നെ ഇതു ശരിയാണെന്നു സമർത്ഥിച്ചുകൊണ്ടു് പ്രസ്താവിക്കുന്നു: "തീരെ ചെറിയ പെൺകുട്ടികൾക്കുപോലും പെട്ടെന്നു ഒരു പാട്ടു് പഠിക്കാനും അതു് ഓർത്തിരിക്കാനും വലിയ പാട്ടുകാരോടൊത്തു പാടാനും സാധിക്കുന്നു എന്നതു

ലൂവയിൻ സർവകലാശാല

"ബൽജിയംകാരിയായ ഒരു പെൺകുട്ടിക്ക് ഇന്ത്യയിലെ ഒരു കത്തോലിക്കാ സർവകലാശാലയിൽ ചേർന്നുപഠിക്കുവാൻ എന്നു നാം അവസരം കൊടുക്കും."

അന്നക്കുട്ടി നരിക്കുഴി

ബാംഗ്ലൂരിൽ ഒരു കത്തോലിക്കാമെഡിക്കൽകോളേജ് ഇക്കൊല്ലം മുതൽ പ്രവർത്തനമാരംഭിക്കുന്നു എന്ന വാർത്ത വിദേശത്തു പഠിച്ചുകൊണ്ടിരിക്കുന്ന ഇന്ത്യക്കാരായ കത്തോലിക്കാ വിദ്യാർത്ഥികൾക്ക് വളരെയധികം സന്തോഷം നല്കുമെന്നാണ് എന്റെ വിചാരം. അമേരിക്കയിലും ജർമ്മനിയിലും ഫ്രാൻസിലും –ഇവിടെ ബൽജിയത്തിലും– വിദ്യാഭ്യാസസ്സംബന്ധമായ കാര്യങ്ങൾക്കു ഞാൻ താമസിക്കുകയും യാത്ര ചെയ്യുകയും ചില കോൺഫ്രൻസുകളിൽ സംബന്ധിക്കുകയും ചെയ്തപ്പോഴെല്ലാം, ഇന്ത്യയിൽ പുരാതനകാലം മുതല്ക്കേ കത്തോലിക്കർ ഉണ്ടായിരുന്നെന്നും ഇന്നു നമ്മുടെ ചില രൂപതകൾ ലോകത്തിലെ ഏറ്റം മെച്ചപ്പെട്ട രൂപതകളോടൊപ്പം നില്ക്കാൻ കരുത്തുള്ളവയാണെന്നും തെളിയിക്കാൻ ഞാൻ വളരെ പണിപ്പെട്ടിട്ടുണ്ട്. തോമാശ്ലീഹായുടെ കേരളത്തിലെ ചരിത്രം എത്രതെളിവുസഹിതം പറഞ്ഞാലും പലർക്കും അതു മനസ്സിലാക്കാൻ സാധിക്കുന്നില്ല. അവരുടെ വിചാരം, ഇന്ത്യ -കേരളം ഉൾപ്പടെ- ഒരു തനി മിഷൻപ്രദേശമാണെന്നാണ്. കഷ്ടിച്ച് വി. ഫ്രാൻസീസ് സേവിയറിന്റെ കാലം മുതൽ കുറെ കത്തോലിക്കരുണ്ടായിട്ടുണ്ടെന്നു ചിലർ സമ്മതിക്കും. അന്നു മാനസാന്തരപ്പെട്ടവർതന്നെ ഒരുതരം പുരാക്രിസ്ത്യാനികളായി ജീവിക്കുന്നുവെന്നുമാണ് ചില പാശ്ചാത്യരുടെ ധാരണ. ഒരു കണക്കിനു ഈ തെറ്റിദ്ധാരണയ്ക്കു കാരണം നമ്മളല്ലെ നമ്മുടെ ദീർഘദൃഷ്ടിക്കുറവല്ലെ എന്നു സംശയിക്കുന്നു. ഇന്ത്യയിലെ ചില പ്രദേശങ്ങളിലെ, പ്രത്യേകിച്ച് കേരളത്തിലെ, കത്തോലിക്കരുടെ വിശ്വാസവും വിശ്വാസപ്രകടനങ്ങളും കെട്ടുബന്ധജീവിതവും ആചാരരീതികളും നമ്മുടെ ബാലികാബാലന്മാരുടെ അടക്കമൊതുക്കവും വിശിഷ്യ, സ്ത്രീകളുടെ വസ്ത്രധാരണരീതിയും നമ്മുടെ കുടുംബപ്രാർത്ഥനയും നമ്മുടെ പള്ളികളും ചില സ്ഥാപനങ്ങളും ഈ വെള്ളക്കാർ ഒന്നു കണ്ടിരുന്നെങ്കിൽ എന്നു ഞാൻ ഓർക്കാറുണ്ട്. അതുണ്ടു അഭിമാനകരവും ആദർശപൂർണ്ണവുമാണ് നമ്മുടെ മിക്ക കത്തോലിക്കകുടുംബങ്ങളിലേയും ജീവിതം. ആധ്യാത്മികവും ആഭ്യന്തരവുമായ കാര്യങ്ങളിൽ പൊതുവെ നാം നല്ല നിലവാരം പാലിക്കുന്നു. എന്നാൽ അതോടൊപ്പം നമ്മുടെ കത്തോലിക്കചൈതന്യം സാമൂഹിക സാംസ്കാരികമണ്ഡലങ്ങളിൽ വേണ്ടിടത്തോളം പ്രതിഫലിച്ചിട്ടില്ല. അതുകൊണ്ടാണ് പുറത്തുള്ളവർ നമ്മെ അറിയാതിരിക്കുന്നതു്. തന്മൂലം ഇന്ത്യൻകത്തോലിക്കർക്ക് ന്യായമായി കിട്ടാമായിരുന്ന മഹത്വവും പല ആനുകൂല്യങ്ങളും കിട്ടാതെപോയിട്ടില്ലെ!

കത്തോലിക്കാ സർവകലാശാല

ഈ വസ്തുത മനസ്സിലാക്കിക്കൊണ്ട് ഇന്ത്യയിലെ വന്ദ്യമെത്രാനച്ചന്മാർ പല നവീനപദ്ധതികളും ആവിഷ്കരിച്ചുകൊണ്ടിരിക്കുന്നതു് സന്തോഷകരമാണ്. ഒരു കത്തോലിക്കാ സർവകലാശാല ഉയിരെടുത്തിരുന്നെങ്കിൽ വളരെ നന്നായിരുന്നു. അതിന്റെ മുന്നോടിയായിട്ട് ബാംഗ്ലൂർ മെഡിക്കൽകോളേജ് ചിലർ ചൂണ്ടിക്കാട്ടുന്നുണ്ട്. അതു കേൾക്കുമ്പോൾ ഉണ്ടാകുന്ന സന്തോഷം എത്രമാത്രമാണെന്നു്, ഒരു നല്ല സർവകലാശാലയുടെ നിലയും വിലയും സ്വാധീനശക്തിയും അറ്റത്തറിയാവുന്നവക്കു മാത്രമെ, മനസ്സിലാക്കുവാൻ പറ്റുകയുള്ളൂ. ലോകപ്രസിദ്ധമായ ഈ ലൂവയിൻ യൂണിവേഴ്സിറ്റിയിലെ ഒരു ചെറിയ വിദ്യാർത്ഥിയായ ഞാൻ ഈ കത്തോലിക്കസ്ഥാപനത്തിന്റെ മഹത്വം ഓർത്തു ചിലപ്പോൾ അമ്പരന്നുപോയിട്ടുണ്ട്. ലൂവയിനെപ്പറ്റി രണ്ടു വാക്കു പറയട്ടെ.

ലൂവൈൻ സർവകലാശാല

ലോകത്തിലെ ഏറ്റവും പുരാതനവും പ്രശസ്തവുമായ കത്തോലിക്കാ സർവകലാശാലയാണ് ലൂവയിൻ. അഞ്ഞൂറ്റാണ്ടുകാലത്തെ പഴക്കമുണ്ടതിനു്. 1425ൽ അഞ്ചാം മാർട്ടിൻ മാപ്പാപ്പാ നേരിട്ടു സ്ഥാപിച്ച യൂണിവേഴ്സിറ്റിയാണ് ലൂവയിൻ. മാപ്പാപ്പാമാരുടെ നിർദ്ദേശപ്രകാരം ഇതിനുമുമ്പും ചില പ്രശസ്ത വിദ്യാസ്ഥാനങ്ങൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും നൂറ്റാണ്ടുകളുടെ തകിടംമറിച്ചിലുകളിൽ പെട്ട് അവയിൽ പലതും കൈവിട്ടുപോയി; ചിലതൊക്കെ നശിച്ചുംപോയി. എന്നാൽ ദൈവപരിപാലനയുടെ പ്രത്യേകശക്തിയാൽ

തന്നെ സ്ത്രീക്ക് സ്വരമാധുര്യത്തിൽ പുരുഷനെ ജയിക്കാൻ സാധിക്കും എന്നതിന്റെ തെളിവാണ്." (ഒരു പക്ഷെ കൂവാനും കൊരവയിടാനും ആണുങ്ങളായിരിക്കും മിടുക്കർ!)

ഭാര്യാ ഭർത്തൃതർക്കങ്ങളിൽ ആരാണു ജയിക്കുക?

ഹാവാർഡ് സർവകലാശാലയുടെ ഗവേഷണത്തിൽ സ്ത്രീയാണ് ജയിച്ചുനില്ക്കുന്നതു്. അഭിപ്രായവ്യത്യാസമുണ്ടാകുമ്പോൾ സ്ത്രീയാണ് വ്യക്തമായും മുനവച്ചു സംസാരിക്കുന്നതു്. കാരണം, നല്ല കണക്കിനു കാര്യങ്ങൾ പറയാൻ സാധാരണയായി സ്ത്രീക്കാണ് കഴിവു കൂടുതൽ. തന്റെ കാര്യം കൂടുതൽ ശക്തിയോടും, വലിച്ചുനീട്ടിയും ഉറപ്പുള്ള കാര്യകാരണബന്ധങ്ങൾ കൂട്ടിയും അവതരിപ്പിക്കാൻ അവൾക്കാണു സാമർത്ഥ്യം.

ഈ യാഥാർത്ഥ്യങ്ങൾ വച്ചു നോക്കുമ്പോൾ സ്ത്രീ അബലയാണെന്നും അവൾ ചാപല്യത്തിന്റെ പര്യായമാണെന്നും ഇന്നുവരെ നാം പറഞ്ഞുപോന്നതു് അബദ്ധമായിരുന്നു. ഒരുകണക്കിനു "ചാപല്യമേ നിന്റെ പേർ സ്ത്രീ" യെന്നല്ല പുരുഷൻ എന്നാണ്"? പുരുഷന്മാർ എന്തുപറയുന്നു? x

---

* കടപ്പാട് Catholic Digest

ലൂവയിൻ അന്നും ഇന്നും തല ഉയർത്തി തനി കത്തോലിക്ക സ്ഥാപനമായി നിലകൊള്ളുന്നു. അങ്ങനെ ഇന്നു ലോകത്തിലെ ഏറ്റവും പുരാതനവും പ്രസിദ്ധവുമായ കത്തോലിക്ക സർവകലാശാല എന്ന മേന്മ ലൂവയിൻ കരസ്ഥമാക്കിയിരിക്കയാണു്.

സ്വർഗ്ഗവും ഭൂമിയും

മനുഷ്യന്റെ ഈ ലോകത്തിലേയും പരലോകത്തിലേയും ജീവിതത്തെ സ്പർശിക്കുന്ന –സ്വർഗ്ഗത്തേയും ഭൂമിയേയും സ്പർശിക്കുന്ന– എല്ലാവിധ തത്വങ്ങളും ശാസ്ത്രങ്ങളും അവഗാഢം പഠിപ്പിക്കുകയും പഠിക്കുകയുംചെയ്യുന്ന ഒരു വിജ്ഞാനസാമ്രാജ്യമാണു ലൂവയിൻ സർവകലാശാലയെന്നു ചുരുക്കിപ്പറയാം. പതിനഞ്ചാം നൂറ്റാണ്ടിൽ ഈ യൂണിവേഴ്സിറ്റി ആരംഭിച്ചപ്പോൾ കല, സിവിൽനിയമം, കാനൻനിയമം, വൈദ്യം എന്നീ വകുപ്പുകളേ ഉണ്ടായിരുന്നുള്ളു. ആ നില മാറി ഇന്നു ഏറ്റവും നവീനമായ സയൻസുവിഭാഗങ്ങൾ ഉൾപ്പടെ ഏഴു വിഭാഗങ്ങളായി വർധിച്ചു. അതിനായി 21 വിദ്യാസ്ഥാപനങ്ങൾ ഈ ഒരു വൻ സ്ഥാപനത്തിന്റെ പരിധിയിൽ കാണാം. ഇതിലെല്ലാം കൂടി ഇപ്പോൾ ഡിഗ്രികളും ഡിപ്ലോമാകളുമായി 250 ഇനങ്ങളുണ്ടു്. ഏതെങ്കിലും ഡിഗ്രിക്കോ ഡിപ്ലോമായ്ക്കോ വേണ്ടി പഠിക്കുന്ന 15.000 വിദ്യാർത്ഥിനീവിദ്യാർത്ഥികളാണു് ഇപ്പോൾ ലൂവയിനിലുള്ളതു്. അതിൽ 1200 പേർ വൈദികരോ കന്യാസ്ത്രീകളോ ആയ വിദ്യാർത്ഥികളാണു്. ലൂവയിൻ സർവകലാശാല കത്തോലിക്കവിദ്യാർത്ഥികൾക്കു മാത്രമായിട്ടുള്ളതാണെന്നാണു് നിയമം. ഇതു് ഒരു പൊതുനിയമമെന്നേയുള്ളു. സർവകലാശാലയ്ക്കു് ആഗോളവ്യാപകമായ വീക്ഷണവും ബന്ധവും ഉണ്ടാക്കുന്നതിനും അന്താരാഷ്ട്രീയ പ്രാധാന്യം പുലർത്തുന്നതിനും വേണ്ടി ഇപ്പോൾ ലോകത്തിലെ 64 രാഷ്ട്രങ്ങളുടെ പ്രതിനിധികളായി 1000വിദ്യാർത്ഥിനീവിദ്യാർത്ഥികൾ ലൂവയിനിലുണ്ടു്. അതിൽ യഹൂദരും മുസ്ലിമുകളും ബുദ്ധമതക്കാരും ഹിന്ദുക്കളും ശരിയായ ഒരു മതമില്ലാത്തവരും പെടുന്നു. ഇതിനകം അനേകമനേകം മഹാന്മാരുടെ മാതൃവിദ്യാലയമാകുവാൻ ലൂവെയിനു ഭാഗ്യംലഭിച്ചിട്ടുണ്ടു്. ലൂവയിൻയൂണിവേഴ്സിറ്റിയുടെ ബിരുദങ്ങളും ബഹുമതികളും വിലയേറിയ ഒരു ഭൂഷണമായിട്ടാണു് എല്ലാ ലോകരാഷ്ട്രങ്ങളും കണക്കാക്കുന്നതു്. ഫ്രാങ്കളിൻ ഡി റൂസ്വെൽട്ടും ഐസൻഹോവറും ബിഷപ് ഫുൾട്ടൻ ജെ ഷീനും അതുപോലെ ലോകപ്രസിദ്ധരായ പലരും ലൂവയിൻ സർവകലാശാലയുടെ ബഹുമതിമുദ്രകൾ സ്വീകരിച്ചിട്ടുണ്ടു്.

ആദ്യകാലത്തു് 12 പ്രൊഫസർമാരാണു് ലൂവയിനിലുണ്ടായിരുന്നതു്. ഇന്നു് 720 പ്രൊഫസർമാരുണ്ടു്. ഇതിൽ ആറിലൊരുഭാഗം പ്രൊഫസർമാർ ബ. അച്ചന്മാരാണെന്നു് പ്രത്യേകം പ്രസ്താവിച്ചുകൊള്ളട്ടെ. നമ്മുടെ നാട്ടിൽ ഒരു കോളേജിലൊ സ്കൂളിലൊ ഒരച്ചൻ അദ്ധ്യാപകനായി നിയമിക്കപ്പെട്ടപ്പോൾ അവളാതി പറയുന്നവർ ലൂവയിനിലെ വൈദികപ്രൊഫസർമാരെപ്പറ്റി എന്തുപറയുമൊ!

ലൂവയിൻ എല്ലാക്കാലത്തും നവീനതപാലിക്കുന്നുണ്ടെന്നു മാത്രമല്ല, പലപ്പോഴും പല വിഷയങ്ങളിലും വളരെ ദീർഘദൃഷ്ടിയോടെ കടന്നുചിന്തിക്കുകയും മുൻകൂട്ടി ഓരോ സംരംഭത്തിൽ ഏർപ്പെടുകയും ചെയ്യുന്നു. 1943ൽ ലൂവയിനിൽ സ്ഥാപിച്ച കാൻസർ ഇൻസ്റ്റിറ്റ്യൂട് ലോകപ്രശസ്തി നേടുകയുണ്ടായി. ലോകത്തിൽ ഏറ്റവും കൂടുതൽ റേഡിയം വിനിയോഗിച്ചസ്ഥാപനവും ഇതുതന്നെയാണു്. ഇങ്ങനെ ശാസ്ത്രീയവും കലാപരവുമായ എല്ലാ മണ്ഡലങ്ങളിലും ലൂവയിൻ റിക്കാർഡ് സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു.

ആദർശധീരത

എല്ലാ വസ്തുക്കളേക്കാൾ ദൈവത്തെ സ്നേഹിക്കുകയും ആരാധിക്കുകയും ചെയ്യുക എന്ന പരമോന്നതലക്ഷ്യം ഈ സർവകലാശാല ഒരുകാലത്തും കൈവെടിഞ്ഞിട്ടില്ല. സത്യവിശ്വാസത്തെ സംരക്ഷിക്കാൻ ആരംഭകാലം മുതൽ ലൂവയിൻ മുൻപന്തിയിലുണ്ടു്. പതിനഞ്ചും പതിനാറും നൂറ്റാണ്ടുകളിൽ തിരുസ്സഭയ്ക്കു നേരിടേണ്ടിവന്നഅതിഭയങ്കരമായ വിപൽഘട്ടങ്ങളിൽധീരനായ ഒരു സൈന്യാധിപനെപ്പോലെ സഭയ്ക്കുവേണ്ടി പോരാടിയ വീരചരിത്രം ലൂവയിൻ സർവകലാശാലയ്ക്കുണ്ടു്. 1431ൽ ബേസിൽ നടന്ന സൂനഹദോസിൽ വച്ചു്, പാരീസ് സർവകലാശാലയുടെ ഒരബദ്ധസിദ്ധാന്തം– അതായതു് സൂനഹദോസുകൾ മാപ്പാപ്പായേക്കാൾ ശ്രേഷ്ഠമാണെന്ന സിദ്ധാന്തം–തെറ്റാണെന്നു് വാദിച്ചു് തിരസ്കരിക്കാൻ മുമ്പോട്ടവന്നതു് ലൂവയിൻ ആണു്. ലൂതറിനെ പരസ്യമായി എതിർക്കാനും ധൈര്യപൂർവം ആദ്യം രംഗത്തിറങ്ങിയതും ലൂവയിൻ സർവകലാശാലയിലെ ദൈവശാസ്ത്രപണ്ഡിതന്മാരാണു്. ഇന്നും ലൂവയിൻ ആ മഹത്തായ പാരമ്പര്യം നിലനിർത്തുന്നുണ്ടു്. സർവകലാശാലയുടെ എല്ലാ പ്രവർത്തനങ്ങളിലും കത്തോലിക്ക അന്തരീക്ഷം ദൃശ്യമാണു്. എന്നാൽ അതുകൊണ്ടു മറ്റാർക്കും നീരസമൊ വിഷമമൊ ഉണ്ടാവുകയില്ല. അതുമ്മ വിവേകം ലൂവയിൻ അധികാരികൾക്കുണ്ടു്. പുതുതായി നിയമിക്കപ്പെടുന്ന പ്രൊഫസർമാർ ജോലിയിൽ പ്രവേശിക്കുന്നതിനുമുമ്പു് ഔദ്യോഗിക സ്ഥാനവസ്ത്രങ്ങളണിഞ്ഞു് യൂണിവേഴ്സിറ്റിവളപ്പിലുള്ള വി. പത്രോസിൻ ദൈവാലയത്തിലേയ്ക്കു പോകുന്നു. ആ പള്ളിയിൽ പ്രതിഷ്ഠിച്ചിരിക്കുന്ന സർവകലാശാലാമദ്ധ്യസ്ഥയായ "ബോധജ്ഞാനത്തിന്റെ സിംഹാസനമായ ദൈവമാതാവിന്റെ" തിരുസ്വരൂപത്തിന്റെ മുമ്പിൽ, തങ്ങളുടെ കർത്തവ്യം ശരിയായി നിർവഹിച്ചുകൊള്ളാമെന്നു ഓരോ അധ്യാപകനും സത്യപ്രതിജ്ഞ ചെയ്യുന്നു. ആ പ്രതിജ്ഞ തങ്ങളുടെ ഔദ്യോഗികകൃത്യങ്ങളിൽ അവർ പാലിക്കുകയുംചെയ്യും. ഓരോ ക്ലാസ്സുമുറിയുടേയും ഭിത്തിയിൽ ഒരു ക്രൂശിതരൂപം വച്ചിട്ടുണ്ടു്. വിജ്ഞാനസമ്രാട്ടുകളായ പ്രൊഫസർമാർ ക്ലാസ്സിലേയ്ക്കു കടന്നുവന്നാൽ ഉടനെ ആ കുരിശുരൂപത്തിനു ആചാരം ചെയ്തു കുരിശടയാളം വരച്ചശേഷം ഭക്തിപൂർവം പരിശുദ്ധാത്മാവിയോടുള്ള പ്രാർത്ഥന ചൊല്ലുന്നു. എന്നിട്ടാണു് ക്ലാസ്സു തുടങ്ങുക. നമ്മുടെ നാട്ടിൽ വളരെയേറെ പണം ചെലവുചെയ്തു കഷ്ടപ്പെട്ടു് നാം പണിതുയർത്തുന്ന കോളേജുകളിലും ഹൈസ്കൂളുകളിലും ജോലിയിൽ പ്രവേശിച്ചു് വൻതുക ശമ്പളം പറ്റുന്ന ചില അധ്യാപകർ പേരിലല്ലാതെ പ്രവൃത്തിയിൽ എന്തെങ്കിലും കത്തോലിക്കാത്മാവു ക്ലാസ്സിൽ കാണിക്കാറുണ്ടൊ? നമ്മുടെ അധ്യാപകർ അതതു കാലങ്ങളിലെ അബദ്ധസിദ്ധാന്തങ്ങൾ വിവേകപൂർവം അപ്പപ്പോൾ വിമർശനവിഷയമാക്കി കുട്ടികൾക്കു നല്ലവഴി പറഞ്ഞുകൊടുക്കുന്നുണ്ടൊ? നമ്മുടെ ക്ലാസ്സുമുറികളിൽ ഒരു തൂങ്ങപ്പെട്ട രൂപമൊ വിദ്യാലയമധ്യസ്ഥന്റെ രൂപമൊ കത്തോലിക്കമുദ്രാവാക്യമൊ ചിന്താവിഷയമായി സ്ഥാപിച്ചിട്ടുണ്ടൊ? അരമണിക്കൂർ വേദപാഠം പഠിപ്പിക്കുന്നതുതന്നെ എത്ര അരോചകമായിട്ടായിരിക്കും! എന്നാൽ ശാ



മംഗളം നേരുന്നു ഞാൻ

പി. ജെ. തോമസ് തിരുവമ്പാടി

മംഗളം നേരുന്നു ഞാൻ തിങ്ങിടുമാമോദത്താൽ
മാമകനാട്ടിൻ "ഗിരിദീപമെ" ജയിക്ക നീ.
ഭാവനാകുസുമങ്ങൾ വിരിയും പൂവാടിയായ്,
ഭാവിതൻ ഹൃദയത്തിൽ പാലൊളി തൂകിത്തൂകി,
നീറുന്ന പരശതം ചിന്തകൾ ഭേസിക്കൊണ്ടി-
മാമലനാട്ടിൽ മേവും മക്കടെ വിലാപങ്ങൾ,
പകർത്താൻ നിൻ താളുകൾ ഔത്സുക്യം കാട്ടുകില്ലേ?
അതിനായ് ശ്രമിച്ചു നീ വിജയം പൂ ചൂടട്ടെ!
തൂവുക തൂവെളിച്ചം "ഗിരിദീപമെ" മേന്മേൽ
വരട്ടെ, ഞങ്ങൾ വെള്ളിവെളിച്ചം നുകർന്നീടാൻ?
ഭാവനാ ദരിദ്രരാണെങ്കിലും ഞങ്ങൾ നല്ലം-
കഥകൾ, കവിതകളൊക്കെയും കുറിച്ചുണെ!
പിച്ചവച്ചടുക്കുന്ന പൊന്നോമൽക്കിടാങ്ങളെ-
താങ്ങുവാൻ മറക്കല്ലേ ഹസ്തങ്ങൾ നീട്ടീടണെ!
കൊട്ടുകാറടിക്കട്ടെ, കൊള്ളിയാൻ മിന്നിക്കോട്ടെ
അണയാതെ നില്ലുമീ "ഗിരിദീപം"
മംഗളം നേരുന്നു ഞാൻ അഞ്ജലി ബദ്ധനായി-
മാമകനാട്ടിൻ ദിവ്യജ്യോതിസ്സേ! വിരാജിക്കൂ!

സ്വീയപുരോഗതിയുടെ കലവറയായ ലൂവയിൻയൂണിവേഴ്സിറ്റിയിലെ ഏറ്റവും വലിയ പ്രൊഫസറും ആധ്യാത്മികകാര്യങ്ങളിൽ കാണിക്കുന്ന മാതൃക ഒന്നു കാണേണ്ടതാണു്.

ലൂവയിൻ സർവകലാശാലയുടെ പ്രവർത്തനങ്ങൾ ബ്രുസ്സൽസ്സിന്റെ പ്രാന്തങ്ങളായ 80 കെട്ടിടങ്ങളിലാണു് നടക്കുന്നതു്. അതു് ഓരോന്നും നമ്മുടെ ഓരോ കോളേജിനോളം വലിപ്പമുള്ളതാണു്. അങ്ങനെയുള്ള 80 സ്ഥാപനങ്ങൾ കൂടിയതാണു് ലൂവയിൻ എന്നു പറയുമ്പോൾ ലൂവയിൻ സർവകലാശാലയുടെ ഗാംഭീര്യം ഏറെക്കുറെ മനസ്സിലാക്കാമല്ലൊ. ഇതിൽ ചിലതു് നൂറ്റാണ്ടുകൾ പഴക്കമുള്ള കൂറ്റൻ കെട്ടിടങ്ങളാണു്. അമേരിക്കയുടേയും ഐർലണ്ടിന്റേയും സംഭാവനകളായി ആധുനികരീതിയിലുള്ള ഗോപുരങ്ങളും ഇതോടനുബന്ധിച്ചുണ്ടു്.

ലൂവയിനിലേയ്ക്കു്

ലൂവയിനിൽ പഠിക്കുന്ന കുട്ടികൾക്കു് കോളേജ് ഫീസ് അത്ര കൂടുതൽ ഒന്നുമില്ല. ഏകദേശം 100 ഡോളർ (500രൂപാ) വരും. പക്ഷേ മറ്റു ചെലവുകളാണു് കൂടുതൽ. പ്രത്യേകിച്ചു് താമസസൗകര്യങ്ങൾക്കാണു് കൂടുതൽ ബുദ്ധിമുട്ടും ചെലവും. അതിനു പല സ്ഥാപനങ്ങളുടേയും ഉദാരമതികളുടേയും സ്കോളർഷിപ്പുകളും സംഭാവനകളും ലഭിക്കാൻ സൗകര്യമുണ്ടു്. എന്നാൽ ചില ആളുകളുടെ സൂത്രവും പറ്റീരും കാരണം ഇപ്പോൾ ഇക്കാര്യത്തിൽ വളരെ പ്രയാസമുണ്ടു്. കർശനമായ അന്വേഷണങ്ങളും നിയമങ്ങളും ഉണ്ടു്. എന്നാലും നമ്മുടെ വന്ദ്യമെത്രാനച്ചന്മാരും മറ്റു ഉന്നതാധികാരികളും ശുപാർശചെയ്താൽ വലിയ ബുദ്ധിമുട്ടു കൂടാതെ കാര്യങ്ങൾ സാധിക്കും. വിദേശപര്യടനത്തിനു വരുന്നവർ ബൽജിയത്തിൽ വന്നാൽ ലൂവയിൻ കാണാതെ പോവുകയില്ല. നമ്മുടെ വന്ദ്യതിരുമേനിമാർ ഇനി റോമിൽ വരുമ്പോൾ ലൂവയിനിൽ വരണമെന്നും ഇവിടത്തെ അധികാരികളുമായി പരിചയപ്പെട്ടു്, നമ്മുടെ യുവതീയുവാക്കന്മാർക്കു് കഴിയുന്നത്ര സീറ്റും സ്കോളർഷിപ്പും വാങ്ങിക്കാൻ ശ്രമിക്കണമെന്നും വിനീതമായി അപേക്ഷിക്കുന്നു. അമേരിക്കയിലേയും ജർമ്മനിയിലേയും മറ്റു പലയിടത്തേയും ആധുനിക സർവകലാശാലകളേക്കാൾ വിലയും അന്താരാഷ്ട്രീയപ്രാധാന്യവും ലൂവയിൻയൂണിവേഴ്സിറ്റിക്കുണ്ടു്. അതുകൊണ്ടാണു് എല്ലാ രാജ്യക്കാരും ലൂവയിനിൽ കിട്ടാവുന്നിടത്തോളം സീറ്റു വാങ്ങാൻ മത്സരിക്കുന്നതു്.

എതായാലും കത്തോലിക്കലോകത്തിനു അഭിമാനം കൊള്ളാവുന്ന ഒരു മഹൽസ്ഥാപനമാണു് ലൂവയിൻ. പരിശുദ്ധദൈവമാതാവിന്റെ മദ്ധ്യസ്ഥതയിൽ ഉറച്ചു നിന്നുകൊണ്ടു്, വിശുദ്ധിയുടേയും വിജ്ഞാനത്തിന്റേയും പ്രകാശകതിരുകൾ യാതൊരു മങ്ങലും കൂടാതെ ലോകത്തിന്റെ നാനാഭാഗത്തേയ്ക്കും വീശുന്ന ലൂവയിൻ സർവകലാശാല "സഭ ആധുനികമാണോ?" "മതത്തിനു ഈ ശാസ്ത്രീയയുഗത്തിൽ എന്തു സ്ഥാനം" എന്നെല്ലാമുള്ള ചോദ്യങ്ങൾക്കൊരു വെല്ലുവിളിയായി ഉയർന്നു നില്ക്കുന്ന കാഴ്ച ഏതൊരു കത്തോലിക്കനെയാണു പുളകിതഗാത്രനാക്കാത്തതു്! വിശേഷാത്തരമായ ഈ സർവകലാശാലയിൽ ചേർന്നു പഠിക്കുവാൻ കേരളത്തിലെ ഒരു പാവപ്പെട്ട ഗ്രാമത്തിൽ ജനിച്ചുവളർന്ന എനിക്കു് അവസരം കിട്ടിയതു് ഒരു മഹാ ഭാഗ്യമായി ഞാൻ കരുതുന്നു. ഇതുപോലെ ബൽജിയംകാരിയായ ഒരു പെൺകുട്ടിക്കു് ഇന്ത്യയിലെ ഒരു കത്തോലിക്കസർവകലാശാലയിൽ ചേർന്നു പഠിക്കുവാൻ എന്നു നാം അവസരം കൊടുക്കും? ബൽജിയത്തിലെ കത്തോലിക്കസഭയേക്കാൾ പഴക്കമുള്ളതല്ലെ ഇന്ത്യയിലെ സഭ? ബാങ്കൂരിലെ മെഡിക്കൽകോളേജ്, മഹത്തായ ഇന്ത്യൻ സംസ്കാരത്തിന്റെ പശ്ചാത്തലത്തോടുകൂടിയ, ഒരു കത്തോലിക്കസർവകലാശാലയായി വളർന്നുവരട്ടെ എന്നു പ്രാർത്ഥിക്കുന്നു.



അദ്ധ്യാപകൻ

ജോസഫ് കെ. അമ്പലവയൽ

ആകാശത്തിന്റെ വിശാലതയിൽനിന്നും എത്തിനോക്കുന്ന നക്ഷത്രങ്ങളേ നിങ്ങൾ വ്യാമോഹിക്കരുതു്. തുലാവഷക്കാറുകൾ ചീറിപ്പാഞ്ഞുവരുന്നതു് നിങ്ങൾ കണ്ടിരിക്കയില്ല. ആകാശത്തിൽ വിങ്ങിപ്പൊട്ടലുകളും അട്ടഹാസങ്ങളും തുടരെ കേട്ടുതുടങ്ങി. ശക്തിയായ മഴയും കാറ്റുംകൊണ്ടു് എല്ലാ സചേതനങ്ങളും തങ്ങളിൽ തന്നെ അടങ്ങിക്കഴിയുകയാണു്. പക്ഷെ ഞാൻ മാത്രം ഓമ്മയുടെ ഞെരിപ്പോടിൽ കിടന്ന നീറുകയാണു്. പ്രപഞ്ചം തണുത്തുവിറങ്ങലിക്കയാണു്. ഞാൻ നീറിപ്പുകയുകയാണു്. കെട്ടവാൻകൊതിക്കുന്ന വിളക്കിനു കൈമറ പിടിച്ചുകൊണ്ടു് എത്രനേരം ഇരിക്കും. എന്റെ കൈകളെ വകവയ്ക്കാതെന്നെ കാറ്റതിന്റെ ജോലി നിർവഹിച്ചു. അല്ലെങ്കിൽ നീറിപ്പുകയുന്ന എന്റെ ഹൃദയത്തിനു് ആ പ്രകാശം ഒരധികപ്പറ്റാണു്. കാറ്റൊരു തെറ്റുകാരനല്ല. ഓമ്മകളും കടപ്പാടുകളും ശരിക്കു സമരം നടത്തുന്ന പുതിയ ഒരു 'വാലോങ്' ആണു് എന്റെ ഹൃദയം. ഓമ്മയുടെ പുകച്ചുരുൾ ഭൂതകാലത്തിലേയ്ക്കു് ചിതറിത്തുടങ്ങി.

ഉലക്ക പിടിച്ചു തഴമ്പിച്ച പരുപരുത്ത കൈകൾ കൊണ്ടു് കെട്ടിപ്പിടിച്ചു്, ഞെരിവീണ മുഖംകൊണ്ടു് എന്നെ ഉമ്മവച്ചു് യാത്രയാക്കിയ എന്റെ അമ്മ. ആ കണ്ണുനീരിന്റെ ചൂടു് ഇന്നും ഈ പേശികളിൽ പൊള്ളലുണ്ടാക്കുന്നുണ്ടു്. ഓലമെടഞ്ഞും നെല്ലുകുത്തിയും അമ്മ എന്നെ പഠിപ്പിച്ചു. ആയിരമായിരം പ്രതീക്ഷകളും കൊണ്ടു് എന്റെ അമ്മ വാടിവിയർത്തുവരുമ്പോഴും ഞാൻ നല്ല മുണ്ടും ഷർട്ടും ധരിച്ചു് പഠിക്കുവാൻപോയി. ജീവിതം ഒരിക്കലും മധുരിച്ചിട്ടില്ലാത്ത അമ്മയ്ക്കു ഞാൻ മാത്രമായിരുന്നൊരാലംബം. യാത്രപറഞ്ഞപ്പോൾ അമ്മ പറഞ്ഞ വാചകം: "നിന്റെ അച്ഛൻ മരിച്ചതിൽ പിന്നെ ഞാൻ തലനിറച്ചെണ്ണ വച്ചിട്ടില്ല മോനെ., ഞാനൊരു കോടിയുടുത്തിട്ടില്ല മോനെ". അങ്ങകലെ തിരുവിതാംകൂറിലുള്ള ഒരു കൊച്ചു കുടിലിൽ എന്റെ അമ്മ കഴിഞ്ഞുകൂടിയിരുന്ന മലബാറിലൊരു അദ്ധ്യാപകനായിക്കഴിയുന്ന എന്നെ ഓർത്തു്; എന്റെ എഴുത്തും പ്രതീക്ഷിച്ചു്. മകന്റെ സ്മരണയിൽ മാത്രം ചുറ്റിപ്പററി ആ ദേഹം അങ്ങനെ ഇഴഞ്ഞുനീങ്ങിയിരുന്നു. നെല്ലുകുത്തിക്കുത്തി അല്ലും വളഞ്ഞ നട്ടെല്ലും, ഒട്ടിച്ചുളുങ്ങിയവയറും, ഞെറിവീണ മുഖവും, തിളങ്ങുന്ന രണ്ടു കണ്ണുകളും, അതാണു് എന്റെ അമ്മ. എന്റെ പ്രിയപ്പെട്ട അമ്മ..

തിരുവിതാംകൂറിൽനിന്നും മലബാറിന്റെ മലയോരത്തിലുള്ള ഈ കൊച്ചുസ്കൂളിലേയ്ക്കു് ടി. ടി. സി.യുടെ സർട്ടിഫിക്കറ്റുംകൊണ്ടു് നടന്നുകയറിയപ്പോൾ എന്തെത്ര പ്രതീക്ഷകളാണു് പൂത്തു പൂവണിഞ്ഞതു്. ഒരൊതുങ്ങിയ ജീവിതം, സ്വച്ചസംതൃപ്തി, ശോഭനമായ ഭാവി! എല്ലാം സ്വപ്നംകണ്ടു. ആ പ്രതീക്ഷകളുടെയെല്ലാം ശവക്കല്ലറ അതിനപ്പുറംതന്നെയുണ്ടെന്നു് ഞാനറിഞ്ഞിരുന്നില്ല.

ജോലിയിൽ പ്രവേശിച്ചിട്ടു് ഏഴു മാസമായിരുന്നു. എങ്കിലും അന്നും ഞാനൊരു ശമ്പളക്കാരനല്ലായിരുന്നു. വേതനംകിട്ടാത്ത ഞാൻ ആ അവികസിതപ്രദേശത്തു ജീവിച്ചു നാട്ടുകാരുടെ കരുണകൊണ്ടു്. പുതിയ കുടിയേറ്റസ്ഥലമായിരുന്ന അതു്. ഒരാഴ്ചപത്രിക്കുവേണ്ടി പതിനഞ്ചു മൈൽ നടക്കേണ്ട ആ സ്ഥലത്തു്, ഒരു പേപ്പർ വായിക്കുന്നതിനുവേണ്ടി അഞ്ചു മൈൽ പോകേണ്ട ആ സ്ഥലത്തു്, ഒരുപോസ്റ്റുകാർഡിനുവേണ്ടി നാലഞ്ചുനാഴിക ദൂരെപ്പോകേണ്ട ആ സ്ഥലത്തു് ഞാനും ജീവിച്ചു. അവിടേയുമുണ്ടു് മനുഷ്യർ, ജീവിക്കാനാശയുള്ള മനുഷ്യർ; അധ്വാനശീലരായ മനുഷ്യർ. ഗവണ്മെന്റിനുവേണ്ടി വിദേശനാണ്യം സമ്പാദിക്കുന്ന രാമച്ചവും പുൽത്തൈലവും വിളയുന്ന നാട്ടു്!— ആ നാട്ടു കാണാൻ അധികൃതർക്കു കണ്ണില്ല. എൻ. ഇ.എസ്സും കമ്മ്യൂണിറ്റിപ്രൊജക്ടും കണികണ്ടിട്ടില്ലാത്ത ആ സ്ഥലത്തു് കുറെ മനുഷ്യർ ജീവിക്കുന്നുണ്ടു് കുടിയിറക്കുഭീഷണിയേയും ഭയന്നു്. ജീവിക്കാനനുവദിക്കാത്ത ലോകത്തിലെ അധികപ്പറ്റുകളാണവർ. നിയമവും നീതിയും അവരെ പുച്ഛിക്കുകയാണു്.

തലയിൽവെയ്ക്കാൻ എണ്ണയില്ലാതെ പച്ചവെള്ളം പുരട്ടി തലചീകിയും രാത്രിയിൽ വിളക്കിൽ മണ്ണെണ്ണയില്ലാതെ വിളക്കു കെട്ടത്തി അട്ടത്ത ചായക്കടയിൽ പോയിരുന്നും ദിവസങ്ങൾ തള്ളിനീക്കിക്കൊണ്ടിരുന്ന, പണമില്ലാത്ത മനുഷ്യൻ ഇത്ര നിസ്സാരനാണൊ?

അപേക്ഷകളുംകൊണ്ടു് ഓഫീസിന്റെ പടിവാതിലിൽ മുഖംകാണിക്കാൻ നില്ക്കുമ്പോഴാണു് മനുഷ്യന്റെ നിസ്സാരത വെളിപ്പെടുന്നതു്. 'ഓഫീസറന്മാർ' ഓരോ കൊച്ചുരാജാക്കന്മാരാണവർ. അവക്കു ചുറ്റും സേവകന്മാരും. അവരുടെ മുഖവും ഭാവവും കണ്ടാൽ മറ്റു മനുഷ്യർ വെറും പുഴുക്കളാണു്. അതുപോലെ ഒരു കൊൺഡക്ടു് സർട്ടിഫിക്കറിനുവേണ്ടി ഗസറ്റഡ് ഓഫീസറന്മാരെ സമീപിക്കുമ്പോൾ ആത്മാഭിമാനമുള്ള വനു് മരിക്കാൻ തോന്നും. ഇത്ര നിന്ദ്യരാണൊ പണമില്ലാത്ത മനുഷ്യർ!

ഞാൻ ജീവിക്കുന്ന ലോകമേ, നിന്റെ ചെവിയും കണ്ണും എന്നും പണത്തിനും പുഞ്ചിരിക്കുംവേണ്ടി മാത്രമോ? കരഞ്ഞുകലങ്ങിയ കണ്ണിനും വിശന്നുപൊരിയുന്ന വയറിനും ആത്മാഭിമാനമുള്ള മനസ്സിനും ഈ ലോകത്തിലിടമില്ലേ! ഹോ! സംസ്കാരസമ്പന്നയായ ലോകമേ! നിന്റെ ഹീനപ്രവൃത്തികളുടെ മാപ്പുസാക്ഷികളായ നിദ്ധനരെ കൊല്ലാതെന്തിനു വളർത്തുന്നു. ജീവിതത്തിലൊന്നും നേടുവാനില്ലാത്ത മനുഷ്യൻ മരിക്കാൻ ആഗ്രഹിക്കുന്നു. എന്നെപ്പോലെയുള്ള എത്ര നിർഭാഗ്യവാന്മാരെ കൊന്ന നാടാണിതു്. ഇതിന്റെയെല്ലാം ഉത്തരവാദിത്വം ആക്കാണു്? പണത്തിനും പ്രാമാണികത്തിനും മാത്രം വില നൽകുന്ന ഈ ലോകം വെറും

കുടിയേറ്റ


"ചേട്ടനെവിടേയ്ക്കാ?"

"ഇരിട്ടിക്ക്"!

ഇരിട്ടിയോ അതെവിടെയാ ചേട്ടാ. അവിടെ വെളിച്ചമൊന്നുമില്ലേ?"

"ഞങ്ങൾ വെളിച്ചമുണ്ടാക്കുവാൻ പോവുകയാണു്. എന്താ പോരുന്നോ?"

1941നുശേഷം അടുത്തകാലംവരെ തീവണ്ടിയാത്ര നടത്തിയ പലരും മേല്പടിയുള്ള സംഭാഷണം പലവട്ടം ശ്രവിച്ചിരിക്കും. എന്നാൽ ഇന്നു് ഇരിട്ടിയിൽ പ്രകാശം ഉദിച്ചുയർന്നിരിക്കുന്നു.



ലേഖകൻ

മലബാറിലെ ആദ്യ കുടിയേറ്റകേന്ദ്രങ്ങളിലൊന്നാണു് എടൂർ. തലശ്ശേരി മൈസൂർ റോഡിൽ 28–ാം മൈലിൽ മാടത്തിൽ നിന്നും കിഴക്കോട്ടുള്ള റോഡിൽകൂടി ഒരു മൈൽ നടന്നാൽ എടൂർ ഇടവകയുടെ പടിഞ്ഞാറെ അതിർത്തിയായ വളപട്ടണം പുഴയിലെത്തും. പുഴ കടന്നു് രണ്ടു മൈൽ നടന്നാൽ എടൂർപള്ളിയിലെത്താം കിഴക്കു് സഹ്യപർവതനിരകളാലും മറ്റു മൂന്നു ഭാഗം വളപട്ടണം, അറളം എന്നീ പുഴകളാലും ചുറ്റപ്പെട്ടു് ഒരുദ്വീപിനു സദൃശമായി കിടക്കുന്ന ഈ പ്രദേശം ആറളം, പായം എന്നീ അംശങ്ങളിൽ ഉൾപ്പെട്ടതാണു്.

ആദ്യ കുടിയേറ്റം

1941ൽ ഞാവള്ളിൽഉതുപ്പു്, അനുജൻ സ്കറിയ, കടമപ്പുഴ തോമസു്, കരിപ്പാപ്പറമ്പിൽ ചാക്കോച്ചൻ, ഏടാട്ടുകൈപ്പള്ളിൽ ഉലഹന്നൻ, എന്നിവർ തോട്ടം വെയ്ക്കുന്നതിനും താന്നിക്കാപ്പാറ ദേവസ്യാ, വലിയപറമ്പിൽ തോമസു്, അനുജന്മാരായ എസ്തപ്പാൻ, മക്കോസു്, മത്തായി, കാവുങ്കൽ ഉലഹന്നൻ, വെട്ടിക്കൽ ജോസഫു് മുരിയംകരി മത്തായി, കുപ്പമല കുഞ്ഞു് എന്നിവർ സാധാരണ കൃഷിക്കായും എടൂർ, കരിക്കോട്ടക്കരി, മരുതാവു് എന്നിവിടങ്ങളിൽ കുടിയേറി. ഇതേസമയം മടയൻവയൽ ഭാഗത്തു് കുടിയേറിയ 30 ഹിന്ദുകുടുംബങ്ങളിൽ 29 വീട്ടുകാരും ഒരാൾപോലും ശേഷിക്കാതെ മരിച്ചുപോയി. ശേഷിച്ച ഇടമന അയ്യപ്പാട്ടു് 16 അംഗങ്ങളുണ്ടായിരുന്ന കുടുംബത്തിൽ ഇപ്പോൾ 3 അംഗങ്ങളാണുള്ളതു്. മലമ്പനിയും ദാരിദ്ര്യവും കുടിയേറ്റക്കാരുടെ ബദ്ധശത്രുക്കളായിരുന്നു. വെള്ളർവയൽ ഭാഗത്തു് കുടിയേറിയ പല യാക്കോബായ കുടുംബങ്ങളും ഇതേ തുടർന്നു് തിരിച്ചുപോയി.

കട്ടിൽ അൾത്താര

കത്തോലിക്കരിൽ ആദ്യം മരിച്ച ഏടാട്ടു് ഉലഹന്നനു് അന്ത്യസമയത്തു് ഒരു വൈദികന്റെ പരിചരണമൊ മതപരമായ ശവസംസ്കാരമൊ ലഭിച്ചില്ല. ശവം സ്വന്തം തോട്ടത്തിൽ തന്നെ സംസ്കരിക്കുകയാണുണ്ടായതു്. ആദ്യകാലങ്ങളിൽ മരിച്ച മറ്റുള്ളവരുടെ സ്ഥിതി ഇതിൽനിന്നും വ്യത്യസ്തമായിരുന്നില്ല. 1943ൽ ഞാവള്ളി എസ്റ്റേറ്റിന്റെ റൈട്ടറായി വന്ന ശ്രീ. കെ.വി. വർഗ്ഗീസിന്റെ (ലേഖകൻ) പരിശ്രമത്താൽ1944 ജനുവരിയിൽ പേരാവൂർ വികാരിയായ റവ. ഫാദർ ജോസഫ് കുത്തൂർ ഇവിടെ വന്നു. രാത്രി ഒരു ചെറുകുടിലിൽതാമസിച്ചു് രാവിലെ വലിയപറമ്പിൽ തോമസിന്റെ നെൽക്കളത്തിൽ ഒരു കട്ടിൽ അൾത്താരയായി ഉപയോഗിച്ചു് കുർബാന ചൊല്ലി.അന്നു സ്ഥലത്തുണ്ടായിരുന്ന പതിനെട്ടു വീട്ടുകാരും അതിൽ സംബന്ധിച്ചു. കുടിയേറ്റക്കാരുടെ ആവശ്യങ്ങൾ ഗ്രഹിച്ച ബ. അച്ചൻ ഇവിടെ ഒരു സിമിത്തേരി സ്ഥാപിക്കാമെന്നും മാസത്തിൽ ഒരു കുർബാന ചൊല്ലാമെന്നും സമ്മതിച്ചു. കെ. വി. വർഗ്ഗീസു്, മഠത്തിനകത്തു് ജോസഫു്, താന്നിക്കാപ്പാറ ദേവസ്യാ എന്നിവർ ഞാവള്ളി എസ്റ്റേററു വക കെട്ടിടത്തിൽ ഒരൾത്താര സ്ഥാപിച്ചു. രണ്ടാമത്തെ കുർബാന ഇവിടെയാണു സമർപ്പിച്ചതു്. ഇതു് ആദ്യത്തെ കുർ

വികലലോകമാണു്. ഇവിടത്തെ ജീവികൾ ഭ്രാന്തന്മാരും.

ദിവസങ്ങളെ വഹിച്ചുകൊണ്ടു്. മാസങ്ങളുടെ രണ്ടുമൂന്നു വാഗനുകൾ പാഞ്ഞുപോയി. ജീവിതത്തിൽ പുതിയ ഉറവകൾ പൊട്ടിവിടർന്നു. എന്തൊരാനന്ദമായിരുന്നു്. ശമ്പളംകിട്ടിയ ദിവസം! എല്ലാവരും താലോലിക്കുന്ന ആ മണികിലുക്കം എന്റെ കൈയിലും വന്നു. പണം അതിനെ താലോലിക്കാൻ എനിക്കു കഴിഞ്ഞില്ല. ഏതാണ്ടു് അഞ്ഞൂറോളം രൂപാ ഒന്നിച്ചു കൈയിൽ വന്നു. ഞാൻ അകമഴിഞ്ഞാനന്ദിച്ചു. കടം മുഴുവൻ തീർത്തു് മിച്ചമുള്ള തുക ഉടൻ വീട്ടിലേയ്ക്കയയ്ക്കാൻ തീരുമാനിച്ചു. ആനന്ദത്തിന്റെ ആ മണിപ്പൂക്കൾ വിടർന്നപ്പോഴേയ്ക്കും സമയം കഴിഞ്ഞിരുന്നു!

അന്നു് ഉച്ചയായതോടുകൂടി ഒരു ടെലഗ്രാം കിട്ടി. കണ്ണുകൾ മിഴിഞ്ഞു; അക്ഷരങ്ങൾ കാണുന്നില്ല. കൈകൾ വിറച്ചു. അക്ഷരങ്ങളിൽ കണ്ണുകൾ പതറി. ഒരു ജീവനെക്കൊന്ന അക്ഷരങ്ങൾ. അവ മുള്ളുകളായിരുന്നു. മാരകമായ മുള്ളുകൾ. അഞ്ചുദിവസത്തിനുമുമ്പു് എന്റെ അമ്മ മരിച്ചു. ആ മുള്ളുകൾ എന്റെ ആത്മാവിൽ തറച്ചു. രക്തധമനികൾക്കുള്ളിലിരുന്നിഴഞ്ഞു. പിന്നൊന്നും അറിഞ്ഞില്ല. ബോധമുണ്ടായപ്പോൾ യാത്രയ്ക്കൊരുങ്ങി. ട്രയിനും വണ്ടിയും കടന്നു് വീട്ടിലെത്തിയപ്പോൾ എല്ലാം കഴിഞ്ഞിരുന്നു. രാത്രി തന്റെ കുത്തവസ്ത്രങ്ങൾ വാരിച്ചുറ്റിയിരുന്നു. കാറുകൊണ്ടു് ഒന്നും അനങ്ങിയിരുന്നില്ല.

പള്ളിയുടെ തെക്കുവശത്തുള്ള ആ മൺകൂനയെ കെട്ടിപ്പിടിച്ചു് ഞാൻ കരഞ്ഞു. എത്രനേരമെന്നറിഞ്ഞില്ല. എന്റെ വിയർപ്പിന്റെ വിലയായ ആ തുക ആ അസ്ഥിമാടത്തിൽ വച്ചു. കൂടെ ഒരു കൊച്ചുമെഴുകുതിരിയും കുറെ പൂക്കളും. പാതിരായുടെ ആ പരുപരുത്ത യാമിനിയിൽ ഞാൻ...എന്റെ അമ്മയോടു് വിടവാങ്ങി. ആടിയാടി ഞാൻ നടന്നുനീങ്ങി, ഞങ്ങൾക്കു് ഒന്നിച്ചുചേരുവാൻവേണ്ടി!

ചരിത്രം

ബാനകഴിഞ്ഞു രണ്ടുമാസത്തിനു ശേഷമായിരുന്നു. അന്നുമുതൽ എല്ലാ മാസവും അദ്ദേഹം വന്നു കുർബാന ചൊല്ലിക്കൊണ്ടിരുന്നു. 'ഡയറിഫാ' കൃഷ്ണൻ നമ്പീശൻ ദാനംചെയ്ത രണ്ടേക്കർ സ്ഥലമാണ് സിമിത്തേരിയായി ഉപയോഗിച്ചതു്. എസ്റ്റേറ്റുവക കെട്ടിടത്തിൽ കുർബാന ചൊല്ലുന്നുണ്ടായിരുന്നു. എങ്കിലും പള്ളിവകയായി ഒരു കെട്ടിടം ഉണ്ടായിരിക്കണമെന്നു കരുതി ഇരുനൂറിലധികം ആളുകൾ സഹകരിച്ചു് സിമിത്തേരിയിൽ ഒരു ഷെഡ്ഡും കെട്ടി. അവിടെ രണ്ടു ദിവ്യബലി അർപ്പിച്ചു. എസ്റ്റേറ്റിൽനിന്നരണ്ടു് മൈൽ ദൂരമുള്ള ഷെഡ്ഡിൽവന്നു കുർബാന ചൊല്ലുക പ്രയാസമായതുകൊണ്ടു് വീണ്ടും പഴയസ്ഥലത്തുതന്നെ കുർബാന ചൊല്ലിവന്നു. തോട്ടംവക സ്ഥലത്തു് പള്ളി പണിയുന്ന പക്ഷം 4 ഏക്കർ സ്ഥലവും 2000 രൂപായും സംഭാവനയായി തരാമെന്നു ഞാവള്ളിൽ ഉതുപ്പും അനുജൻ സ്കറിയായും സമ്മതിച്ചു. അവിടെ മൺകട്ടകൾകൊണ്ടു് ഒരു ഷെഡ്ഡു് നിർമ്മിച്ചു് കുർബാന നടത്തിത്തുടങ്ങി.

വളരുന്ന തലമുറയുടെ സാംസ്കാരികാഭിവൃദ്ധിക്കു് ഒരു സ്കൂൾ ആവശ്യമായിരുന്നതിനാൽ അന്നിവിടെയുണ്ടായിരുന്ന 27 കുട്ടികൾ 1947ൽ കൈതേരി കുഞ്ഞിരാമൻ മാസ്റ്ററുടെ കീഴിൽ പള്ളിഷെഡ്ഡിൽ പഠനം ആരംഭിച്ചു. ഈ സ്കൂളാണ് ഇന്നു് എട്ടൂർ സെന്റ് മേരീസ് സെക്കണ്ടറി സ്കൂൾ ആയി ഉയർന്നിട്ടുള്ളതു്.

തന്നെ തീരുമാനിച്ചു. മണ്ണനാൽ കുര്യാക്കോസു്, പൊട്ടംകുളത്തു മാത്യു, മുരിയംകരി മത്തായി, അനുജൻ തോമസു്, വേങ്ങത്താനത്തു് മത്തായി, തോണക്കര പൈലി വട്ടംതൊട്ടിയിൽ സെബാസ്റ്റ്യൻ എന്നിവർ സംഭാവന ചെയ്ത സ്ഥലത്തു് 100 അടി നീളമുള്ള ഒരു കെട്ടിടം പണികഴിപ്പിച്ചു. ബ. അച്ചന്റെ താമസത്തിനും പള്ളിക്കും പള്ളിക്കൂടത്തിനും ഇതുതന്നെയാണുപയോഗിച്ചിരുന്നതു്. ഈ കെട്ടിടം തന്നെ പരിഷ്കരിച്ചതാണു് ഇന്നത്തെ പള്ളിയും പള്ളിമുറിയും. ഇതിന്റെ പണിക്കായി കോഴിക്കോട്ടുനിന്നുപതയിലെ വന്ദ്യമെത്രാനച്ചൻ നല്ലൊരു തുക സംഭാവന ചെയ്തിട്ടുണ്ടു്. പള്ളിയുടെ ഓട്ടം ആറടി ഉയരമുള്ള മാതാവിന്റെ പ്രതിമയും ബ. ടഫറേൽ അച്ചന്റെ പരിശ്രമത്താൽ ദാനമായി ലഭിച്ചതാണു്. ഞാവള്ളി എസ്റ്റേറ്റുകാർ പള്ളിക്കുന്ന മരത്തിനും മറ്റും പ്രതിഫലമായി രണ്ടു നിത്യകുർബാന അവരുടെ കുടുംബത്തേയ്ക്കു് അനുവദിച്ചുകൊണ്ടു് കല്പനയായി. ബ. ഞാവള്ളിൽ ചാണ്ടിയച്ചൻ ഒരു സെറ്റു് തിരുവസ്ത്രങ്ങളും സംഭാവനചെയ്തു. ഒരു കാസായും കുസ്തോദിയും ഞാവള്ളിൽ ഉതുപ്പു്, സ്കറിയ എന്നിവരുടെ ഭാര്യമാർ സംഭാവനചെയ്തുവെന്നതും സ്മരണീയമാണു്.

കമ്മ്യൂണിസ്റ്റ് ശ്രദ്ധാലോചന

1948ൽ മലബാറിൽ പൊട്ടിപ്പുറപ്പെട്ട കമ്മ്യൂ. വിപ്ലവത്തിന്റെ ഒരു പ്രധാന കേന്ദ്രം എട്ടൂർഉൾപ്പെട്ട ആറളം, പായം അംശങ്ങളായിരുന്നു. കൊലയും കവർച്ചയും നടത്തി കമ്മ്യൂ. കാട്ടാളന്മാർ ഏകാധിപത്യം സ്ഥാപിക്കാൻ ശ്രമിച്ചപ്പോൾ ഭയവിഹ്വലരായ ജനങ്ങൾക്കു് ആശ്രയവും ആലംബവും ബ. അച്ചനും കത്തോലി

XI

ഇരിട്ടിയുടെ പ്രകാശം എടൂർ

മി. വറുഗീസ്

ഇടയൻ വരുന്നു

കുടിയേറ്റക്കാർ ധാരാളമായി എട്ടൂരിലേയ്ക്കു് പ്രവഹിച്ചുതുടങ്ങി. കിഴക്കേക്കോട്ടക്കരി, അങ്ങാടിക്കടവു്, കീഴ്പ്പള്ളി എന്നിവിടങ്ങളിലും ആളുകൾ വാസമുറപ്പിച്ചു. ആകെ വീട്ടുകാർ ആഞ്ഞൂറിലധികമായി. തന്മൂലം 10 മൈൽ ദൂരമുള്ള പേരാവൂർ നിന്നു് ബ. അച്ചൻ വന്നു് ഇവിടത്തെ ആളുകളുടെ ആദ്ധ്യാത്മികകാര്യങ്ങൾ നടത്തുക എളുപ്പമായിരുന്നില്ല. അതിനാൽ പുതിയതായി പട്ടമേറ്റു വന്ന കുടക്കച്ചിറ കുര്യാക്കോസച്ചൻ എട്ടൂർ വികാരിയായി നിയമിക്കപ്പെട്ടു. ചാജ്ജെടുത്തു് രണ്ടാഴ്ചയ്ക്കുശേഷം അദ്ദേഹം മടങ്ങിപോയി. പകരം റവ. ഫാദർ സി. ജെ. വക്കി വികാരിയായി വന്നു.

വെളിച്ചം വീശുന്നു


ബ. വക്കിയച്ചനാണു് എട്ടൂരിന്റെ അഭിവൃദ്ധിക്കു് അടിത്തറ പാകിയതു്. ആദ്യമായി അദ്ദേഹത്തിന്റെ ശ്രദ്ധ പതിഞ്ഞതു് സ്കൂളിനും പള്ളിക്കും പറ്റിയ ഒരു കെട്ടിടം നിർമ്മിക്കുന്നതിലായിരുന്നു. പുതിയ കുടിയേറ്റക്കാരുടെ സൗകര്യാർത്ഥം പള്ളി കിഴക്കേക്കോട്ട മാറ്റുവാൻ

ക്കരുമായിരുന്നു. ക്രിസ്ത്യാനികൾ ബ. അച്ചന്റേയും വർഗ്ഗീസ് റൈറ്റർ, മഠത്തിനകത്തു് ജോസഫ് എന്നിവരുടേയും നേതൃത്വത്തിൽ സംഘടിച്ചു്, കമ്മ്യൂ. ശല്യം ഇങ്ങിനി വരാത്തവണ്ണം അവസാനിപ്പിക്കാൻ തന്നെ ഉറച്ചു. കുപിതരായ സഖാക്കൾ തങ്ങളുടെ ജന്മശത്രുവായ വൈദികന്റേയും അദ്ദേഹത്തിന്റെ ഏതാനും സഹപ്രവർത്തകരുടേയും ജീവനെപ്പോലും അപകടത്തിലാക്കുവാനുള്ള ശ്രദ്ധാലോചന തുടങ്ങി. ഒരുദിവസം ബ. അച്ചൻ കോഴിക്കോട്ടുനിന്നും തിരിച്ചു് എട്ടൂരെത്തിയപ്പോൾ രാത്രിയായിരുന്നു. ഈ അവസരം നോക്കി ഏതാനും കമ്മ്യൂ. ചട്ടമ്പികൾ അദ്ദേഹത്തെ ഭീഷണിപ്പെടുത്തിക്കൊണ്ടു അനുധാവനംചെയ്തു. വിവരമറിഞ്ഞ ജനങ്ങൾ നാലുഭാഗത്തുനിന്നും ഓടിയെത്തിയതിന്റെ ഫലമായി സഖാക്കൾ അപ്രത്യക്ഷരായി.

ബ. കട്ടക്കയത്തിലച്ചൻ

ബ. വക്കിയച്ചൻ സ്ഥലംമാറി പോയതോടുകൂടി ഇരിട്ടിപ്രദേശത്തിന്റെ അനിഷേധ്യനേതാവായിത്തീർന്ന റവ. ഫാദർ ജോസഫ് കട്ടക്കയം എട്ടൂർ വികാരിയായി വന്നു. പുതിയ കുടിയേറ്റംമൂലം ഏകദേശം

കണ്ടായിരമായി വർധിച്ച കുടുംബങ്ങളുടെ ആധ്യാത്മി കാവശ്യങ്ങൾ അദ്ദേഹം തന്നെ നിർവഹിക്കുക പ്രയാ സകരമായതിനാൽ അസ്സോന്തിയായി റവ. ഫാദർ വര യൻകുന്നേൽ അവർകളും 1951ൽ നിയമിതനായി.




മനോഹരമായ ആൾത്താര

ബ. വക്കിയച്ചൻ അടിത്തറയിട്ട എല്ലാ പ്രവർത്ത നങ്ങളും ബ. കട്ടക്കയത്തിലച്ചന്റെ നേതൃത്വത്തിൽ പുരോഗമിച്ചു. ഓഡിറേറാറിയം, ഹയർ എലിമന്ററി സ്കൂൾ, പോസ്റ്റ് ഓഫീസ്, കീഴ്പള്ളി പള്ളിയും സ്കൂളും, അങ്ങാടിക്കടവ് സ്കൂൾ ഇവ അദ്ദേഹത്തിന്റെ പരിശ്രമഫലമാണ്. 75 മൈലിൽ അധികംവരുന്ന ഗ്രാമറോഡുകൾ ഉണ്ടാക്കിയതും അദ്ദേഹത്തിന്റെ ഉത്സാഹത്താലാണ്. കീഴ്പ്പള്ളി റോഡ് ബ്ലോക്കിലെടുപ്പിച്ചതും വളപട്ടണം പുഴയ്ക്ക് കോളിക്കടവിൽ പാലം തീർക്കുവാൻ പ്രാരംഭനടപടികൾ നടത്തിച്ചതും അദ്ദേഹംതന്നെ. കുടിയേറ്റക്കാരുടെ പ്രശ്നങ്ങളെ നേരിട്ടുകണ്ടുമനസ്സിലാക്കുവാൻ കലക്ടറെ സ്ഥലത്തു കൊണ്ടുവരുവാനും ഇന്നും സർവീസ് സഹകരണസംഘമായി നടന്നുവരുന്ന പായം ഐക്യനാണയസംഘം സ്ഥാപിക്കുന്നതിനും, സംഘം ആഫീസും, 'ഗോഡൗണും' പണിയിക്കുന്നതിനും കാരണഭൂതൻ അദ്ദേഹമാണ്. സംഘത്തിന്റെ ആദ്യ മെമ്പറും പ്രസിഡണ്ടും ബ. അച്ചൻ തന്നെയായിരുന്നു. 1954ൽ ബ. കട്ടക്കയത്തിലച്ചൻ എട്ടരിനോട്ട യാത്രപറഞ്ഞു.

ദീപം കൊളുത്തുന്നു

റവ. ഫാദർ സെബാസ്റ്റ്യൻ ഇളംതുരുത്തി ഇവിടെ വന്നതു് തലശ്ശേരിരൂപതയുടെ ആരംഭത്തോടുകൂടിയാണ്. എട്ടരനിന്നും ഇടവകതിരിഞ്ഞ അങ്ങാടിക്കടവു്, കരിക്കോട്ടക്കരി, ഈ ഇടവകകളിൽ റവ. ഫാദർ അഗസ്റ്റിൻ നടുവിലേക്കുറേറാറൈ. റവ. മോൺ. പഴേപറമ്പിലോ തലശ്ശേരിയിൽ നിന്നു വന്നു് കുർബാനസമർപ്പിച്ചുകൊണ്ടിരുന്നു. എട്ടരും കീഴ്പള്ളിയും ബ.ദേവസ്യാച്ചന്റെ മേൽനോട്ടത്തിലുമായിരുന്നു. ബ. അച്ചന്റെ




കരുകാ മഠം



ബിഷപ്പും കട്ടക്കയത്തിലച്ചനും

പരിശ്രമത്താലും ഗവണ്മെന്റിന്റെ ധനസഹായം കൊണ്ടും നാട്ടുകാരുടെ സംഭാവനകൊണ്ടും സ്ത്രീകൾക്കു വേണ്ടി ഒരു ശുശ്രൂഷാകേന്ദ്രം സ്ഥാപിക്കപ്പെട്ടു. പിന്നീട് അദ്ദേഹത്തിന്റെ ശ്രദ്ധ തിരിഞ്ഞതു് പള്ളി പണിയുന്ന കാര്യത്തിലാണു്. 1958ൽ തറനിരത്തു് മിക്കവാറും പൂർത്തിയായിരുന്നു. അപ്പോഴാണു് ഹൈസ്കൂൾ അനുവദിച്ചുകിട്ടിയതു്. അതിനാൽ പള്ളിപണി തല്ക്കാലത്തേയ്ക്കു് മാറ്റിവച്ചു് മുഴുവൻ ശ്രദ്ധയും ഹൈസ്കൂൾ കാ



പള്ളിമേട

ര്യത്തിലേയ്ക്കു തിരിച്ചു. ഹൈസ്കൂൾകെട്ടിടത്തിനു വേണ്ടിവന്ന തടി മുഴുവനും സ്ഥലത്തെ ധനാഢ്യനും പൗരമുഖ്യനുമായ ശ്രീ. കുഞ്ഞാലിക്കുട്ടിഹാജി സംഭാവനചെയ്തതാണെന്നു പ്രത്യേകം പ്രസ്താവിക്കേണ്ടതുണ്ടു്. പ്രൈമറിസ്കൂളിനു് ഒരു കെട്ടിടവും ഉടൻതന്നെ പണിതീർത്തു. 684 വിദ്യാർത്ഥികൾ പഠിക്കുന്ന ഇന്നത്തെ ഹൈസ്കൂൾ കണ്ണൂർ ജില്ലയിൽ ഏറ്റവും കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഒരു സ്കൂളാണു്. ഇക്കാര്യം കഴിഞ്ഞവർഷങ്ങളിലെ പരീക്ഷാഫലം തെളിയിച്ചിട്ടുണ്ടല്ലൊ. ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. എം. ജെ. ജോസഫ് B A. B. T. ആണു്.

കമ്മ്യൂണിറ്റി

ഇടവകയിലെ കുട്ടികളുടെ ആദ്ധ്യാത്മികശിക്ഷണത്തിനു് ഒരു മഠം അനുപേക്ഷണീയമാകയാൽ ബ. ദേവസ്യാച്ചന്റെ ശ്രദ്ധ അക്കാര്യത്തിലേയ്ക്കും തിരിഞ്ഞു. 1956 ഒക്ടോബർ 11-ാംനു കമ്മ്യൂണിറ്റിസഭാംഗങ്ങളായ 4 കന്യാസ്ത്രീകൾ പാലായിൽനിന്നു വന്നു ഒരു വാടകക്കെട്ടിടത്തിൽ താമസമാരംഭിച്ചു. 1957 മാർച്ചു് 23-ാംനു തലശ്ശേരിരൂപതാദ്ധ്യക്ഷൻ തിരുമനസ്സുകൊണ്ടു് മഠത്തിന്റെ ശിലാസ്ഥാപനകർമ്മം നടത്തി. ഇന്നു് ഇവിടെ 8 കന്യാസ്ത്രീകൾ ഉണ്ടു്.

1959 മാർച്ചുമാസത്തിൽ റവ. ഫാദർ ജോസഫ് വെക്കരമറ്റം എട്ടൂരിൽ അസ്സോസ്സിയായി വന്നു. കീ

ഴ്പള്ളി ഇടവക തിരിഞ്ഞതോടെ അദ്ദേഹം അവിടത്തെ വികാരിയായി നിയമിക്കപ്പെട്ടകയുംചെയ്തു. 1959 മെയ് 21-ാംനു ബ. ദേവസ്യാച്ചൻ ചുങ്കക്കുന്നിനു സ്ഥലംമാറിപ്പോയതിന്റെശേഷം പകരം വന്ന റവ. ഫാദർ ഫ്രഡറിക് സി. എം. ഐ. അനാരോഗ്യം നിമിത്തം മൂന്നുമാസത്തിനുശേഷം വിശ്രമത്തിനായി പോകുകയുംചെയ്തു.

പുരോഗതിയിലൂടെ

1959 ഓഗസ്റ്റ് 28-ാംനു മുതൽ ഇപ്പോഴത്തെ വികാരി റവ. ഫാദർ അബ്രാഹം മുണ്ടാമാക്കൽ B A. L. T. എട്ടൂരിന്റെ ആധ്യാത്മികവും ഭൗതികവുമായ പുരോഗതിക്കുവേണ്ടി അശ്രാന്തം പരിശ്രമിക്കുന്നു. ബ. ഇളംതുരുത്തിലച്ചൻ തുടങ്ങിവച്ച ഹൈസ്കൂൾ കെട്ടിടത്തിന്റെ പണി അദ്ദേഹം പൂർത്തിയാക്കി. പ്രൈമറിസ്കൂളിനുവേറൊരു കെട്ടിടവുംകൂടി പണതു. സിമിത്തേരി നന്നാക്കുന്നതിലും ദൈവാലയം ചിത്രപ്പണികളാൽ മനോഹരമാക്കുന്നതിലും അദ്ദേഹം പ്രത്യേകം ശ്രദ്ധപതിപ്പിച്ചു. പുതിയ ഒരു ദൈവാലയം പൂർത്തിയാക്കുന്നതിനുവേണ്ട പദ്ധതികൾ അദ്ദേഹം ആസൂത്രണംചെയ്തുകൊണ്ടിരിക്കുന്നു.

ബാഹ്യമായ പുരോഗതിയേക്കാൾ കൂടുതലായി എട്ടൂർ ആധ്യാത്മികമായ പുരോഗമിച്ചിട്ടുണ്ടു്. അതിന്റെ




യു. പി. സ്കൂൾ

പ്രത്യക്ഷലക്ഷണമാണല്ലൊ ഇടദിവസങ്ങളിൽ പോലും ധാരാളം ജനങ്ങൾ ദിവ്യബലിയിൽ സംബന്ധിക്കുന്നതും വി. കുർബാന സ്വീകരിക്കുന്നതും. അതുപോലെ എട്ടൂരിന്റെ ആദ്യത്തെ രണ്ടു അരുമസന്താനങ്ങളാണു് ഷില്ലോങ്ങു് മിഷനിൽ ഖാസിവർഗ്ഗക്കാരുടെ ഇടയിൽ ജോലിചെയ്യുന്ന റവ. ഫാദർ വക്കി ചിറയും തലശ്ശേരിരൂപതയിൽ വെള്ളാട്ടുവികാരിയായിരിക്കുന്ന റവ. ഫാദർ മാത്യു മുറിഞ്ഞകല്ലേലും. വിവിധ മിഷൻ

ശ്രൂപതകൾക്കുവേണ്ടി 11 വൈദികവിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. രണ്ടു സഹോദരന്മാരും ഉണ്ട്. സന്യാസാന്തസ്സിൽ ഇതിനകം പത്തിലധികം പേർ പ്രവേശിച്ചുകഴിഞ്ഞു.

ഭാരതക്രൈസ്തവീകരണത്തിനു വേണ്ടി സ്നേഹത്തിന്റെ പോർവിളി മുഴക്കിത്യാഗത്തിന്റെ പടച്ചട്ടയണിഞ്ഞു മുന്നോട്ടുപോകുന്ന മിഷനറിമാരെ ആധ്യാത്മികമായും സാമ്പത്തികമായും സഹായിക്കുന്നതിനു് മിഷൻലീഗിന്റെ ഒരു ശാഖയും കുട്ടികളുടെ ദൈവമാതൃഭക്തിക്കും സ്വഭാവസംസ്കരണത്തിനുമായി മരിയൻസൊഡാലിറ്റിയും ഇടവകയുടെ ആധ്യാത്മികോന്നമനത്തിനായി പ്രാർത്ഥനാസമരം ചെയ്യുന്ന ആരാധനസഖ്യവും ഇവിടെ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. സൊഡാലിറ്റിയുടേയും മിഷൻലീഗിന്റേയും ഗ്രന്ഥാലയങ്ങൾക്കുപുറമെ സൺഡേസ്കൂൾ അധ്യാപകരുടെ ഉപയോഗത്തിനായും ലൈബ്രറിയുണ്ട്. എല്ലാംകൂടി 1250ൽ അധികം പുസ്തകങ്ങളുണ്ട്.

ആണ്ടുതോറും സൺഡേസ്കൂൾ കുട്ടികൾക്കായി രണ്ടാഴ്ചത്തെ ഇന്റൻസീവ് കോഴ്സ് പ്രശസ്തമായ രീതിയിൽ ഇവിടെ നടത്തിവരുന്നു. ഇക്കൊല്ലം ഇടവകയിലാകെയുള്ള 799 കുട്ടികളിൽ 85 ശതമാനത്തിൽ അധികം ക്ലാസ്സിൽ സംബന്ധിച്ചിട്ടുണ്ട്. മറ്റു ഇടവകകളിൽ സാധാരണ സൺ ഡേ സ്കൂളിനെ അഭിമുഖീകരിക്കുന്ന ഒരു പ്രധാന പ്രശ്നം മതാധ്യാപകരുടെ അഭാവമാണു്. എന്നാൽ ഇവിടെ അഭ്യസ്തവിദ്യരായ 30ൽ അധികം ചെറുപ്പക്കാർ മതാധ്യയനം നല്ലനിലയിൽ നടത്തുന്നതിനു് ബ. അച്ചനെ സഹായിച്ചുവരുന്നു. ഹൈസ്കൂളിലും സൺഡേസ്കൂളിലും മതപഠനത്തിനുള്ള തുല്യപ്രാധാന്യം എടുത്തുകാട്ടിയതുതന്നെ ഇവിടത്തെ മതാധ്യായനത്തിന്റെ കാഴ്ചപ്പാടിനെ വ്യക്തമാക്കുന്നു.



ഹൈസ്കൂൾ

ഇടതൂർന്ന കാട്ടുമരങ്ങളാലും മാറിമറിയാത്ത മൂടൽമഞ്ഞിനാലും ഇരുണ്ടുകിടന്നിരുന്ന ഇരിട്ടിപ്രദേശം ഇന്നു് അർദ്ധരാത്രിസമയത്തും വെളിച്ചവും ജനസഞ്ചാരവുമുള്ള ഒരു പരിഷ്കാരകേന്ദ്രമായി മാറിയിരിക്കയാണു്. ആ നമരംവലിച്ചിരുന്ന പാതകളുടെ സ്ഥാനത്തു് ലോറിയും കാറും സഞ്ചരിക്കുന്ന നിരത്തുകൾ ഉണ്ടായി. കാട്ടുമൃഗങ്ങൾ കൂട്ടംകൂടിയിരുന്ന വിശാലപ്രദേശങ്ങൾ ഇന്നു് സംസ്കാരസമ്പന്നരായ ജനങ്ങളുടെ സമ്മേളനരംഗങ്ങളാണു്. കാട്ടുമരങ്ങളുടെ സ്ഥാനത്തു് ഫലവൃക്ഷങ്ങൾ ഉയർന്നുനിൽക്കുന്നു. പള്ളി, ഹൈസ്കൂൾ, എലിമൻററി സ്കൂൾ, വായനശാല, ഡിസ്പെൻസറി, വ്യാപാരശാലകൾ ഗവ. ഓഫീസുകൾ ഇവയെല്ലാം സമജ്ജസമായി സമ്മേളിച്ചിരിക്കുന്ന ഒരു മലനാടൻപട്ടണമാണു് ഇന്നു് എടൂർ. പരിവേഷമണിഞ്ഞു് ജ്വലിച്ചുയരുന്ന ദീപംപോലെ ഇരിട്ടിയെ പ്രകാശിപ്പിക്കുന്ന എടൂരിന്റെ പുരോഗതിയുടെ പിന്നിൽ പ്രവർത്തനനിരതങ്ങളായ കരങ്ങൾ നിരവധിയാണു്. അവ ഇനിയും കൂടുതൽ കൂടുതൽ ശക്തങ്ങളാകട്ടെ. ഇതിനു് സർവ്വശക്തൻ സഹായിക്കട്ടെ.



ഹൈസ്കൂൾ വേറൊരു ദൃശ്യം



സമ്പൂർണ്ണബൈബിൾ മലയാളത്തിൽ

ജി. സി. വാഴൂർ

ഇരുപതുനൂറ്റാണ്ടുകാലത്തെ പാരമ്പര്യമുള്ള കേരളകത്തോലിക്കസഭയ്ക്ക് ഇന്നും മലയാളത്തിൽ ഒരു സംപൂർണ്ണബൈബിളില്ല. മാനത്തു മുട്ടുന്ന താഴികക്കുടങ്ങളുള്ള സ്ഥാപനങ്ങളുടെ പൊലിമകണ്ട് ആത്മനിർവൃതിയടയുന്നവരുണ്ടാകും. എങ്കിലും, മുൻപറഞ്ഞ ശൂന്യത കണ്ടു മനമുരുകുന്നവരും ഒട്ടും കുറവല്ല. വേദപുസ്തകവിവർത്തനത്തിന്റെ കാര്യത്തിൽ അടുത്തകാലത്തുണ്ടായ ഉണർവ്വിനെഴുന്നേല്പ് ഇതിന്റെ ബഹിർപ്രകടനമായി കണക്കാക്കാമെന്നു തോന്നുന്നു. എന്നാൽ ഈ ഉണർവ് പുതിയനിയമത്തിന്റെ കാര്യത്തിൽ മാത്രമെ എന്തെങ്കിലും ഫലം പ്രദാനംചെയ്തിട്ടുള്ളൂ.

ബൈബിൾ വിവർത്തനം വളരെ ശ്രമകരമായ ഒരു ജോലിയാണെന്ന് എല്ലാവരും സമ്മതിക്കും. ആഴമേറിയ വിജ്ഞാനവും, പരപ്പേറിയ പഠനവും, ഉയരമേറിയ ഭാഷാപരിചയവും എല്ലാം ഇതിനു ആവശ്യകമാണല്ലൊ. ഇതിലെ സാമ്പത്തികഘടകവും അപ്രധാനമല്ല. പുലിവാലു പിടിക്കുവാൻ കഴിയുകയില്ലാഞ്ഞിട്ടായിരിക്കാം പലരും ഈ സാഹസത്തിൽചെന്നുചാടാതിരിക്കുന്നതും.

ആശതരുന്നു

വേദപുസ്തകവിവർത്തനത്തിന് അഖിലകേരളാടിസ്ഥാനത്തിൽ ഒരു കമ്മറ്റി രൂപവത്ക്കരിക്കണമെന്ന് അഭിപ്രായപ്പെട്ടവരുണ്ട്. ആശയം അസ്സലായിട്ടുണ്ട്. എന്നാൽ നമ്മുടെ സാമൂഹികസാംസ്ക്കാരികരംഗങ്ങളിൽ പ്രവർത്തിച്ചു പഴക്കവും തഴക്കവും കൈവന്ന പലരും പറയുന്നതു് ഇത്തരം അഭിപ്രായങ്ങൾ, അഭിപ്രായങ്ങളും ആഗ്രഹങ്ങളുമായി ചിരകാലം നിലനില്ക്കയേയുള്ളുവെന്നാണ്. ഒരു കാര്യം നടക്കുമെന്നും നടത്തുമെന്നും ഉദ്ദേശ്യമുണ്ടെങ്കിൽ അതു സാധിക്കുവാനുള്ള ഏറ്റവുംപറ്റിയ മാർഗ്ഗം ഇത്തരമൊരു കമ്മറ്റി ഉണ്ടാക്കുകയായിരിക്കും. താങ്ങാനാവാത്ത ഭാരം പേറുന്ന കുറെ ഹതഭാഗ്യന്മാരെ കൂട്ടിക്കെട്ടിയതുകൊണ്ടു വലിയ പ്രയോജനമൊന്നും ഉണ്ടാകുമെന്നും കരുതേണ്ടതില്ല.

നിർദ്ദേശങ്ങൾ ഇങ്ങനെ ഒരുവശത്തു കിടക്കുമ്പോൾ ആശ്വാസകരമായ മറ്റൊരു സംരംഭം മുവശത്തു നടക്കുന്നുവെന്നറിയാൻകഴിഞ്ഞു. കത്തോലിക്കസാഹിത്യകാരന്മാരിൽ തലയെടുപ്പുള്ള മിക്കവരുടേയും, ദൈവശാസ്ത്രപണ്ഡിതന്മാരിൽ പലരുടേയും സഹകരണത്തോടുകൂടി ബൈബിൾവിവർത്തനം പൂർത്തിയാകാറായിരിക്കുന്നുവെന്നാണ് കേൾക്കുന്നതു്. രണ്ടു വർഷങ്ങളായിട്ട് റവ. ഫാദർ തോമസ് മുത്തേടൻ പ്രസ്തുത ജോലിയിൽ മുഴുകിയിരിക്കുകയാണ്. ഔപചാരികമായി നിയമിച്ച കമ്മറ്റിയില്ലെങ്കിലും സന്മനസ്സുള്ള അനേകം വ്യക്തികൾ അതിൽ പങ്കെടുത്തിട്ടുണ്ട്. നിശബ്ദസേവനം അനുഷ്ഠിക്കുന്ന ആ മനുഷ്യസ്നേഹികളുടെ സപ്പോർട്ട് സാക്ഷാത്കരിക്കപ്പെട്ടുന്നതിന്റെ അടയാളമായി സ്വീകരിക്കാം പ്രസ്തുത വിവർത്തനത്തിന്റെ മുദ്രണം ഇതിനകം ആരംഭിച്ചുകഴിഞ്ഞുവെന്ന വസ്തുത,

കൂട്ടുതൽ ആശ തരുന്നു

സാഹസികമായൊരു പ്രവർത്തനത്തിലാണ് തൽപ്രണേതാക്കൾ ചെന്നു ചാടിയിരിക്കുന്നതു്. തങ്ങളുടെ പ്രവൃത്തിയിൽ തെറ്റുകൾ പറ്റാമെന്ന് അവർക്കു ബോധമുണ്ടെന്നു കരുതേണ്ടിയിരിക്കുന്നു. അതാണു കൂട്ടുതൽ ആശയ്ക്കു വഴിതരുന്നതു്. തെറ്റുപറ്റിയാൽ അതു തെറ്റാണെന്ന് സമ്മതിക്കുകയും തിരുത്തലുകൾ സ്വീകരിക്കുവാൻ ഒരുങ്ങിയിരിക്കുകയും ചെയ്യുന്നതു ശുഭോദർക്കമാണല്ലൊ.

ഒരു പ്രത്യേകതകൂടി

പാകപ്പിഴകൾ തിരുത്തണമെന്ന ഉദ്ദേശ്യത്തോടെ വ്യയഹേതുകമെങ്കിലും ഒരു പ്രത്യേകമാർഗ്ഗം ഇക്കാര്യത്തിൽ സ്വീകരിച്ചിരിക്കുകയാണ്. ബൈബിൾ മുഴുവൻ –പഴയനിയമവും പുതിയനിയമവും- വിവർത്തനം ചെയ്തു പ്രസിദ്ധപ്പെടുത്തുകയാണു ലക്ഷ്യം. അതു കഴിവതും വൈകല്യമറ്റതുമായിരിക്കണം. അതുമാത്രം പോരാ; പുസ്തകത്തിന്റെ വില തീരെ കുറഞ്ഞിരിക്കയും വേണം. പതിനായിരക്കണക്കിനു പ്രതികൾ മുദ്രണംചെയ്താലേ വിലകുറയ്ക്കുവാൻ സാധിക്കുകയുള്ളൂ. അപ്പോൾ പാകപ്പിഴകൾ മാറുവാൻ സാധ്യമല്ലാതെ വരും. ഏറ്റവും പറ്റിയ ഒരു പോംവഴി ഇതിനു കണ്ടെത്തിയിരിക്കുന്നു.

ആ പോംവഴി

മാർഗ്ഗമിതാണ്. ബൈബിൾ പല വാല്യങ്ങളായി ആദ്യം പുറത്തിറക്കുക. അതും കുറച്ചു കോപ്പികൾ മാത്രം. പിന്നീടു നിർദ്ദേശങ്ങളും ഭേദഗതികളും പരിശോധിച്ചു വേണ്ടതു മാറ്റങ്ങൾ വരുത്തി വിശുദ്ധഗ്രന്ഥം മുഴുവനും പുതിയ പതിപ്പായി പ്രസിദ്ധപ്പെടുത്തുക. ഒന്നാംപതിപ്പു വാല്യങ്ങളായി പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരിക്കുമ്പോൾ തന്നെ ആദ്യം ഇറക്കിയ പുസ്തകങ്ങൾ തെറ്റുകളകറ്റി അച്ചടിച്ചുകൊണ്ടിരിക്കുകയുംചെയ്യണം. അങ്ങനെ പ്രഥമ പതിപ്പിലെ അവസാനവാല്യം പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞു് ഏതാനും മാസങ്ങൾക്കുള്ളിൽ മുഴുവൻ പുസ്തകങ്ങളുടേയും പരിഷ്കരിച്ച പതിപ്പു പുറത്തിറക്കാം. ഇതിൽ വരുന്ന കഷ്ടനഷ്ടങ്ങൾ സഹിക്കാൻ തയ്യാറുള്ള നല്ല മനുഷ്യരുണ്ട്. അതിനാൽ താരതമ്യേന സ്വാഗതാർഹമായൊരു പ്ലാനാണെന്നു തോന്നുന്നു ഇതു്. കേരളസഭയുടെ ചരിത്രപരമായ ഒരാവശ്യം ഇതുമൂലം നിറവേറ്റപ്പെട്ടുമെന്നു കരുതട്ടെ. ആദ്യവാല്യം അധികം താമസിയാതെ വെളിച്ചംകാണുമെന്നാണ് അറിവു്.

എല്ലാവരും പങ്കുചേരുക

ഈ വിഷയത്തിൽ താല്പര്യമുള്ള എല്ലാവർക്കും ഇതിൽ പങ്കുചേരുവാൻകഴിയും, നിർദ്ദേശങ്ങളും ഭേദഗതികളും നല്കിക്കൊണ്ട്. അവ ഇരുകരങ്ങളുംനീട്ടി സ്വീകരിക്കുവാനുള്ള സന്മനസ്സുകളിൽ പറഞ്ഞ പദ്ധതിയിൽ ഒളിഞ്ഞുകിടപ്പുമുണ്ട്. സ്വാർത്ഥതാല്പര്യങ്ങൾ ഇല്ലാതിരുന്നാൽ അങ്ങേയറ്റം വിജയിപ്പിക്കാവുന്നൊരു പദ്ധതിയാണിതു്.

എന്റെ മലബാർ യാത്ര

ജെ. മൂലേക്കുടി വാഴക്കുളം

"പച്ചയാം വിരിപ്പിട്ട സഹ്യനിൽ തലവെച്ചും,
സച്ഛാബ്ധി മണൽത്തിട്ടാം പാദോപധാനം പൂണ്ടും,
പള്ളികൊണ്ടിടും നിന്റെ പാർശ്വയുഗ്മത്തെക്കാത്തു,
കൊള്ളുന്ന കുമാരിയും ഗോകർണ്ണേശനുമമ്മെ"

(കേരളം— കെ. എം.)

ആഗ്രഹമുള്ളവനാണു പുരുഷൻ. അവൻ യാതൊന്നിനുവേണ്ടി ആഗ്രഹിക്കുന്നുവോ, അതിനായി അധ്യവസായം ചെയ്യുകയും, അധ്യവസായം അനുസരിച്ചു് പ്രവർത്തിക്കയും, പ്രവർത്തിയനുസരിച്ചുള്ള ഫലം നേടുകയും ചെയ്യുന്നുവെന്നു്, ഉപനിഷത്തിൽ പറയുന്നു. പരിതഃസ്ഥിതികളിൽനിന്നു് രൂപം പ്രാപിക്കുന്നതിനുപകരം, പരിതസ്ഥിതികൾക്കു രൂപം കൊടുക്കുകയാണു് കർമ്മകുശലന്മാരുടെ സാധാരണ അടവു്. മലബാർ കുടിയേറ്റക്കാരുടെ ചരിത്രം ആരാഞ്ഞുനോക്കിയാൽ കാണാം, ഈ കുശലതയുടെ കാമുകൾ. അഭിനന്ദനത്തിനും അനുമോദനത്തിനും വകയുണ്ടു്, മലബാർ കുടിയേറ്റക്കാരുടെ മലകളോട്ടുള്ള മല്ലയുദ്ധത്തിന്റെ അതിരും വിരുതും. കീഴ്ക്കാംതൂക്കായ കുന്നുകളെ തടങ്ങളാക്കാനും, ഫൈലുകളിലും, കേസുകളിലും, പുതുവലിലും, പുറമ്പോക്കിലും, പാടത്തും, പാമ്പിലും പ്രസ്തുത കുടിയേറ്റക്കാർ നടത്തിയിട്ടുള്ള നാടകീയ രംഗങ്ങൾ മൂക്കത്തു കൈവെച്ചു നോക്കിനില്ക്കും, നന്മനസ്സുള്ളവർ.

ആശപ്പെട്ടന്നോൻ വ്യവസായശാലി;
അദ്ധ്വാനശീലൻ ഫലമാസ്വദിപ്പോൻ;
ആശിച്ചു നാം ജന്മമവന്ധ്യമാക്കാം;
ആശയ്ക്കു താൻ പോലഖിലാർത്ഥസിദ്ധി!!

"ഭാവനാഗതി" എന്ന കവിതയിൽ മഹാകവി ഉള്ളൂർ നിരത്തി വെയ്ക്കുന്ന ആശയമാണു് കുടിയേറ്റക്കാരുടേതു്. മലബാറിലെ ജനങ്ങളോ? കാട്ടം പടലുമായി കഴിയുന്ന സുൽത്താന്റെ സഹപ്രവർത്തികളാണു് മിക്കവാറും. ബാക്കിയുള്ളവർ പലേ വിഭാഗിക ഹിന്ദുക്കളും! കുടിയേറ്റക്കാരോ; പലരും ക്രിസ്ത്യാനികളും!!

"മോദത്താൽ തീയ്യരും മാപ്പിളകളുമിതുകാ—
ലത്തു ചേലൊത്തെഴുത്തെൻ—
സ്വാദല്പം നോക്കിയെന്നുള്ളതിലിവരഖിലം
ശ്രുണ്ടിയാൽ ശണ്ഠയായോ?

ഭൂദേവന്മാർ തുടങ്ങി പ്പുലയരുവരേയും
പാക്കുകിൽ പണ്ടുപണ്ടേ—
ഭേദം കൂടാതെയാണെൻ നിലയിതിവരറി—
ഞ്ഞില്ലയോ തെല്ലുപോലും"

"വിലാപവിംശതി" കൃതിയിൽ, ശ്രീ ഉള്ളൂർ, സരസമായി സമർത്ഥിക്കുന്ന, ജാതികളുടെ നിലയും നിലനില്പും. ഒരിക്കൽ ഒരു ദിവാസ്വപ്നമായിരുന്ന ഈ കുടിയേറ്റം, ഇന്നു് ഒരു വിപ്ലവത്തിന്റെ വക്കിൽ വരെ എത്തിയിരിക്കുന്നു.

ഒരു വിത്തിന്റെ ഉള്ളിൽ കിടക്കുന്ന ശക്തിയെ വ്യക്തമായി വിവരിച്ചു കാണിക്കുവാൻ ആർക്കും സാധിക്കുന്നതല്ല. എന്നാൽ ആ വിത്തു് വിതയ്ക്കുന്ന സ്ഥലം, കാലം, അതിനു സിദ്ധിക്കുന്ന വളം, അതിന്റെ വളർച്ചയ്ക്കു്, അനുകൂലങ്ങളും പ്രതികൂലങ്ങളുമായ സംഗതികൾ, എന്നിവയേക്കുറിച്ചെല്ലാം അറിയുന്നതുകൊണ്ടു് അതിന്റെ ആരോഹണാഭിവൃദ്ധിക്രമങ്ങളെ മനസ്സിലാക്കുവാൻ നമുക്കു സാധിക്കാവുന്നതാണല്ലൊ. വേണ്ടുന്നതൊക്കെയും വേണ്ടപോലെ നേടിച്ചേർത്തു് വെടിപ്പായി അട്ടിക്കി വെയ്ക്കുന്നതിലുള്ള മിടുക്കുകൊണ്ടു് മലബാർ കുടിയേറ്റക്കാരായ ക്രിസ്ത്യാനികൾ പേരും പെരുമയും സമ്പാദിച്ചു. മണ്ണിനോടു് പടവെട്ടി, കയ്യും മെയ്യും കച്ചകെട്ടി തഴമ്പിച്ചവർക്കുണ്ടോ ഘോരവനങ്ങളും ഘോരഘോര മൃഗങ്ങളും പേടിസ്വപ്നങ്ങളാകുന്നു!

കോഴിക്കോട്ട നിന്നുമാണു് കുടിയേറ്റക്കാരുടെ പ്രയാണത്തിന്റെ നാന്ദി കുറിയ്ക്കുന്നതു്. കോഴിക്കോടു് ചരിത്രത്തിന്റെ ഇതളുകളിൽ മായാമുദ്ര പതിച്ചിട്ടുണ്ടു് പണ്ടു മുതൽക്കെ. ഇന്നും കോഴിക്കോടു്, കുടിയേറ്റക്കാരുടെ ഒരു ആശ്വാസ അത്താണിയായി അനുഭവപ്പെടുന്നു. ആദ്യമായി കോഴിക്കോടു് ബസ്സ്റ്റാന്റിൽ എത്തുന്ന യാത്രക്കാരൻ അമ്പരന്നുപോകും, യാത്രക്കാരുടെ ബഹളവും ബാഹ്യാഡംബരങ്ങളും കണ്ടു്. അനേകനാൾ അകമഴിഞ്ഞു സ്നേഹിച്ചു സേവിച്ച തുണ്ടു തുണ്ടായ ഭൂമി വിറ്റു വിസ്തൃത ഭൂമി വാങ്ങാൻ തന്ത്രപ്പെടുന്നവർ പലരാണു്. ചട്ടിയും തവിയും, പെട്ടിയും കൊട്ടയും, ഒരലും ഒലക്കയും, ചൂലും ചൂരലും, കുടയും കിണ്ണവും, കുട്ടകവും കട്ടിലും, എന്നു വേണ്ട ഒരു വീട്ടിലേക്കുവേണ്ട വട്ടങ്ങൾ മുഴുവനുമായിട്ടാണു് കോ

ബെറർ ലൈഫ് മൂവ്മെൻറ്

കേരളത്തിൽ കുറഞ്ഞൊരുകാലമായി അല്പംവല്ലതുമൊക്കെ ചെയ്യുകൊണ്ടിരിക്കുന്ന ഒരു പ്രസ്ഥാനമാണല്ലോ ബെറർ ലൈഫ് മൂവ്മെന്റ് (B. L. M.) ആദ്ധ്യാത്മികസാമൂഹികസാംസ്കാരിക രംഗങ്ങളിൽ ഒരു പരിവർത്തനം വരുത്തുകയാണു് അതിന്റെ ലക്ഷ്യം. പ്രസ്തുത പ്രസ്ഥാനം എടുത്തുപറയത്തക്ക വല്ലതും ചെയ്യുന്നതു് ഈ ബൈബിൾ പ്രസിദ്ധീകരണമാണു്. B. L. M. ന്റെ ചരിത്രത്തിലെ ഒരു നാഴികക്കല്ലായിരിക്കും വേദപുസ്തക പ്രസിദ്ധീകരണം.

★ പാഠപുസ്തകങ്ങൾ വില്പന തുടങ്ങി ★

ഗവണ്മെൻറു പാഠപുസ്തകങ്ങളും, ബുൾബുൾ (ബോംബെ) ബ്രാണ്ടുനോട്ട് ബൗണ്ട് പുസ്തകങ്ങളും, സ്കൂൾസംബന്ധമായ മറ്റുപകരണങ്ങളും മിതമായ വിലക്കു് ഞങ്ങൾ പതിവുപോലെ വില്പനയാരംഭിച്ചിരിക്കുന്നു.

കോർണൽവ്യൂ സ്റ്റോർസ്

പ്രൊപ്രയിറർ:-പി. പി. വി. ഉമ്മർ ഹാജി,

മാനന്തവാടി.

ഴിക്കോട്ട് എത്തുന്നതു്. പുതിയ കുടിയേറ്റക്കാരായ സ്ത്രീജനങ്ങളുടെ മ്ലാനമുഖം വിളിച്ചു പറയുന്നു, കൊല്ലാൻ കൊണ്ടുപോകുന്ന ബലിയാടുകളാണു് തങ്ങളെന്നു്. പഴയ കുടിയേറ്റക്കാരാണു് പുതിയ ആളുകൾക്കു് വീഞ്ഞും വെള്ളവും കൊടുത്തു് ധൈര്യത്തിന്റെ വീര്യം കുത്തിവെയ്ക്കുന്നതു്.

കോഴിക്കോട്ട് കുടിയും തീനും കഴിഞ്ഞു്, സമയത്തു ബസ്സു് കയറുന്നു. മലയെ ലക്ഷ്യമാക്കി,

"മുമ്പാട്ട നീങ്ങുന്ന ജഡം ശിരരം,
പിമ്പോട്ട പായുന്ന മനസ്സുനിശം,
ഭിന്നിച്ച കാറ്റത്തു നയിച്ചടുപ്പോൾ
ചിന്നം കൊടിക്കുള്ളൊരു കുറപോലെ"

ശകുന്തളയെ കണ്ടു മോഹിച്ചുപിരിയുന്ന ദുഷ്യന്ത മഹാരാജാവിന്റെ മനഃസ്ഥിതിയാണു് ഈ ബസ്സു് യാത്രക്കാരുടേതു്.

പട്ടണം വിട്ടു്, മലയിലേക്കു തലവെക്കുന്നതോടു കൂടി, പഴക്കമുള്ള പുരയിടങ്ങളും പാടങ്ങളും ദൃശ്യമാകുന്നു.

"പാരം കരിമ്പു പനസംമുളകേലമിഞ്ചി
കേരം കമുങ്ങുതളിർവെറ്റിലയേത്തവാഴ"

എന്നു് "ഉമാകേരളത്തിൽ" മഹാകവി ഉള്ളൂർ വിവരിക്കുന്നവിധം പലതും നമുക്കു കാണാം. അതു കഴിഞ്ഞു് ചുരം പ്രത്യക്ഷമാകുന്നു. എങ്ങനെ ആ ഊക്കൻ മലകടക്കുമെന്നുള്ള ചിന്ത നമ്മെ വീർപ്പു മുട്ടിക്കാതിരിക്കയില്ല. അതുമുണ്ടു് അതിന്റെ ഉഗ്രതയും ഉയർച്ചയും. ഉയർന്നു പന്തലിച്ചു നില്ക്കുന്ന ഉശിരുള്ള വൃക്ഷങ്ങൾ, വായു കടക്കാൻ അനുവദിക്കാത്ത "ഐമു" വള്ളികളുടെ കൂട്ടിപ്പിണച്ചൽ, മുള്ളുകളും, വള്ളികളും നിറഞ്ഞ ഘോരവനം, കാട്ടാന സമാനമായ ശക്തൻ പാറകളും, കല്ലുകളും, ഹിംസ്രജന്തുക്കളുടെ ആട്ടവും ഓട്ടവും, അനേകതരം ജീവജാലങ്ങളുടെ കൂജനങ്ങളും, പേടിപ്പെടുത്തുകതന്നെ ചെയ്യും പുതിയ ആളുകളെ കൂട്ടത്തിലായി റോഡുകളുടെ വളവും പൊളവും, കയററം കയറുമ്പോൾ ബസ്സിന്റെ നിലവിളിയും നിലത്തു് ഉറച്ചുനില്ക്കാനുള്ള കെല്പും കെട്ടടുന്നു. കയററം കയറി ചുരം മുഴുവനും കാണുമ്പോൾ, ജീവന്റെ ജീവൻ നഷ്ടപ്രായമായിയെന്നു തോന്നും. അവിടെ നിന്നും കീഴോട്ടുനോക്കുമ്പോളുണ്ടാകുന്ന വികാരങ്ങൾ വർണ്ണിക്കുക, ഒരു കവിക്കും സാദ്ധ്യമല്ല. മനോഹാരിതയുടെ മധുരം രുചിച്ചറിഞ്ഞവർക്കേ, മനസ്സിലാകയുള്ള പ്രകൃതിയുടെയും പ്രഭപ്രകാശവും!

ചുരം കഴിഞ്ഞു് ബസ്സു് പിന്നെയും തടങ്ങളിലേക്കും, ചെറുകുന്നുകളിലേക്കും പായുന്നു, നെട്ടവീഴ്ചയോടെ. പണ്ടത്തെ സുൽത്താന്മാരുടെ പ്രഭയുടെ പ്രതികരണങ്ങൾ അങ്ങിങ്ങായി പൊട്ടിപ്പൊളിഞ്ഞു കിടക്കുന്നു. ഒരിക്കൽ' പട്ടണങ്ങളായി പരിലസിച്ചിരുന്ന പലേ സ്ഥലങ്ങളും, ഇന്നു് കാട്ടു കയറി, കൂൺ മുളച്ചു്, നശിച്ചു കിടക്കുന്നതായും, കുറുനരികളുടേയും കാട്ടുമാക്കാന്റേയും വാസസ്ഥലങ്ങളായും, വന്നുകഴിഞ്ഞിരിക്കുന്നതു കാണാം.

കാപ്പിയും കപ്പയും കാലക്രമത്തിൽ തഴച്ചു കൊഴുത്തു വളരുന്നു. കൊടിയും കമുകും, സമൃദ്ധിയായി കാണാം. നോക്കെത്താത്തവയലുകൾ പരന്നു കിടക്കുന്നു. അവയിലെ നെൽച്ചെടികൾ മഞ്ഞണിഞ്ഞു കാറ്റത്തു് കൃത്താടി കഴിയുന്നു. കുടിയേറ്റക്കാരുടെ വിയർപ്പിനേറയും വേദനകളുടേയും പരിണതഫലം കണ്ടാസ്വദിക്കാം.

നാട്ടിൽ മതവും, പഠനവും നടത്തിയിരുന്ന നമ്മുടെ ജനങ്ങളുടെ കൈമെച്ചം കാര്യമായി മുദ്ര പതിച്ചിട്ടുണ്ടു് ആ കുടിയേറ്റ സ്ഥലങ്ങളിൽ. ദേവാലയവും സ്കൂളും എവിടേയും തലയുയർത്തി നില്ക്കുന്നു. കമ്മ്യൂണിസ്സം വളർന്നു പന്തലിച്ചു കഴിഞ്ഞിരുന്ന മലബാറിൽ ഇന്നു് മതത്തിന്റെ സുരഭിലത സുഖമായി അനുഭവപ്പെടുന്നുണ്ടു്. റോഡുകളും പാലങ്ങളും മുട്ടിനു മുട്ടിനു ജനങ്ങൾ പണിതീർത്തിരിക്കുന്നു. കാടു് നാടായ നാടകമാണു് മലബാറിലെ ഘോരവനങ്ങളിൽ ഇന്നു് ഒച്ചയുണ്ടാക്കുന്നമെച്ചം.

"ഉരുക്കിടുന്നു മിഴിനീരിലിട്ട
മുകുന്നു മുറും ഭവനൈകശില്പി;
മനുഷ്യഹൃത്താം കനകത്തെയേതോ—
പണിത്തരത്തിന്നുപയുക്തമാക്കാൻ"

(കണ്ണീർത്തുള്ളി)

എന്നു് മഹാകവി നാലപ്പാട്ട നാരായണമേനോൻ പാടിയതു് നമ്മുടെ കുടിയേറ്റക്കാരെപ്പറ്റിയും പറയാം. അതുമുണ്ടു് അവരുടെ താഡനങ്ങളും പീഡനങ്ങളും. മലബാർ വിട്ടു്, ഇനിയും സ്ഥലം തേടിപ്പോകുന്നു, നമ്മുടെ ധീരന്മാരായ ക്രിസ്ത്യാനികൾ. മൈസൂർ, കൂർഗ്ഗ് ആദിയായ സ്ഥലങ്ങളിലും കേരളിയരെ ധാരാളമായി കാണാം. ഇങ്ങനെ ഒരിക്കൽ ഘോരവനങ്ങളായിരുന്ന സ്ഥലങ്ങൾ ഇന്നു് ഡോളർ വിളഭൂമികളാക്കിയ കുടിയേറ്റക്കാരെ അഭിനന്ദിക്കാതെ തരമില്ല. കൊണ്ടും കൊടുത്തും, തട്ടിയും മുട്ടിയും, ക്ലേശങ്ങളുടെ നെല്ലിപ്പലകകൾ കണ്ടവരാണു് പ്രസ്തുത കുടിയേറ്റക്കാർ. മലബാർ യാത്ര ആഭിനന്ദ്യപ്രദമാണു് ഇന്നു്,

"പരിശ്രമം ചെയ്യുകിലെന്തിനേയും
വശത്തിലാക്കാൻ കഴിവുള്ളവണ്ണം,
ദീർഘങ്ങളാം കൈകളെ നൽകിയത്രേ-
മനുഷ്യരെ പ്പാരിലയച്ചതീശൻ"
(കെ. സി. കേശവപിള്ള)
—0—

പുതിയ ഏജൻറിന്മാരെ ആവശ്യമുണ്ട്

വളരെ പരിഷ്കരിച്ച രീതിയിൽ ഗിരിദീപം പുറപ്പെടുന്ന ഈ അവസരത്തിൽ, ഏജൻറിന്മാരില്ലാത്ത സ്ഥലങ്ങളിൽനിന്നു് പുതിയ ഏജൻറിന്മാരെ എട്ടക്കുന്നതാണു്. ഭക്തസംഘടനകൾക്കും സ്ഥാപനങ്ങൾക്കും പ്രത്യേകപരിഗണന ഉണ്ടായിരിക്കും.

★ ആകർഷകമായ കമ്മീഷൻ ★

ഒറ്റപ്രതി 18 നപ. വാഷ്കികവരിസംഖ്യ 2ക.

വാർഷികവരിസംഖ്യയുടെ മുന്നിലൊരു ഭാഗമെങ്കിലും മുൻകൂർ അടച്ചു് എഴുതുക.

മാനേജർ–ഗിരിദീപം
P. O. മാനന്തവാടി–വയനാട്ടു്.

പരസ്യക്കാക്കു് സുവർണ്ണാവസരം

കേരളത്തിനകത്തും പുറത്തും പ്രത്യേകിച്ചു് മലബാറിൽ ആയിരക്കണക്കിനു് കുടുംബങ്ങളിൽ എല്ലാ മാസവും ചെന്നുചേരുന്ന ഗിരിദീപത്തിൽ നിങ്ങളുടെ പരസ്യങ്ങൾ ചേർക്കുക വലിയൊരു നേട്ടമായിരിക്കും. ഏറ്റവും മിതമായ നിരക്കു്.

N. B:— പരസ്യങ്ങൾ ശേഖരിച്ചയക്കാൻ ഏജൻറിന്മാരെ ക്ഷണിച്ചുകൊള്ളുന്നു. നല്ല കമ്മീഷൻ

മാനേജർ-ഗിരിദീപം

ജാതിക്കാതൈകൾ

വില്പാനുണ്ടു്

ഏറ്റവുംകൂടുതൽ ആദായകരമായ നാണ്യവിളവു് എന്നു് പ്രസിദ്ധിനേടിയ 'ജാതിക്ക'യുടെ തൈകൾ കുറഞ്ഞവിലയ്ക്കു് എപ്പോഴും വില്പാനുണ്ടു്. ചുരുങ്ങിയ ചെലവിൽ കേരളത്തിൽ എല്ലാ സ്ഥലത്തും എത്തിച്ചുകൊടുക്കും.

ഭാരത് നേഴ്സറി,
കുമ്മനം P. O.
കോട്ടയം – 5

മാന്യ വരിക്കാരോടു്

ണ്ടു കൊല്ലമായിട്ടും വരിസംഖ്യ തരാത്തവർ ഉണ്ടു്. ദയവുചെയ്തു് ഉടനെ അയച്ചുതരണമെന്നഭ്യർത്ഥിക്കുന്നു. ജൂൺ 30–ാം നുക്കു മുമ്പു് വരിസംഖ്യ അടയ്ക്കാത്തപക്ഷം മറെറാരറിയിപ്പു കൂടാതെ മാസിക നിറുത്തുവാൻ ഞങ്ങൾ നിർബന്ധിതരായിരിക്കയാണു്.

മാനേജർ-ഗിരിദീപം.

12 വാഗ്ദാനങ്ങൾ

1. അവരുടെ അന്തസ്സിനു് വേണ്ടുന്ന സകല വരപ്രസാദങ്ങളും ഞാൻ പ്രദാനം ചെയ്യും.
2. അവരുടെ കുടുംബങ്ങളിൽ സമാധാനം നൽകും.
3. അവരുടെ സങ്കടങ്ങളിൽ അവരെ ഞാൻ ആശ്വസിപ്പിക്കും.
4. ജീവിതകാലത്തിലും പ്രത്യേകം അവരുടെ മരണസമയത്തിലും അവർക്കു ഞാൻ നിശ്ചയമായ സങ്കേതമാകും.
5. അവരുടെ സകല പ്രയത്നങ്ങളിലും ഞാൻ അനവധി അശീർവാദങ്ങൾ നൽകും.
6. പാപികൾ എന്റെ ഹൃദയത്തിൽ അനുഗ്രഹത്തിന്റെ അളവറ്റ ഉറവയും സമുദ്രവും കണ്ടെത്തും.
7. മന്ദതയുള്ള ആത്മാക്കൾ തീക്ഷ്ണതയുള്ളവരാകും.
8. തീക്ഷ്ണതയുള്ള ആത്മാക്കൾ ശ്രീത്വത്തിൽ വലിയ പുണ്യപദവിയിൽ എത്തും.
9. എന്റെ ദിവ്യഹൃദയസ്വരൂപം പരസ്യമായിവച്ചു വണങ്ങുന്ന ഭവനങ്ങളെ ഞാൻ അശീർവദിക്കും.
10. പാപികളുടെ ഏറ്റവും കഠിനമായ ഹൃദയങ്ങളെ ഇളക്കുന്നതിനുള്ള വരം വൈദികർക്കു ഞാൻ കൊടുക്കും.
11. ഈ ഭക്തി പരത്തുന്നവരുടെ നാമം എന്റെ ഹൃദയത്തിൽ എഴുതപ്പെടും. അതിൽനിന്നു ഒരിക്കലും മായിക്കപ്പെടുകയില്ല.
12. ഒമ്പതു ആദ്യവെള്ളിയാഴ്ച തുടർച്ചയായി വിശുദ്ധ കുർബ്ബാന കൈക്കൊള്ളുന്നവർക്കു് ഒടുക്കംവരെയും ഉള്ള നിലനില്പു് നല്കും. എന്റെ വരപ്രസാദം കൂടാതെയോ കൂദാശകൾ കൈക്കൊള്ളാതെയോ അവർ മരിക്കയില്ല. അവരുടെ മരണസമയത്തു് അവർക്കു് എന്റെ ദിവ്യഹൃദയം നിശ്ചയമുള്ള സങ്കേതമാകുമെന്നു് എന്റെ അനുഗ്രഹാധിക്യത്താൽ ഞാൻ വാഗ്ദാനം ചെയ്യുന്നു.

ഗിരിദീപം

1963 ജൂൺ

ഒരുപ്രതി .13 നപ. | വാർഷികവരിസംഖ്യ 1 രൂ. 50നപ.

വിഷയവിവരം

കുട്ടികളോടും കാരണവന്മാരോടും	...	3
പത്രാധിപക്കുറിപ്പുകൾ	...	4
കുട്ടികൾക്കു് വന്ദ്യപിതാവിന്റെ കത്തു്	...	5
കൊള്ളക്കാരി (ജി. സി. ടീലാർ)	...	7
ആ കല്യാണം നടന്ന (കുരുവിള മൂലയിൽ B. Sc. B. T.)	...	10
എന്താണൊരമ്മയുടെ പ്രാർത്ഥന (ഏലിയാമ്മ ജോർജ്ജു് വലിയതാഴത്തു്)	...	11
ചാപല്യമേ നിന്റെ പേർ സ്ത്രീ എന്നല്ല പുരുഷൻ എന്നാണു് (തോമസ്സു് മലങ്കര)	...	12
ലൂവയിൻ സർവകലാശാല (അന്നക്കുട്ടി നരിക്കുഴി)	...	14
മംഗളം നേരുന്നു ഞാൻ (കവിത) (പി. ജെ. തോമസ്സു് തിരുവാമ്പാടി)	...	16
അദ്ധ്യാപകൻ (ചെറുകഥ) (ജോസഫ് കെ. അമ്പായത്തോട്ടു്)	...	17
ഇരിട്ടിയുടെ പ്രകാശം—എടർ (വറുഗീസു്)	...	19
സമ്പൂർണ്ണ ബൈബിൾ മലയാളത്തിൽ (ജി. സി. വാഴൂർ)	...	23
എന്റെ മലബാർ യാത്ര (ജെ. മൂലേക്കുടി, വാഴക്കുളം)	...	24

Phone: 245

എൻ. സദാനന്ദ പൈ & കമ്പനി

★ HARDWARE & PAINT MERCHANTS ★

തലശ്ശേരി

ഞങ്ങളുടെവശം എട്ടപ്പു് നിർമ്മാണങ്ങൾക്കാവശ്യമുള്ള എല്ലാത്തരം ഇരുമ്പു്, ഉരുക്കു് സാമാനങ്ങളും വളരെ ആദായത്തിൽ വില്പാനുണ്ടു്.

—വിജാവരി, സ്ക്രൂ, നട്ടു്, ബോൾട്ടു്, എല്ലാത്തരം പെയിൻറു്, വാർണിഷു് ആസ്"ബെസ്റ്റോസു് പലക, പൈപ്പു്, G. I. പൈപ്പു് മുതലായവയും—പാത്രങ്ങൾ നിർമ്മിക്കുവാനുള്ള ചെമ്പുപലകയും എപ്പോഴും സ്റ്റോക്കുണ്ടു്.

ഞങ്ങൾ ഗവണ്മെൻറിനാൽ ഇരുമ്പിനും ഉരുക്കിനും റജിസ്റ്റർ ചെയ്യപ്പെട്ട സ്റ്റോക്കിസ്റ്റുമാരുംകൂടിയാകുന്നു.

സ്കൂൾ സംബന്ധമായ

ഫാറങ്ങൾ, പുസ്തകങ്ങൾ, ചോദ്യക്കടലാസുകൾ എന്നിവയും

മറ്റ് എല്ലാവിധ അച്ചടി വേലകൾക്കും

സമീപിക്കുക

അമലാ പ്രിൻറിങ്ങ് വർക്ക്സ്

അമലാപുരി :: കോഴിക്കോട്-1

തയ്യാറായിരിക്കുന്നു

പുതിയ കുർബ്ബാനക്രമം (പരിഷ്കരിച്ച രണ്ടാംപതിപ്പ്)

നല്ല വെള്ളക്കടലാസ്—കൂടുതൽ പേജുകൾ—മനോഹരമായ പുറംചട്ട!!

ആകർഷകമായ കമ്മീഷൻ വില 18 നപ.

പുതിയ തക്സാ

പുതിയ തക്സാ പലതരത്തിൽ മനോഹരമായി ബയൻറുചെയ്തു

തയാറാക്കിയിട്ടുണ്ട്

ഉടനെ സമീപിക്കുക

മെത്രാസനമന്ദിരം
തലശ്ശേരി

അല്ലെങ്കിൽ

സെൻറ് ജോസഫ്സ് പ്രസ്സ്
മാനന്തവാടി P. O.
വയനാട്

Printed and Published by Fr. Narikuzhy at The St. Joseph's Press, Manantoddy P. O. Wynad, Kerala State for the Diocese of Tellicherry, Cum Permissu, Editor Very Rev. Fr. G. Kazhikachalil